07
ഒക്ടോബർ
ചൊവ്വ 2025
1201 കന്നി 21
Vol08 Issue No 04

കേരള പ്രണാമം

സത്യം വദ: ധർമ്മം ചര:

`7.50
പേജ് 06
www.keralapranamam.com
infokeralaprana-

തിരുവനന്തപുരം കൊല്ലം പത്തനംതിട്ട ആലപ്പുഴ കോട്ടയം ഇടുക്കി എറണാകുളം തൃശൂർ പാലക്കാട് മലപ്പുറം കോഴിക്കോട് വയനാട് കണ്ണൂർ കാസർഗോഡ്



വൈദ്യശാസ്ത്രത്തിനുള്ള നൊബേൽ മൂന്ന് പേർക്ക്

ന്യൂഡൽഹി : 2025ലെ വൈദ്യശാസ്ത്രത്തിനുള്ള നൊബേൽ സമ്മാനം പ്രഖ്യാപിച്ചു. പെരിഫറൽ ഇമ്മ്യൂൺ ടോളറൻസുമായി (**peripheral immune tolerance**) ബന്ധപ്പെട്ട കണ്ടെത്തലുകൾക്ക് മേരി ഇ. ബ്രാങ്കോ, ഫ്രെഡ് റാംസ്ഡെൽ, ഷിമോൺ സകാഗുച്ചി എന്നിവർക്കാണ് പുരസ്കാരം. ശരീരത്തെ ആക്രമിക്കുന്നത് തടയുന്ന രോഗപ്രതിരോധ സംവിധാനത്തിലെ റെഗുലേറ്ററി ടി കോശങ്ങളെയാണ് പുരസ്കാര ജേതാക്കൾ തിരിച്ചറിഞ്ഞത്. രോഗപ്രതിരോധ സംവിധാനം എങ്ങനെ പ്രവർത്തിക്കുന്നുവെന്നും, എന്തുകൊണ്ടാണ് നമുക്ക് ഗുരുതരമായ ഓട്ടോഇമ്മ്യൂൺ രോഗങ്ങൾ പെട്ടെന്ന് പിടിപെടാത്തതെന്നും മനസ്സിലാക്കുന്നതിന് അവരുടെ കണ്ടെത്തലുകൾ നിർണ്ണായകമാണ്, നൊബേൽ കമ്മിറ്റിയുടെ ചെയർമാൻ ഓലെ കാംപെ പറഞ്ഞു.

മാസപ്പടി കേസിൽ വിജിലൻസ് അന്വേഷണം അടഞ്ഞു, കോടതി രാഷ്ട്രീയ പോരാട്ട വേദിയല്ല: സുപ്രീം കോടതി

10 ലക്ഷം പിഴയിടുമെന്ന് കുഴൽനാടന് മുന്നറിയിപ്പ്

ന്യൂഡൽഹി: മാസപ്പടി ആരോപണത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ, മകൾ വീണാവിജയൻ തുടങ്ങിയവർക്കെതിരെ വിജിലൻസ് അന്വേഷണം വേണമെന്ന മാത്യു കുഴൽനാടൻ എം.എൽ.എയുടെ ആവശ്യം സുപ്രീംകോടതിയും തള്ളി. അഴിമതി നിരോധന നിയമം പ്രയോഗിച്ച് അന്വേഷിക്കണമെന്ന ഹർജി നേരത്തെ തിരുവനന്തപുരം വിജിലൻസ് കോടതിയും കേരള ഹൈക്കോടതിയും തള്ളിയിരുന്നു. കൂടുതൽ വാദമുഖങ്ങളിലേക്ക് കടക്കാൻ മാത്യു കുഴൽനാടന്റെ അഭിഭാഷകൻ ഗുരു കൃഷ്ണമൂർത്തിയെ ചീഫ് ജസ്റ്റിസ് ബി.ആർ. ഗവായ്, മലയാളി ജഡ്ജി കെ. വിനോദ് ചന്ദ്രൻ എന്നിവരടങ്ങിയ ബെഞ്ച് അനുവദിച്ചില്ല. കോടതിയെ രാഷ്ട്രീയ പോരാട്ടങ്ങൾക്കുള്ള വേദിയാക്കാൻ കഴിയില്ല. വോട്ടർമാരുടെ മുന്നിലാണ് പോരാടേണ്ടതെന്ന് പലവട്ടം പല ഹർജികളിൽ വ്യക്തമാക്കിയിട്ടുള്ളതാണെന്ന് ചീഫ് ജസ്ററിസ് പറഞ്ഞു. വീണ്ടും വാദിക്കാൻ ശ്രമിച്ചതോടെ 10 ലക്ഷം രൂപ പിഴയിടുമെന്ന് കോടതി മുന്നറിയിപ്പു നൽകി. പിണറായി വിജയനുവേണ്ടി മുതിർന്ന അഭിഭാഷകൻ കപിൽ സിബൽ ഹാജരായെങ്കിലും വാദം പറയേണ്ടി വന്നില്ല. അതിനകം തന്നെ മാത്യു കുഴൽനാടന്റെ വാദം കേട്ട് ഹർജി തള്ളുകയായിരുന്നു. അതേസമയം, 2018ലെ പ്രളയ രക്ഷാപ്രവർത്തനങ്ങളിൽ മാത്യു കുഴൽനാടൻ സജീവമായി രംഗത്തുണ്ടായിരുന്നുവെന്ന് ജസ്റ്റിസ് കെ. വിനോദ് ചന്ദ്രൻ പരാമർശിച്ചു. അതിശയോക്തികൾ കലർന്ന സമീപനം മാത്യു കുഴൽനാടന്റെ ഭാഗത്തു നിന്നുണ്ടാകുന്നുവെന്നും കൂട്ടിച്ചേർത്തു. ചില വസ്തുതകൾ നിഷേധിക്കാൻ കഴിയാത്തതാണെന്ന് മാത്യു കുഴൽനാടന്റെ അഭിഭാഷകൻ കോടതിയെ അറിയിച്ചു. എന്നാൽ, സംശയങ്ങളല്ലാതെ തെളിയിക്കപ്പെട്ട വസ്തുതകളില്ലെന്ന് പറഞ്ഞാണ് ഹർജി തള്ളിയത്. ഹൈക്കോടതി തെറ്റുവരുത്തിയെന്ന് അഭിഭാഷകൻ വാദിച്ചെങ്കിലും ഇടപെടാൻ സുപ്രീംകോടതി തയ്യാറായില്ല.

ചുമ മരുന്നുകളുടെ ഉപയോഗത്തിന് പ്രത്യേകം മാർഗരേഖ വരും

തിരുവനന്തപുരം: കുട്ടികളുടെ ചുമ മരുന്നുകളുടെ ഉപയോഗത്തിന് സംസ്ഥാന സർക്കാർ പ്രത്യേക മാർഗരേഖ പുറത്തിറക്കും. ഇക്കാര്യങ്ങൾ പഠിച്ച് അടിയന്തരമായി റിപ്പോർട്ട് സമർപ്പിക്കാൻ മൂന്നംഗ വിദഗ്ദ്ധ സമിതി രൂപീകരിച്ചു. സംസ്ഥാന ഡ്രഗ്സ് കൺട്രോളർ ഡോ.സുജിത് കുമാർ, ചൈൽഡ് ഹെൽത്ത് നോഡൽ ഓഫീസർ ഡോ.രാഹുൽ യു.ആർ, ഐ.എ.പി സംസ്ഥാന പ്രസിഡന്റ് ഡോ.ഐ.റിയാസ് എന്നിവരാണ് സമിതിയിലുള്ളത്. കോൾഡ്രിഫ് കഫ് സിറപ്പുമായി ബന്ധപ്പെട്ട സാഹചര്യം വിലയിരുത്താൻ മന്ത്രി വീണാജോർജ് ഉന്നതതലയോഗം വിളിച്ചു. സിറപ്പുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് കുട്ടികൾക്ക് ഒരു പ്രശ്നവും റിപ്പോർട്ട് ചെയ്തിട്ടില്ലെന്ന് ഡോക്ടർമാർ അറിയിച്ചു. ഇതുമായി ബന്ധപ്പെട്ട് കേസുകൾ ഉണ്ടോയെന്ന് പ്രത്യേകം പരിശോധിക്കാൻ നിർദ്ദേശം നൽകി. ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ നേതൃത്വത്തിൽ പരിശോധനകൾ പുരോഗമിക്കുകയാണ്. കോൾഡ്രിഫ് സിറപ്പിന്റെ എസ്.ആർ 13 ബാച്ചിൽ പ്രശ്നം കണ്ടെത്തിയെന്ന റിപ്പോർട്ടിനെ തുടർന്ന് സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പ് കേരളത്തിൽ വിൽപന നിറുത്തിവയ്പ്പിച്ചിട്ടുണ്ട്. തമിഴ്നാട് ഒറീസ, മദ്ധ്യപ്രദേശ്, പോണ്ടിച്ചേരി എന്നീ സംസ്ഥാനങ്ങളിലാണ് ആ ബാച്ച് മരുന്നുകൾ വിതരണം ചെയ്തത്. രാജസ്ഥാനിൽ മറ്റൊരു കമ്പനിയുടെ കഫ് സിറപ്പിലും പ്രശ്നമുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. ഈ ബാച്ചുകളുടെ മരുന്നിന്റെ വിൽപ്പന കേരളത്തിൽ നടത്തിയിട്ടില്ല. കേരളത്തിൽ എട്ടു വിതരണക്കാർ വഴിയാണ് കോൾഡ്രിഫ് വിൽപ്പന നടത്തുന്നത്. അതിന്റെ വിതരണവും വിൽപനയും അവസാനിപ്പിച്ചതായും മന്ത്രി വ്യക്തമാക്കി.

ശബരിമലസ്വർണപ്പാളിക്കേസിൽ പ്രത്യേക അന്വേഷണത്തിന് ഹൈക്കോടതി

എ.ഡി.ജി.പി വെങ്കിടേഷിന് അന്വേഷണ ചുമതല
ദ്വാരപാലകശില്പത്തിൽ കാണാതായത് 1.106 കിലോ സ്വർണം
വിജിലൻസ് റിപ്പോർട്ടിൽ ദേവസ്വം ബോർഡ് പ്രതിക്കൂട്ടിൽ

കൊച്ചി: ശബരിമല ദ്വാരപാലകശില്പങ്ങളിൽ പൊതിഞ്ഞിരുന്ന ഒന്നര കിലോ സ്വർണത്തിൽ ഒരു കിലോയിൽ കൂടുതൽ കാണാതായി എന്ന പരാമർശത്തോടെ ഹൈക്കോടതി പ്രഖ്യാപിച്ച പ്രത്യേക അന്വേഷണം സർക്കാരിനെയും തിരുവിതാംകൂർ ദേവസ്വം ബോർഡിനെയും ഒരുപോലെ പ്രതിരോധത്തിലാക്കി. സ്വർണം പൊതിഞ്ഞ ഒറിജിനൽ ദ്വാരപാലക ശില്പങ്ങൾ 2019ൽ സ്പോൺസർ വില്പന നടത്തിയോ എന്നുവരെ സംശയിക്കാമെന്ന് കോടതി തുറന്നടിക്കുകയും അക്കാര്യം അന്വേഷിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തത് സർക്കാരിനും ദേവസ്വംബോർഡിനും മാരക പ്രഹരമാണ്. ദേവസ്വം ചീഫ് വിജിലൻസ് ആൻഡ് സെക്യൂരിറ്റി ഓഫീസർ കഴിഞ്ഞ ദിവസം ഹൈക്കോടതിയിൽ മുദ്രവച്ച കവറിൽ സമർപ്പിച്ച റിപ്പോർട്ടിൽ അന്ന് ദേവസ്വം തലപ്പത്തിരുന്ന പലരുടെയും പേരെടുത്ത് പറഞ്ഞിട്ടുണ്ടെന്നാണ് സൂചന. ഇതേ തുടർന്നാണ് അധികൃതരുടെ പങ്ക് ഉൾപ്പെടെ സമഗ്രമായി അന്വേഷിക്കണമെന്ന് ജസ്റ്റിസ് വി. രാജ വിജയരാഘവൻ, ജസ്റ്റിസ് കെ.വി. ജയകുമാർ എന്നിവരുൾപ്പെട്ട ദേവസ്വംബെഞ്ച് ഉത്തരവിട്ടിരിക്കുന്നത്. ക്രമസമാധാന ചുമതലയുള്ള എ.ഡി.ജി.പി എച്ച്. വെങ്കിടേഷിനാണ് അന്വേഷണ മേൽനോട്ടം. തൃശൂർ പൊലീസ് അക്കാഡമി അസി. ഡയറക്ടറും എസ്.പിയുമായ എസ്. ശശിധരനാണ് അന്വേഷണ ഉദ്യോഗസ്ഥൻ. അനീഷ്. (സി.ഐ, വാകത്താനം സ്റ്റേഷൻ), ബിജു രാധാകൃഷ്ണൻ (സി.ഐ, കയ്പമംഗലം), സുനിൽകുമാർ (ഇൻസ്പെക്ടർ, സൈബർ സ്റ്റേഷൻ, തൈക്കാട്, തിരുവനന്തപുരം) എന്നിവരും സംഘത്തിലുണ്ട് മൂന്നു പതിറ്റാണ്ടിലെ നടപടികൾ പരിശോധിക്കാനും പൊലീസ് സ്റ്റേഷനുകളിൽ ലഭിക്കുന്ന പരാതികൾ പ്രത്യേക സംഘത്തിന് കൈമാറാനും നിർദ്ദേശിച്ചതോടെ അന്വേഷണം കോടതി വിപുലീകരിക്കുകയുംചെയ്തു. 2019ൽ ചെന്നൈയ്ക്ക് കൊണ്ടുപോയ അത്രയും സ്വർണം തിരിച്ചെത്തിയില്ലെന്ന് സംശയലേശമന്യേ പറയാമെന്ന് കോടതി വിലയിരുത്തി. പ്രാഥമികാന്വേഷണം നടത്തിയ ദേവസ്വം വിജിലൻസ് എസ്.പി സുനിൽകുമാർ തിങ്കളാഴ്ച മുദ്രവച്ച കവറിൽ നൽകിയ റിപ്പോർട്ടും നേരിട്ട് ഹാജരായി നൽകിയ വിശദീകരണവും കണക്കിലെടുത്താണ് സമഗ്ര അന്വേഷണത്തിന് ഉത്തരവിട്ടിരിക്കുന്നത്.

അന്വേഷണ വിവരങ്ങൾ രഹസ്യമായിരിക്കണം. ഒന്നര മാസത്തിനകം അന്വേഷണം പൂർത്തിയാക്കി റിപ്പോർട്ട് നൽകണം.വിജിലൻസിന്റെ അന്വേഷണം വെള്ളിയാഴ്ചയ്ക്കകം പൂർത്തിയാക്കണം. കണ്ടെത്തലുകൾ എസ്.ഐ.ടിക്ക് പ്രയോജനപ്പെടുത്താം.

ബാക്കി സ്വർണം എവിടെ?

1998-99ൽ ശ്രീകോവിലടക്കം സ്വർണം പൊതിഞ്ഞതിന്റെ തരംതിരിച്ചുള്ള വിവരങ്ങൾ സ്പോൺസറായ യുണൈറ്റഡ് ബ്രൂവറീസിന്റെ ഫിനാൻസ് മാനേജർ അയച്ച കത്തിൽ വ്യക്തമാണ്. ആകെ 30.3 കിലോ സ്വർണമാണ് അന്ന് ഉപയോഗിച്ചത്. ദ്വാരപാലക ശില്പങ്ങൾക്ക് 1.5 കിലോ വേണ്ടിവന്നു. 2019ൽ ചെന്നൈയിലെത്തിച്ച് സ്വർണം പൂശിയപ്പോൾ 394 ഗ്രാം മാത്രമാണ് ഉപയോഗിച്ചത്. കുറച്ച് സ്വർണം ബാക്കിയുണ്ടെന്നു കാണിച്ച് ഉണ്ണികൃഷ്ണൻ പോറ്റി 2019 ഡിസംബർ 9ന് അന്നത്തെ ദേവസ്വം പ്രസിഡന്റിന് കത്തയച്ചു. ബോർഡുമായി സഹകരിച്ച്, അർഹയായ ഒരു പെൺകുട്ടിയുടെ വിവാഹത്തിന് ഈ സ്വർണം ഉപയോഗിക്കുന്നതിൽ പോറ്റി അഭിപ്രായം തേടി. വിഷയത്തിൽ തിരുവാഭരണം കമ്മിഷണറുടെ മറുപടിക്കായി ദേവസ്വം സെക്രട്ടറി മറ്റൊരു കത്തയച്ചതായും കണ്ടെത്തി. ശേഷിക്കുന്ന സ്വർണം മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കാൻ പദ്ധതിയിട്ടെന്ന വിവരം ഞെട്ടിപ്പിക്കുന്നതാണെന്ന് കോടതി പറഞ്ഞു.

ചെമ്പാക്കിയത് തട്ടിപ്പ്

ദേവസ്വം മാന്വൽ അടക്കം ലംഘിച്ചുകൊണ്ടുള്ള നടപടികളാണ് അധികൃതരിൽ നിന്ന് ഉണ്ടായത്. ചെമ്പുപാളികളാണ് കൊടുത്തുവിട്ടതെന്ന് മഹസറിൽ അന്ന് ഉദ്യോഗസ്ഥർ തെറ്റായി രേഖപ്പെടുത്തിയത് ദുരുദ്ദേശ്യത്തോടെയാണ്. സ്വർണം പൂശാൻ ചുമതലപ്പെടുത്തിയ സ്മാർട്ട് ക്രിയേഷൻസ് 2024ൽ ദേവസ്വത്തിനയച്ച കത്തിൽ, ദ്വാരപാലക ശില്പങ്ങൾ പോറ്റിയുടെ പക്കൽ നേരിട്ട് കൊടുത്തുവിടാനാണ് പറയുന്നത്. ഇതും സംശയകരമാണ്. സ്ട്രോംഗ് റൂം ഇന്ന് തുറന്ന് പരിശോധിക്കും സ്വർണപ്പാളി വിവാദത്തിൽ അന്വേഷണം നടത്തുന്ന ദേവസ്വം വിജിലൻസ് സംഘം **ഇന്ന് ശബരിമല സ്ട്രോംഗ് റൂം തുറന്ന് പരിശോധിക്കും.** വിജിലൻസ് എസ്.പി ഡി. സുനിൽകുമാർ, ശബരിമല ദേവസ്വം കമ്മീഷണറുടെ സാന്നിദ്ധ്യത്തിലാണ് പരിശോധന നടത്തുന്നത്. സ്വർണപ്പാളി കടത്തുമായി ബന്ധപ്പെട്ട് ഉണ്ണികൃഷ്ണൻ പോറ്റി കൂടുതൽ വെളിപ്പെടുത്തൽ നടത്തിയതിന്റെ പശ്ചാത്തലത്തിലാണ് പരിശോധന. വസ്വം ബോർഡിനെ ഇപ്പോൾ പ്രതിക്കൂട്ടിലാക്കിയിരിക്കുന്നത്. ബോർഡിന്റെ ഇത്തരം വീഴ്ചകൾ ഉണ്ടാക്കിയ സംശയങ്ങളാണ് കേസിൽ അന്വേഷണം ആവശ്യമാണ് എന്ന തീരുമാനത്തിലേക്ക് കോടതിയെ എത്തിച്ചത്. 2019-ൽ ശബരിമലയിലെ സ്വർണം പൂശലുമായി ബന്ധപ്പെട്ട് ചുമതലയുണ്ടായിരുന്ന ഉദ്യോഗസ്ഥരെയെല്ലാം പ്രതിക്കൂട്ടിലാക്കുന്ന നടപടിയാണ് കോടതി ഇപ്പോൾ കൈക്കൊണ്ടിരിക്കുന്നത്. സ്വർണം കുറഞ്ഞതായി അറിയാമായിരുന്ന ഉദ്യോഗസ്ഥർ ആ വിവരം ബോധപൂർവം മറച്ചുവെച്ചു എന്നാണ് കോടതി സംശയിക്കുന്നത്.

ബീഹാർ തിരഞ്ഞെടുപ്പ് ചൂടിലേയ്ക്ക്

ബീഹാർ നിയമസഭാ തിരഞ്ഞെടുപ്പ് രണ്ട് ഘട്ടങ്ങളിൽ; നവംബർ 6നും 11നും

ന്യൂഡൽഹി: ബീഹാർ നിയമസഭാ തിരഞ്ഞെടുപ്പ് രണ്ട് ഘട്ടങ്ങളിലായി നടക്കുമെന്ന് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മിഷണർ ഗ്യാനേഷ് കുമാർ അറിയിച്ചു. ആദ്യ ഘട്ടം നവംബർ ആറിനും രണ്ടാം ഘട്ടം നവംബർ 11നും നടക്കും. വോട്ടെണ്ണൽ നവംബർ 14ന് നടക്കുമെന്നും അദ്ദേഹം വാർത്താസമ്മേളനത്തിൽ പ്രഖ്യാപിച്ചു. ബീഹാറിൽ ആകെ 7.43 കോടി വോട്ടർമാരാണുള്ളത്. ഇതിൽ 3.92 കോടി പുരുഷൻമാരും. 3.5 കോടി സ്ത്രീകളും14 ലക്ഷം പുതിയ വോട്ടർമാരുമാണ്. 90,712 പോളിംഗ് സ്റ്റേഷനുകളിൽ വോട്ടെടുപ്പ് നടക്കും. ഇതിൽ 1044 എണ്ണം സ്ത്രീകൾ കൈകാര്യം ചെയ്യുന്ന പോളിംഗ് സ്റ്റേഷനുകളായിരിക്കും. എല്ലായിടത്തും വെബ്കാസ്റ്റ് ഉണ്ടാകുമെന്ന് തിരഞ്ഞെടുപ്പ് കമ്മിഷണർ വാർത്താസമ്മേളനത്തിൽ അറിയിച്ചു. തിരഞ്ഞെടുപ്പ് കമ്മീഷണർമാരായ സുഖ്ബീർ സിംഗ് സന്ധു, വിവേക് ജോഷി എന്നിവരും വാർത്താസമ്മേളനത്തിൽ പങ്കെടുത്തു. 243 അംഗ സംസ്ഥാന നിയമസഭയുടെ കാലാവധി നവംബർ 22 ന് അവസാനിക്കും. കഴിഞ്ഞ തവണ മൂന്നു ഘട്ടമായിട്ടായിരുന്നു വോട്ടെടുപ്പ്. ബീഹാറിൽ 2025 ജൂൺ 24 ന് ആരംഭിച്ച വോട്ടർ പട്ടിക പരിഷ്കരണം അഥവാ സിസ്റ്റമാറ്റിക് ഐഡന്റിഫിക്കേഷൻ ആന്റ് റിവിഷൻ (എസ്.ഐ.ആർ) വിജയകരമായി പൂർത്തിയായതായി തിരഞ്ഞെടുപ്പ് കമ്മിഷണർ കഴിഞ്ഞ ദിവസം അറിയിച്ചിരുന്നു. അയോഗ്യരായവരെ പട്ടികയിൽ നിന്നും പുറത്താക്കി. ആധാർ പൗരത്വ രേഖയല്ലെന്നും അതുപയോഗിക്കുന്നത് തിരഞ്ഞെടുപ്പ് കമ്മിഷന്റെ നിയമങ്ങൾക്കും നിർദ്ദേശങ്ങൾക്കും അനുസരിച്ചാകുമെന്നും അദ്ദേഹം വ്യക്തമാക്കിയിരുന്നു.

ബിഹാറിൽ ബുർഖ ധരിച്ച് ബൂത്തിലെത്തുന്നവരെ അംഗൻവാടി ജീവനക്കാർ പരിശോധിക്കുമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ

ന്യൂഡൽഹി: നിയമസഭാ തിരഞ്ഞെടുപ്പിൽ ബുർഖ ധരിച്ചെത്തുന്ന വോട്ടർമാരെ തിരിച്ചറിയാൻ ബിഹാറിലെ എല്ലാ പോളിങ് ബൂത്തുകളിലും പ്രത്യേകം ജീവനക്കാരെ നിയോഗിക്കുമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാർ.

അംഗൻവാടി ജീവനക്കാരെയാണ് ഇതിനായി നിയോഗിക്കുക.

ബിഹാറിൽ സ്ത്രീകൾ പരമ്പരാഗതമായി ധരിച്ചുവരുന്ന ശിരോവസ്ത്രമണിഞ്ഞും ബുർഖ ധരിച്ചും എത്തുന്ന സ്ത്രീകളെക്കുറിച്ചുള്ള ചോദ്യത്തിന് മറുപടി പറയുകയായിരുന്നു അദ്ദേഹം. പോളിങ് ബൂത്തുകൾക്കുള്ളിൽ വോട്ടർമാരെ പരിശോധിക്കുന്നതിനായി തിരഞ്ഞെടുപ്പ് കമ്മീഷന് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ ഉണ്ടെന്നും അവ കർശനമായി പാലിക്കുമെന്നും ഗ്യാനേഷ് കുമാർ പറഞ്ഞു. 'ബുർഖ ധരിച്ച സ്ത്രീകളെ തിരിച്ചറിയുന്നതിനായി അംഗൻവാടി ജീവനക്കാരെ എല്ലാ പോളിങ് ബൂത്തുകളിലും വിന്യസിക്കും. ഒരു പോളിങ് സ്റ്റേഷനുള്ളിൽ എങ്ങനെയാണ് വ്യക്തിത്വം പരിശോധിക്കേണ്ടത് എന്ന കാര്യത്തിലുള്ള കമ്മീഷന്റെ മാർഗ്ഗനിർദ്ദേശങ്ങൾ വളരെ വ്യക്തമാണ്. അത് കർശനമായി പാലിക്കപ്പെടുകതന്നെ ചെയ്യും.' അദ്ദേഹം പറഞ്ഞു. ബൂത്തുകളിൽ ബുർഖ ധരിച്ചെത്തുന്ന സ്ത്രീകളുടെ മുഖം വോട്ടർ കാർഡുമായി ഒത്തുനോക്കുന്നുണ്ടെന്ന് ഉറപ്പാക്കണമെന്ന് ബിഹാർ ബിജെപി അധ്യക്ഷൻ ദിലീപ് ജയ്സ്വാൾ തിരഞ്ഞെടുപ്പ് കമ്മീഷനോട് ആവശ്യപ്പെട്ടിരുന്നു. കള്ളവോട്ട് ചെയ്യാനെത്തുന്നവർ ബുർഖ ധരിച്ചു വരുന്നുവെന്ന വ്യാപകമായ പരാതിയെ തുടർന്നാണ് മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണറുടെ നടപടി. ഇക്കുറി ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകളിലെ (ഇവിഎം) ബാലറ്റ് പേപ്പറുകളിൽ സ്ഥാനാർത്ഥിയുടെ കളർ ഫോട്ടോ പ്രദർശിപ്പിക്കും. 7.42 കോടിയിലധികം വോട്ടർമാർക്കായി ആകെ 90,712 പോളിംഗ് ബൂത്തുകൾ സജ്ജീകരിക്കും. ദിയാറ മേഖലയിലെ 250 പോളിങ് ബൂത്തുകളിൽ പോലീസ് പട്രോളിംഗിനായി കുതിരകളെ ഉപയോഗിക്കുമെന്നും 197 സ്റ്റേഷനുകളിലേക്ക് പട്രോളിംഗ് സംഘങ്ങൾ ബോട്ടുകളിൽ യാത്ര ചെയ്യുമെന്നും ഗ്യാനേഷ് കുമാർ പറഞ്ഞു. അതേസമയം, തീവ്ര വോട്ടർ പട്ടിക പരിശോധനയിലൂടെ നീ

ഇതൊന്നും എന്നെ ബാധിക്കില്ല ; സുപ്രീംകോടതിയിലുണ്ടായ ആക്രമണ ശ്രമത്തിൽ പ്രതികരിച്ച് ചീഫ് ജസ്റ്റിസ്

ന്യൂഡൽഹി: ഇന്നലെ രാവിലെ സുപ്രീംകോടതിയിൽ നാടകീയ സംഭവങ്ങളാണ് അരങ്ങേറിയത്. ചീഫ് ജസ്റ്റിസ് ബിആർ ഗവായിയെ അഭിഭാഷകനെന്ന് സംശയിക്കുന്ന ആൾ ആക്രമിക്കാൻ ശ്രമിച്ചിരുന്നു. ചീഫ് ജസ്റ്റിസിന്റെ നേതൃത്വത്തിലുള്ള ബെഞ്ചിന് മുമ്പാകെ അഭിഭാഷകർ കേസുകൾ ശ്രദ്ധയിൽപ്പെടുത്തുന്നതിനിടെയായിരുന്നു സംഭവം. ജഡ്ജിമാരുടെ ഡയസിനടുത്തെത്തി ഇയാൾ



ഷൂ ഊരി ചീഫ് ജസ്റ്റിസിനെ എറിയാൻ ശ്രമിച്ചുവെന്നാണ് വിവരം. എറിഞ്ഞ ഷൂ ലക്ഷ്യത്തിലെത്തിയില്ലെന്നും റിപ്പോർട്ടുണ്ട്. എന്നാൽ സുരക്ഷാ ഉദ്യോഗസ്ഥർ സമയോചിതമായി ഇടപെട്ട് അഭിഭാഷകനെ പുറത്തേക്ക് കൊണ്ടുപോയി. 'സനാതന ധർമ്മത്തോടുള്ള അനാദരവ് ഇന്ത്യ ഒരിക്കലും സഹിക്കില്ല' എന്ന് പുറത്തേക്ക് കൊണ്ടുപോകുമ്പോൾ ഇയാൾ വിളിച്ച് പറഞ്ഞിരുന്നതായി ദൃക്സാക്ഷികളായ അഭിഭാഷകരെ ഉദ്ധരിച്ച് ബാർ ആൻഡ് ബെഞ്ച് റിപ്പോർട്ട് ചെയ്യുന്നു. എന്നാൽ ഈ ആക്രമണ ശ്രമത്തിൽ പതറാതിരുന്ന ചീഫ് ജസ്റ്റിസ് ബി.ആർ.ഗവായ് അഭിഭാഷകരോട് വാദങ്ങൾ തുടരാൻ ആവശ്യപ്പെട്ടു. 'ഇതൊന്നും കണ്ട് ശ്രദ്ധ മാറരുത്. ഞങ്ങളുടെ ശ്രദ്ധ മാറിയിട്ടില്ല. ഇത്തരം കാര്യങ്ങൾ എന്നെ ബാധിക്കില്ല' ചീഫ് ജസ്റ്റിസ് പറഞ്ഞു. സുപ്രീം കോടതിയിലെ അഭിഭാഷകർക്കും ക്ലർക്കുമാർക്കും നൽകുന്ന ഒരു പ്രോക്സിമിറ്റി കാർഡ് ഷൂ എറിഞ്ഞയാളുടെ കൈവശമുണ്ടായിരുന്നതായി വിവരം ലഭിച്ചിട്ടുണ്ട്. കിഷോർ രാകേഷ് എന്ന പേരിലാണ് പ്രോക്സിമിറ്റി കാർഡിൽ പേര്. ചീഫ് ജസ്റ്റിസിനെ ലക്ഷ്യം വച്ചതിന് പിന്നിലെ ഉദ്ദേശ്യം സംബന്ധിച്ച് സുരക്ഷാ ഏജൻസികൾ അയാളെ ചോദ്യം ചെയ്തുവരികയാണ്. അതേസമയം ഖജുരാഹോയിലെ മഹാവിഷ്ണുവിന്റെ വിഗ്രഹം പുനഃസ്ഥാപിക്കുന്നത് സംബന്ധിച്ച ഒരു കേസിൽ ചീഫ് ജസ്റ്റിസ് ബി.ആർ.ഗവായ് നടത്തിയ പരാമർശങ്ങളാകാം ഈ സംഭവത്തിന് പ്രകോപനമായതെന്ന സൂചനകളും ലഭിച്ചിട്ടുണ്ട്. ആ കേസ് തള്ളിക്കൊണ്ട് ചീഫ് ജസ്റ്റിസ് നടത്തിയ പരാമർശം സാമൂഹിക മാധ്യമങ്ങളിൽ വലിയ കോളിളക്കം സൃഷ്ടിച്ചിരുന്നു. 'പോയി ദൈവത്തോട് തന്നെ എന്തെങ്കിലും ചെയ്യാൻ പറയൂ. നിങ്ങൾ മഹാവിഷ്ണുവിന്റെ ഉറച്ച ഭക്തനാണെന്ന് പറയുന്നുണ്ടല്ലോ. അതുകൊണ്ട് ഇപ്പോൾ പോയി പ്രാർത്ഥിക്കൂ. അതൊരു പുരാവസ്തു സ്ഥലമാണ്, വിഗ്രഹം പുനഃസ്ഥാപിക്കുന്നതിന് ആർക്കിയോളജിക്കൽ സർവേ ഓഫ് ഇന്ത്യയുടെ (എഎസ്ഐ) അനുമതിയും മറ്റും ആവശ്യമാണ്' ചീഫ് ജസ്റ്റിസ് പറയുകയുണ്ടായി. രണ്ട് ദിവസത്തിന് ശേഷം ചീഫ് ജസ്റ്റിസ് വിഷയത്തിൽ താൻ ആരെയും അപമാനിക്കാൻ ഉദ്ദേശിച്ചിട്ടില്ലെന്നും വ്യക്തമാക്കുകയുണ്ടായി. 'ഞാൻ എല്ലാ മതങ്ങളേയും ബഹുമാനിക്കുന്നു. വിവാദം സാമൂഹിക മാധ്യമങ്ങളിലാണ്' ഗവായ് പറഞ്ഞു. സുപ്രീംകോടതിക്കുള്ളിൽ വച്ച് ചീഫ് ജസ്റ്റിസ് ബി.ആർ. ഗവായിക്ക് നേരെ ഷൂസെറിയാൻ ശ്രമിച്ച അഭിഭാഷകനെ ചോദ്യം ചെയ്ത് വിട്ടയച്ചു. മൂന്നുമണിക്കൂർ ചോദ്യം ചെയ്തതിന് ശേഷമാണ് 71 വയസുള്ള രാകേഷ് കിഷോറിനെ വിട്ടയച്ചത്. അദ്ദേഹത്തിനെതിരെ കുറ്റം ചുമത്താൻ സുപ്രീംകോടതി രജിസ്ട്രാർ ജനറൽ വിസമ്മതിച്ചതിനെ തുടർന്നാണ് ഡൽഹി പൊലീസ് പോകാൻ അനുവദിച്ചത്. ചീഫ് ജസ്റ്റിസിന്റെ നിർദ്ദേശപ്രകാരമാണ് ഇതെന്നാണ് റിപ്പോർട്ട്. അതേസമയം അഭിഭാഷകൻ രാകേഷ് കിഷോറിനെ ബാർ കൗൺസിൽ ഓഫ് ഇന്ത്യ സസ്പെൻഡ് ചെയ്തു. രാകേഷ് കിഷോറിന്റെ പ്രവൃത്തി കടുത്ത അച്ചടക്ക ലംഘനമാണെന്ന് ബി.സി.ഐ ചെയർമാൻ മനാൻ കുമാർ മിശ്ര അഭിപ്രായപ്പെട്ടു. സുപ്രീംകോടതി ബാർ അസോസിയേഷനും സുപ്രീംകോടതി അഡ്വക്കേറ്റ്സ് ഓൺറെക്കോർഡ് അസോസിയേഷനും നടപടിയെഅപലപിച്ചു

'നിന്ദ്യമായ പ്രവൃത്തി, ഓരോ ഇന്ത്യക്കാരനേയും രോഷാകുലരാക്കി'; ചീഫ് ജസ്റ്റിസിനുനേരെയുള്ള ആക്രമണത്തിൽ പ്രധാനമന്ത്രി



ചീഫ് ജസ്റ്റിസ് ബി.ആർ. ഗവായ്ക്കുനേരെ സുപ്രീം കോടതിയിൽ ഉണ്ടായ ആക്രമണത്തിൽ അപലപിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. ചീഫ് ജസ്റ്റിസുമായി താൻ സംസാരിച്ചതായും പ്രധാനമന്ത്രി പറഞ്ഞു. ആക്രമണം ഓരോ ഇന്ത്യക്കാരനെയും രോഷാകുലരാക്കിയിരിക്കുന്നുവെന്ന് പറഞ്ഞ പ്രധാനമന്ത്രി ഇത്തരം നിന്ദ്യമായ പ്രവൃത്തികൾക്ക് നമ്മുടെ സമൂഹത്തിൽ സ്ഥാനമില്ലെന്നും വ്യക്തമാക്കി.

'എക്സി'ലൂടെയായിരുന്നു പ്രധാനമന്ത്രിയുടെ പ്രതികരണം. സംഭവസമയത്ത് ചീഫ് ജസ്റ്റിസ് ഗവായ് പ്രകടിപ്പിച്ച സംയമനത്തെ അഭിനന്ദിക്കുന്നതായും പ്രധാനമന്ത്രി അറിയിച്ചു. നീതിയുടെ മൂല്യങ്ങളോടും ഭരണഘടനയുടെ അന്തഃസത്തയെ ശക്തിപ്പെടുത്തുന്നതിലുമുള്ള പ്രതിബദ്ധതയാണ് ഇത് കാണിക്കുന്നതെന്നും പ്രധാനമന്ത്രി കുറിച്ചു.

തിങ്കളാഴ്ച രാവിലെ പതിനൊന്നരയോടെയാണ് ഒന്നാം നമ്പർ കോടതിയിലെ നടപടിക്രമങ്ങൾക്കിടെ, രാകേഷ് കിഷോർ എന്ന അഭിഭാഷകൻ ഷൂസ് ഊരി ചീഫ് ജസ്റ്റിസ് ഗവായിക്ക് നേരെ എറിഞ്ഞത്. എന്നാൽ, ഷൂ ലക്ഷ്യത്തിലെത്തിയിരുന്നില്ല. സുരക്ഷാ ഉദ്യോഗസ്ഥർ ഉടനടി ഇയാളെ കസ്റ്റഡിയിലെടുത്തു. സനാതന ധർമ്മത്തോടുള്ള അനാദരവ് ഇന്ത്യ പൊറുക്കില്ല എന്ന് വിളിച്ച് പറഞ്ഞുകൊണ്ടായിരുന്നു ഇയാളുടെ ആക്രണം. ഇങ്ങനെ എഴുതിയ കുറിപ്പും ഇയാളിൽനിന്ന് പോലീസ് കണ്ടെടുത്തിരുന്നു. ചീഫ് ജസ്റ്റിസിനുനേരെയുള്ള ആക്രമണത്തിൽ വ്യാപക പ്രതിഷേധമാണ് ഉയരുന്നത്.

'ഇന്ത്യയുടെ ചീഫ് ജസ്റ്റിസിനെതിരായ ആക്രമണം നമ്മുടെ നീതിന്യായ വ്യവസ്ഥയുടെ അന്തസ്സിനും ഭരണഘടനയുടെ ആത്മാവിനും നേരെയുള്ള ആക്രമണമാണ്' എന്ന് ലോക്സഭ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി പറഞ്ഞു. അത്തരം വിദ്വേഷത്തിന് നമ്മുടെ രാജ്യത്ത് സ്ഥാനമില്ലെന്നും അത് അപലപിക്കപ്പെടേണ്ടതാണെന്നും രാഹുൽ ചൂണ്ടിക്കാട്ടി. മുഖ്യമന്ത്രി പിണറായി വിജയനടക്കമുള്ളവരും വിഷയത്തിൽ പ്രതികരണം നടത്തിയിട്ടുണ്ട്. ചീഫ് ജസ്റ്റിസിന് നേരെ ചീറ്റിയത് സംഘപരിവാർ നട്ടുവളർത്തിയ വിദ്വേഷത്തിന്റെ വിഷമെന്നായിരുന്നു മുഖ്യമന്ത്രിയുടെ പ്രതികരണം.

കേരള പ്രണാമം
സത്യം വദഃ ധർമ്മം ചരഃ
editorialkeralapranamam@gmail.com

സത്യം വദഃ ധർമ്മം ചരഃ

നേർ

“ഈശ്വരനെ നമുക്ക് ഭയവും വിശ്വാസമുണ്ടെങ്കിൽ നാം മറ്റൊന്നും ഭയപ്പെടേണ്ടതില്ല്” മഹാത്മാ ഗാന്ധി

വാങ് ചുക്കിനെ എന്തിന് തടവിലാക്കി; കാരണം ചോദിച്ച് സുപ്രീം കോടതി കേന്ദ്രത്തിന് നോട്ടീസയച്ച് സുപ്രീം കോടതി

സോനം വാങ്ചുക്കിനെ മോചിപ്പിക്കണമെന്ന ഹർജിയിൽ ലഡാക്ക് ഭരണകൂടത്തിനും കേന്ദ്ര സർക്കാരിനും നോട്ടീസ് അയച്ച് സുപ്രീം കോടതി.

ലഡാക്കിൽ അടുത്തിടെയുണ്ടായ ഏറ്റുമുട്ടലുകളെത്തുടർന്നാണ് സാമൂഹ്യ പ്രവർത്തകനും വിദ്യാഭ്യാസ പരിഷ്കർത്താവുമായ സോനം വാങ്ചുക്കിനെ 1980-ലെ ദേശീയ സുരക്ഷാ നിയമപ്രകാരമാണ് തടങ്കലിൽ വെച്ചത്. ഈ നീക്കം ചോദ്യം ചെയ്തുകൊണ്ട് അദ്ദേഹത്തിന്റെ ഭാര്യ ഗീതാഞ്ജലി ആങ്മോ സമർപ്പിച്ച റിട്ട് ഹർജിയിലാണ് സുപ്രീം കോടതി ഇന്നലെ കേന്ദ്ര സർക്കാരിന് നോട്ടീസ് അയച്ചത്.

ജസ്റ്റിസ് അരവിന്ദ് കുമാർ, ജസ്റ്റിസ് എൻ.വി. അഞ്ജാരിയ എന്നിവരടങ്ങിയ ബെഞ്ച്, ഈ വിഷയം അടുത്ത ചൊവ്വാഴ്ച പരിഗണിക്കുമെന്ന് അറിയിച്ചു. അദ്ദേഹത്തെ വിട്ടയക്കണമെന്ന് ആവശ്യപ്പെട്ട് ആർട്ടിക്കിൾ 32 പ്രകാരം സമർപ്പിച്ച ഒരു ഹേബിയസ് കോർപ്പസ് ഹർജിയാണ് ഈ റിട്ട് പെറ്റീഷൻ. നിലവിൽ ജോധ്പൂർ ജയിലിലാണ് സോനം വാങ്ചുക്ക് കഴിയുന്നത്.

ഈ ഹർജി പ്രകാരം, അറസ്റ്റ് ചെയ്തതിന്റെ കാരണം തങ്ങൾക്കാർക്കും നൽകിയിട്ടില്ലാത്തതിനാൽ വാങ്ചുക്കിന്റെ തടങ്കൽ ആർട്ടിക്കിൾ 22 പ്രകാരം നിയമവിരുദ്ധമാണ് എന്ന് ആങ്മോ ഹർജിയിൽ വ്യക്തമാക്കിയിരുന്നു. കേന്ദ്രസർക്കാർ, ലഡാക്ക് ഭരണകൂടം, ജോധ്പൂർ സെൻട്രൽ ജയിൽ സൂപ്രണ്ട് എന്നിവരാണ് ഹർജിയിലെ എതിർകക്ഷികൾ. ഹർജിക്കാരിക്ക് വേണ്ടി ഹാജരായ സീനിയർ അഭിഭാഷകൻ കപിൽ സിബൽ, തടങ്കലിന്റെ കാരണങ്ങൾ എന്താണെന്ന് വ്യക്തമാക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

സെപ്തംബർ 24ന് ലേയിൽ നടന്ന ആക്രമണത്തിന് നേതൃത്വം നൽകിയെന്ന് ആരോപിച്ചാണ് സെപ്തംബർ 26ന് വാങ്ചുക്കിനെ അറസ്റ്റ് ചെയ്തത്. വാങ്ചുക്കിനൊപ്പം ലേയിലെ പ്രാദേശിക ജയിലിൽ തടവിലാക്കപ്പെട്ട 56 പ്രതിഷേധക്കാരിൽ 26 പേരെ പിന്നീട് വിട്ടയച്ചിരുന്നു. ഇവർക്കെതിരെ ഗുരുതരമായ കുറ്റങ്ങൾ ചുമത്തിയിരുന്നില്ല. മുപ്പത് പേർ ഇപ്പോഴും ജയിലിൽ തന്നെയാണ്. വാങ്ചുക്കിനെതിരം ദേശീയ സുരക്ഷാ നിയമം ചുമത്തിയ നടപടിയും ചോദ്യം ചെയ്യപ്പെട്ടിട്ടുണ്ട്. തടങ്കൽ ഉത്തരവിന്റെ പകർപ്പ് ഇതുവരെ തനിക്ക് ലഭിച്ചിട്ടില്ലെന്നും ഇത് നിയമങ്ങളുടെ ലംഘനമാണെന്നും ആങ്മോ വ്യക്തമാക്കി.

ഇതിനിടെ ലഡാക്ക് വെടിവയ്പ്പിൽ അന്വേഷണം വേണമെന്ന് ആവശ്യപ്പെട്ട് ജോധ്പൂർ ജയിലിൽ നിന്ന് വാങ്ചുക്ക് രംഗത്തുവന്നിരുന്നു. ലഡാക്കിന് പൂർണ്ണ സംസ്ഥാന പദവി നൽകണമെന്നും ഇന്ത്യൻ ഭരണഘടനയുടെ ആറാം ഷെഡ്യൂളിൽ ഉൾപ്പെടുത്തണമന്നും ആവശ്യപ്പെട്ടാണ് ലെ അപെക്സ് ബോഡി, കാർഗിൽ ഡെമോക്രാറ്റിക് അലയൻസ് എന്നിവയുമായി ചേർന്ന് വാങ്ചുക്കിന്റെ നേതൃത്വത്തിൽ പ്രതിഷേധം നടന്നത്. ജമ്മു കശ്മീരിനെ വിഭജിച്ച് 2019ലാണ് മോദി സർക്കാർ ലഡാക്കിനെ കേന്ദ്രഭരണ പ്രദേശമാക്കിയത്. സംസ്ഥാന പദവി നൽകുക, ആറാം ഷെഡ്യൂളിൽ ഉൾപ്പെടുത്തുക എന്നിവ മുൻനിർത്തി വർഷങ്ങളായി തുടരുന്ന സമരത്തോടുള്ള കേന്ദ്ര അവഗണനയിൽ പ്രതിഷേധിച്ച് ലഡാക്ക് അപെക്സ് ബോഡിയുടെ നേതൃത്വത്തിൽ കഴിഞ്ഞ മാസം 10ന് ഒരു നിരാഹാര സമരം നടത്തിയിരുന്നു. ലേയിൽ നടന്ന പ്രതിഷേധങ്ങളിൽ നാലു പേർ കൊല്ലപ്പെട്ടിരുന്നു.

ലക്ഷ്യം നോബൽ തന്നെ : ഇത് ട്രംപിന്റെ ഗാസാ പ്ലാൻ

ലോക രാജ്യങ്ങളുടെ പ്രശ്നങ്ങളിൽ യു.എസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് ഇടപെടുന്നത് പുതിയ കാര്യമല്ല. ലക്ഷ്യം നോബൽ സമ്മാനമെന്ന കനിയാണെന്നതിനും തർക്കമില്ല. ഇന്ത്യയും പാകിസ്ഥാനും സമാധാനത്തിന്റെ ദൂതനായി അംഗീകരിച്ചാൽ ലഭിക്കുന്ന നോബൽ പ്രൈസിലായിരുന്നു ഇതിനു മുമ്പ് അദ്ദേഹം കണ്ണുനട്ടിരുന്നത്. ഗാസയിൽ ട്രംപ് നടത്തുന്ന നിരാശാജനകമായ ശ്രമവും മറ്റൊന്നിനല്ല. ഗാസ-ഇസ്രയേൽ സംഘർഷം തുടങ്ങിയിട്ട് നാളെ രണ്ടു വർഷം തികയാനിരിക്കെ, ഇന്ന് ഈജിപ്തിൽ നടക്കുന്ന സമാധാന ചർച്ചകൾ ലോകം ഉറ്റു നോക്കുകയാണ്. ഇന്ത്യ-പാക് വിഷയത്തിൽ വൈറ്റ്ഹൗസ് നോബൽ ആവശ്യപ്പെട്ടെങ്കിലും യുദ്ധം സമാധാനത്തിലെത്തിയതിൽ ട്രംപിന്റെ റോൾ ഇന്ത്യ പാടെ നിഷേധിച്ചിരുന്നു. താനുമായി സൗഹൃദം സ്ഥാപിക്കുന്നവർ തന്നെ പീസ്-മേക്കറായി അംഗീകരിക്കണമെന്നും നോബൽ സമ്മാനത്തിന് നിർദ്ദേശിക്കണമെന്നുമുള്ള പുതിയ മാനദണ്ഡം പാലിച്ചതിനാൽ, പാകിസ്ഥാനും ഇസ്രയേലും ട്രംപിന്റെ കണ്ണിലുണ്ണികളായി. ഒക്ടോബർ 10നാണ് നോബൽ കമ്മിറ്റിയുടെ യോഗം . ഇസ്രയേലും പാകിസ്ഥാനും ഉൾപ്പെടെയുള്ള രാജ്യങ്ങൾ ട്രംപിനെ ഇതിനായി നാമനിർദ്ദേശം ചെയ്തതിൽ അദ്ഭുതപ്പെടേണ്ടതില്ല. യുക്രെയിൻ യുദ്ധം പുകയുന്ന സാഹചര്യത്തിൽ ട്രംപിന് മറ്റൊരു ഉപാധി കണ്ടെത്തേണ്ടത് അനിവാര്യമായിരുന്നു.

ഖത്തറിലെ ഹമാസിനെതിരെയുള്ള ബോംബാക്രമണങ്ങൾ ട്രംപിനെയും ഇസ്രയേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹുവിനെയും പ്രതിരോധത്തിലാക്കി. ഖത്തറിൽ വലിയൊരു അമേരിക്കൻ സൈനിക സാന്നിദ്ധ്യമുള്ളതിനാൽ അവിടെയൊരു പൊട്ടിത്തെറി നടക്കുന്നത് അപകടരമാണെന്ന് ട്രംപിനറിയാം.

അതിനാൽ ഹമാസിന്റെ പക്കലുള്ള തടവുകാരെ ഇസ്രേയേലിന് തിരിച്ചു പിടിക്കേണ്ടതുണ്ട്. വെടിനിറുത്തലും ബന്ധികളാക്കിയവരെ തിരിച്ചുപിടിക്കുന്നതുമാണ് ഈ സാഹചര്യത്തിൽ ഇവരെ സംബന്ധിച്ച് സംഭവിക്കാവുന്ന ഏറ്റവും നല്ല കാര്യം. ട്രംപിന്റെയും നെതന്യാഹുവിന്റെയും മേലുള്ള സമ്മർദ്ദം ലഘൂകരിക്കാനും ഇത് സഹായിക്കും.

അതിനിടെ, ഗാസയിൽ നിന്ന് പാലസ്തീനികളെ പുറത്താക്കാൻ ആവശ്യമായ സമയവും ലഭിക്കും. പാലസ്തീൻ വിഷയത്തിന് ലോകശ്രദ്ധ നേടിക്കൊടുക്കുകയെന്ന പ്രധാനലക്ഷ്യം ഹമാസ് കൈവരിച്ചു കഴിഞ്ഞു. ഇനി മുതൽ അവരെ തീവ്രവാദികളെന്ന് മുദ്ര കുത്തുകയില്ലെന്ന് മാത്രമല്ല. ഔദ്യോഗികമായി നടക്കുന്ന ചർച്ചകളിൽ അവരും പങ്കാളികളാകും. വെടിനിറുത്തലിന് തീരുമാനമായാൽ ഗാസയിൽ അവരുടെ സാന്നിദ്ധ്യം ശക്തിപ്പെടും. ഖത്തറിലുണ്ടായ ആക്രമണത്തിന് ശേഷം അറബ് രാജ്യങ്ങൾ തമ്മിലും ഐക്യം രൂപപ്പെട്ട് തുടങ്ങിയിട്ടുണ്ട്. ഇതും ഹമാസിന് അനുകൂലമാണ്. അതിലൂടെ അവർക്കു കൂടുതൽ ആയുധങ്ങൾ ലഭിക്കാൻ സാദ്ധ്യതയുണ്ട്. ചുരുക്കിപ്പറഞ്ഞാൽ, എല്ലാ രാജ്യങ്ങൾക്കും കക്ഷികൾക്കും യുദ്ധം അവസാനിപ്പിക്കാൻ അനുയോജ്യമായ സാഹചര്യമാണിത്. എന്നാൽ കപ്പിനും ചുണ്ടിനുമിടയിൽ ഇനിയും പലതും സംഭവിച്ചേക്കാമെന്നും ഓർക്കണം.

പുതിയ മന്ത്രിസഭ പ്രഖ്യാപിച്ചതിനു പിന്നാലെ ഫ്രഞ്ച് പ്രധാനമന്ത്രിയുടെ രാജി

ഫ്രാൻസിന്റെ രാഷ്ട്രീയകാലവസ്ഥയെ കലുഷിതമാക്കി പ്രധാനമന്ത്രിയുടെ സെബാസ്റ്റ്യൻ ലെകോർണു രാജിവച്ചു. പ്രധാനമന്ത്രിയുടെ രാജി ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ മാക്രോൺ സ്വീകരിച്ചു.

മാക്രോണിന്റെ അടുത്ത അനുയായിരുന്ന ലെകോർണു പ്രധാനമന്ത്രി സ്ഥാനത്തെത്തി ഒരു മാസം തികയും മുന്നേയാണ് രാജിവയ്ക്കുന്നത്. തിങ്കളാഴ്ച്ച രാവിലെയാണ് പ്രധാനമന്ത്രി രാജി സമർപ്പിച്ചതെന്നാണ് പ്രസിഡന്റിന്റെ ഓഫീസ് അറിയിച്ചത്.

വലതുപക്ഷ സഖ്യം ലെകോർണു മന്ത്രിസഭയിൽ നിന്നും പിന്മാറുമെന്ന സൂചന വന്നതിനു പിന്നാലെയാണ് പ്രധാനമനന്ത്രിയുടെ രാജി. തന്റെ മന്ത്രിസഭയിലേക്കുള്ള അംഗങ്ങളെ പ്രഖ്യാപിച്ച് മണിക്കൂറുകൾ കഴിഞ്ഞപ്പോഴാണ് ലെകോർണുവിന്റെ രാജിയെന്നതും ശ്രദ്ധേയമാണ്.

മുൻ സർക്കാരുകളുടെ പോരായ്മകളിൽ നിന്നും നയങ്ങളിൽ നിന്നും മാറി പുതിയ സമീപനമായിരിക്കും തന്റെ മന്ത്രിസഭയുടെതെന്നായിരുന്നു ലെകോർണുവിന്റെ പ്രഖ്യാപനം. എന്നാൽ ഞായറാഴ്ച്ച രാത്രിയോടെ പ്രഖ്യാപിച്ച മന്ത്രിസഭയിൽ പഴയ മന്ത്രിമാരെ പലരെയും നിലനിർത്തിയിരുന്നു. രാജ്യത്ത് ഒരു വലിയ രാഷ്ട്രീയ പ്രതിസന്ധിയും അസ്ഥിരതകളും നിലനിൽക്കുന്ന സാഹചര്യത്തിൽ, ജനങ്ങളും പ്രതിപക്ഷവും വലിയ മാറ്റങ്ങളും പുതിയ മുഖങ്ങളെയുമായിരുന്നു പുതിയ മന്ത്രിസഭയിൽ പ്രതീക്ഷിച്ചിരുന്നത്.

എന്നാൽ അദ്ദേഹം പ്രഖ്യാപിച്ച പുതിയ മന്ത്രിസഭയിൽ തന്റെ മുൻഗാമിയായിരുന്ന ഫ്രാൻസ്വാ ബെയ്റൂവിന്റെ കാബിനറ്റിൽ ഉണ്ടായിരുന്ന മന്ത്രിമാരെയും, പ്രസിഡന്റ് മാക്രോണിന്റെ അതിനും മുൻപുള്ള ഭരണകൂടങ്ങളിൽ ഉണ്ടായിരുന്ന മന്ത്രിമാരെയുമാണ് കൂടുതലായും ഉൾപ്പെടുത്തിയത്.

സെബാസ്റ്റ്യൻ ലെകോർണുവിനെ പ്രധാനമന്ത്രിയായി നിയോഗിച്ച് ഏകദേശം ഒരു മാസം എടുത്താണ് പുതിയ മന്ത്രിസഭ പ്രഖ്യാപിച്ചത് എന്നത് തന്നെ ഫ്രാൻസിലെ രാഷ്ട്രീയ സങ്കീർണതയുടെ ഉദ്ദാഹരണമാണ്. വിവിധ രാഷ്ട്രീയ പാർട്ടികളുടെ പിന്തുണ നേടുക എന്നതായിരുന്നു ലെകോർണുവിന് തന്റെ ഭരണം മുന്നോട്ടു കൊണ്ടു പോകാനുള്ള ഏകമാർഗം. മാക്രോണിന്റെ പാർട്ടിയുടെ അംഗബലം മാത്രം പോരായിരുന്നു. പാർലമെന്റിൽ ആർക്കും വ്യക്തിപരമായ ഭൂരിപക്ഷം ഇല്ലായിരുന്നു. എന്നാൽ മന്ത്രിസഭ രൂപകരിച്ചതോടെ അദ്ദേഹത്തിന് നേരിടേണ്ടി വന്നത് നിശിതമായ വിമർശനവും പ്രതിഷേധവുമായിരുന്നു. രാജിയല്ലാതെ പിന്നെ അദ്ദേഹത്തിന് മറ്റ് മാർഗങ്ങൾ ഇല്ലായിരുന്നു.

500 മില്യൺ ഡോളർ യുഎസ് നിക്ഷേപം, അപൂർവധാതുക്കൾ കയറ്റിയയച്ച് പാകിസ്താൻ; കരാറിൽ രാജ്യത്ത് പ്രതിഷേധം

ന്യൂഡൽഹി: യുഎസിലേക്ക് അപൂർവവും സുപ്രധാനവുമായ ധാതുക്കൾ കയറ്റുമതി ചെയ്ത് പാകിസ്താൻ. രൂക്ഷമായ സാമ്പത്തിക പ്രതിസന്ധി നേരിടുന്ന പാകിസ്താന്റെ ധാതുസമ്പത്ത് പര്യവേക്ഷണം ചെയ്യാനും ധാതുമേഖലയുടെ വികസനത്തിനുമായി ഒരു യുഎസ് കമ്പനിയുമായി സെപ്റ്റംബറിൽ ഒപ്പുവെച്ച കരാറിനെ തുടർന്നാണ് കയറ്റുമതി. യുഎസിലേക്കയച്ച സാമ്പിൾ കയറ്റുമതിയിൽ ആന്റിമണി, കോപ്പർ കോൺസൺട്രേറ്റ്, നിയോഡൈമിയം, പ്രസിയോഡൈമിയം തുടങ്ങിയ അപൂർവ ഭൗമ മൂലകങ്ങൾ ഉൾപ്പെടുന്നതായി ഡോൺ റിപ്പോർട്ട് ചെയ്തു.

പാകിസ്താനിൽ ധാതു സംസ്കരണത്തിനും വികസനത്തിനുമുള്ള സൗകര്യങ്ങൾ സ്ഥാപിക്കുന്നതിനായി ഏകദേശം 500 മില്യൺ ഡോളർ നിക്ഷേപിക്കാൻ യുഎസ് സ്ട്രാറ്റജിക് മെറ്റൽസ് (യുഎസ്എസ്എം) പാകിസ്താന്റെ സൈനിക എൻജിനീയറിങ് വിഭാഗമായ ഫ്രോണ്ടിയർ വർക്ക്സ് ഓർഗനൈസേഷനുമായി (എഫ്ഡബ്ല്യുഒ) സെപ്റ്റംബറിൽ ധാരണാപത്രം ഒപ്പുവച്ചിരുന്നു. പാകിസ്താനിൽ നിന്നുള്ള ആദ്യ ധാതുകയറ്റുമതിയെ പാകിസ്താനും യുഎസും തമ്മിലുള്ള തന്ത്രപരമായ പങ്കാളിത്തത്തിലെ 'സുപ്രധാന നാഴികക്കല്ല്' എന്നാണ് യുഎസ്എസ്എം വിശേഷിപ്പിച്ചത്.

ധാതുക്കളുടെ പര്യവേക്ഷണം, സംസ്കരണം, ശുദ്ധീകരണ സൗകര്യങ്ങളുടെ വികസനം തുടങ്ങി ധാതു മൂല്യശൃംഖലയിൽ ഇരുരാജ്യങ്ങളും തമ്മിലുള്ള സഹകരണത്തിനുള്ള സമഗ്രമായ പദ്ധതിയാണിതെന്നും യുഎസ്എസ്എം കൂട്ടിച്ചേർത്തു. സുപ്രധാന ധാതുക്കളുടെ ഉത്പാദനവും പുനരുപയോഗവുമാണ് മിസോറി ആസ്ഥാനമായുള്ള യുഎസ്എസ്എമ്മിന്റെ പ്രവർത്തനങ്ങൾ.

ഡോണിന്റെ റിപ്പോർട്ട് അനുസരിച്ച്, പാകിസ്താന്റെ ധാതുസമ്പത്ത് ഏകദേശം 6 ട്രില്യൺ ഡോളറാണ്. ലോകത്തിലെ ഏറ്റവും ധാതുസമൃദ്ധമായ രാജ്യങ്ങളിലൊന്നാണ് പാകിസ്താൻ എന്നാണ് കരുതപ്പെടുന്നത്. എന്നാൽ നിരവധി ബഹുരാഷ്ട്ര കമ്പനികൾ പാകിസ്താനിൽ ധാതു പര്യവേക്ഷണത്തിനെത്തുകയും പ്രതീക്ഷിച്ച ശേഖരം ലഭിക്കാതെ മടങ്ങുകയും ചെയ്ത ചരിത്രവുമുണ്ട്.

യുഎസുമായുള്ള കരാറും കയറ്റുമതിയും പാകിസ്താനിൽ പ്രതിഷേധത്തിന് കാരണമായിട്ടുണ്ട്. യുഎസുമായും അമേരിക്കൻ കമ്പനികളുമായുമുള്ള കരാറുകളുടെ പൂർണ്ണ വിവരങ്ങൾ പരസ്യപ്പെടുത്തണമെന്ന് മുൻ പ്രധാനമന്ത്രി ഇമ്രാൻ ഖാന്റെ നേതൃത്വത്തിലുള്ള പാകിസ്താൻ തെഹ്‌രീകെ ഇൻസാഫ് (പിടിഐ) പാക് ഭരണകൂടത്തോട് ആവശ്യപ്പെട്ടു. യുഎസുമായി നടത്തിയ 'രഹസ്യ ഇടപാടുകളുടെ' വിശദാംശങ്ങൾ വെളിപ്പെടുത്തണമെന്ന് പിടിഐ ഇൻഫർമേഷൻ സെക്രട്ടറി ഷെയ്ഖ് വഖാസ് അക്രം സർക്കാരിനോട് ആവശ്യപ്പെട്ടു.

സൂപ്പർബഗിനെതിരെ പോരാടാൻ ഇന്ത്യയുടെ ആന്റിബയോട്ടിക്; 'സെയ് നിച്ച്' വികസിപ്പിച്ചു, പ്രതീക്ഷയോടെ ആരോഗ്യരംഗം

വൊക്കാഡ് ഗ്രാം-നെഗറ്റീവ് ബാക്ടീരിയകൾക്കെതിരെ ഫലപ്രദമായി പ്രവർത്തിക്കുന്ന 'സെയ്നിച്ച്' എന്ന പുതിയ ആന്റിബയോട്ടിക് വികസിപ്പിച്ചു. നിലവിലെ മരുന്നുകളോട് പ്രതികരിക്കാത്ത അണുബാധകളുടെ എണ്ണം വർധിക്കുന്ന ആന്റിമൈക്രോബിയൽ റെസിസ്റ്റൻസ് (AMR) എന്ന ഗുരുതരമായ പ്രശ്നം ലോകം നേരിടുന്നതിനിടെയാണ് ഈ കണ്ടെത്തൽ. ഏകദേശം 30 വർഷങ്ങൾക്ക് ശേഷം ഇന്ത്യയിൽ നിന്നുള്ള ആദ്യ പ്രധാന ആന്റിബയോട്ടിക് മുന്നേറ്റമായാണ് സെയ്നിച്ചിനെ വിലയിരുത്തുന്നത്. ഇന്ത്യയിലും ആഗോളതലത്തിലും ബാക്ടീരിയ അണുബാധകൾ നിയന്ത്രിക്കാൻ ഇതിന് വലിയ പങ്ക് വഹിക്കാനാകും.

എന്താണ് സെയ്നിച്ച്?

Cefepime, Zidebactam എന്നീ രണ്ട് മരുന്നുകൾ സംയോജിപ്പിച്ച് ഉണ്ടാക്കിയ ഒരു പുതിയ ആന്റിബയോട്ടിക്കാണ് സെയ്നിച്ച്. Cefepime ബാക്ടീരിയകളുടെ സെൽവാൾ തകർത്ത് അവയെ നശിപ്പിക്കുന്നു. ചില ബാക്ടീരിയകൾ മരുന്നിനെ നശിപ്പിക്കുന്ന ബീറ്റാ-ലാക്ടമേസ് എന്ന പ്രത്യേക എൻസൈമുകൾ ഉത്പാദിപ്പിച്ച് അവയെ പ്രതിരോധിക്കും. ഈ ഘട്ടത്തിൽ Zidebactam ആ എൻസൈമുകളെ തടയുകയും മരുന്നിന് മികച്ച രീതിയിൽ പ്രവർത്തിക്കാൻ സഹായിക്കുകയും ചെയ്യുന്നു. അതിനാൽ, മറ്റ് മരുന്നുകൾ പരാജയപ്പെടുന്ന സാഹചര്യങ്ങളിൽ പോലും ബാക്ടീരിയകളെ ചെറുക്കാൻ കഴിവുള്ള ശക്തമായ ഒരു ആന്റിബയോട്ടിക്കായി ഇത് മാറുന്നു. നിലവിലുള്ള പല ആന്റിബയോട്ടിക്കുകളേക്കാളും ഏകദേശം 20% മികച്ച രീതിയിൽ സെയ്നിച്ച് പ്രവർത്തിക്കുന്നുവെന്നാണ് റിപ്പോർട്ടുകൾ.

എന്താണ് പ്രാധാന്യം?

ആഗോള ആരോഗ്യരംഗം നേരിടുന്ന ഏറ്റവും വലിയ ഭീഷണികളിൽ ഒന്നാണ് ആന്റിബയോട്ടിക് പ്രതിരോധം. ഏറ്റവും ശക്തമായ ആന്റിബയോട്ടിക്കുകളോട് പോലും പ്രതികരിക്കാത്ത 'സൂപ്പർബഗ്ഗുകൾ' എന്ന ബാക്ടീരിയകളുണ്ട്. ഈ അണുബാധകൾ ആശുപത്രിവാസം നീണ്ടുപോകുന്നതിനും, ചികിത്സാച്ചെലവ് കൂടുന്നതിനും, കൂടുതൽ മരണങ്ങൾക്കും കാരണമാകുന്നു.

ഇന്ത്യയെ സംബന്ധിച്ച് ആന്റിബയോട്ടിക്കുകളുടെ അമിത ഉപയോഗവും ദുരുപയോഗവും, ഉയർന്ന ജനസംഖ്യ, നിരവധി പകർച്ചവ്യാധികൾ എന്നിവ കാരണം ഈ പ്രശ്നംവരൂക്ഷമാണ്.

മുന്നിലുള്ള വെല്ലുവിളികൾ

- സുരക്ഷയും ഫലപ്രാപ്തിയും തെളിയിക്കാൻ ക്ലിനിക്കൽ ട്രയലുകൾ പാസാകണം.
- ഐസിഎംആർ പോലുള്ള മെഡിക്കൽ അധികാരികളിൽ നിന്ന് അംഗീകാരം നേടണം.
- വില താങ്ങാനാവുന്നതും വലിയ അളവിൽ ഉത്പാദിപ്പിക്കാൻ എളുപ്പമുള്ളതുമായിരിക്കണം.
- കാലക്രമേണ ബാക്ടീരിയകൾ വീണ്ടും പ്രതിരോധശേഷി നേടാനുള്ള സാധ്യതയുണ്ട്.
- ദുരുപയോഗം തടയാൻ നിരന്തരമായ നിരീക്ഷണവും ശ്രദ്ധയോടെയുള്ള ഉപയോഗവും ആവശ്യമാണ്.
- റെഗുലേറ്ററി അനുമതി നേടുകയും ആൻറിബയോട്ടിക് ഉപയോഗത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുകയും വേണം

ദേവസ്വം ബോർഡിന് ഇപ്പഴാണ് ഡിജിറ്റൽ ബോധം വന്നത്

ക്ഷേത്രങ്ങളുടെ സ്വത്തുക്കൾ രേഖപ്പെടുത്തി സൂക്ഷിക്കുന്നതിൽ കാലോചിതമായ പരിഷ്കാരങ്ങൾ വരുത്തേണ്ടത് ആവശ്യമാണ്. ക്ഷേത്രങ്ങളിൽ ലഭിക്കുന്ന സ്വർണം ഉൾപ്പെടെ വിലപിടിപ്പുള്ള വസ്തുക്കൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സ്ട്രോംഗ് റൂമിലേക്ക് മാറ്റുന്ന രീതിയാണ് പൊതുവെ നിലനിൽക്കുന്നത്. രജിസ്റ്ററിൽ നോക്കിയാൽ സ്ട്രോംഗ് റൂമിൽ എന്തെല്ലാം ഉണ്ടെന്ന് അറിയാനാകുമെങ്കിലും, അത് അവിടെത്തന്നെ ഉണ്ടോ എന്നറിയണമെങ്കിൽ എല്ലാം വിശദമായി പരിശോധിക്കേണ്ടിവരും. കൃത്യമായ ഇടവേളകളിൽ സ്ട്രോംഗ് റൂമിൽ സൂക്ഷിക്കുന്നവ ഓഡിറ്റിംഗിന് വിധേയമാക്കണമെന്ന് നിയമാവലിയിൽ ഉണ്ടെങ്കിലും ഭൂരിപക്ഷം ക്ഷേത്രങ്ങളിലും ഇതൊന്നും നടക്കാറില്ല. ഇന്ന്ശബരിമല സ്ട്രോംഗ് റൂം തുറന്ന് പരിശോധിയ്ക്കുകയാണ് സ്വർണപ്പാളി വിവാദത്തെത്തുടർന്ന്, ശബരിമല ക്ഷേത്രത്തിൽ ലഭിക്കുന്ന വിലപിടിപ്പുള്ള എല്ലാ വസ്തുക്കളും ഡിജിറ്റൽ രേഖകളാക്കി സൂക്ഷിക്കാൻ ദേവസ്വം ബോർഡ് തയ്യാറെടുക്കുന്നതായി കഴിഞ്ഞദിവസം വാർത്തകൾ വന്നു.

ശബരിമലയിൽ കാണിക്കയായും അല്ലാതെയും ലഭിക്കുന്ന സ്വർണം, വെള്ളി ആഭരണങ്ങൾ, പൂജാപാത്രങ്ങൾ, വിലപിടിപ്പുള്ള മറ്റു വസ്തുക്കൾ എന്നിവയുടെ മാറ്റും മൂല്യവും നിർണയിച്ച് അളന്ന് തിട്ടപ്പെടുത്തി രജിസ്റ്ററിൽ ഉൾക്കൊള്ളിച്ച് ദേവസ്വം സ്ട്രോംഗ് റൂമിലേക്കു മാറ്റുകയാണ് ചെയ്യുന്നത്. കൃത്യമായ ഇടവേളകളിൽ ഇവ ഓഡിറ്റിംഗിന് വിധേയമാക്കണമെന്ന് നിർദ്ദേശമുണ്ടെങ്കിലും കഴിഞ്ഞ മുപ്പത് വർഷത്തിലേറെയായി ദേവസ്വം ബോർഡ് ഓഡിറ്റിംഗ് നടത്തിയിട്ടില്ല. ഇക്കാര്യംകൊണ്ടു തന്നെ കാണിക്കയായി ലഭിച്ച വസ്തുക്കൾ സ്ട്രോംഗ് റൂമിൽ എല്ലാം അതേപടി ഉണ്ടെന്നതു സംബന്ധിച്ച് ഉറപ്പ് പറയാൻ ആർക്കും കഴിയില്ലെന്നതാണ് നിലവിലെ അവസ്ഥ. ദാരുശില്പ പീഠങ്ങൾ നഷ്ടപ്പെട്ട കാര്യം ആറുവർഷം കഴിഞ്ഞ് ഇപ്പോൾ ഹൈക്കോടതി നിർദ്ദേശപ്രകാരം അന്വേഷണം വന്നപ്പോഴാണ് ബോർഡിനുതന്നെ പിടികിട്ടിയത്!

കോടതി ഇടപെടലോടെ നിലവിലുള്ള സാധനങ്ങളുടെ ഓഡിറ്റിംഗ് നടത്താനും ഇനി ലഭിക്കുന്നവ ഫോട്ടോഗ്രാഫ് ഉൾപ്പെടെ എടുത്ത് ഡിജിറ്റൽ രേഖകളായി സൂക്ഷിക്കാനുമാണ് ദേവസ്വം ബോർഡ് ആലോചിക്കുന്നത്. ഇതുസംബന്ധിച്ച തീരുമാനം ദേവസ്വം ബോർഡ് ഇനിയും വൈകിക്കരുത്. അതുപോലെ തന്നെ, നടപടിക്രമങ്ങൾ കൃത്യമായി പാലിക്കാതെ ക്ഷേത്രത്തിന്റെ സ്വത്തുക്കൾ എന്തിനു വേണ്ടിയായാലും മറ്റൊരിടത്തേക്ക് മാറ്റാനും പാടില്ല. ഇത് ശബരിമലയ്ക്കു മാത്രമല്ല ബോർഡിനു കീഴിലുള്ള എല്ലാ ക്ഷേത്രങ്ങൾക്കും ബാധകമാക്കണം. സ്ട്രോംഗ് റൂമുകളിൽ സി.സി ടിവി ക്യാമറകൾ സ്ഥാപിച്ചിട്ടില്ലെങ്കിൽ അത് സ്ഥാപിക്കാനും എല്ലാ ക്ഷേത്രങ്ങളിലും നടപടി ഉണ്ടാകണം. ഭക്തർ സമർപ്പിക്കുന്ന അമൂല്യവസ്തുക്കൾ ദേവനു മാത്രം അവകാശപ്പെട്ടതാണ്. അത് മനുഷ്യർ എടുത്തുകൊണ്ടു പോകാനുള്ള സാഹചര്യം ഉണ്ടാകരുത്. രേഖകൾ ഡിജിറ്റലാക്കുന്നത് ഉൾപ്പെടെ ആധുനിക കാലത്തെ എല്ലാ സുരക്ഷാമാർഗങ്ങളും നടപ്പാക്കാൻ ബോർഡ് തയ്യാറാകണം.

ഭാവിയിലെ തൊഴിലിടങ്ങളിൽ കോളേജ് ഡിഗ്രിക്ക് വലിയ പ്രാധാന്യമുണ്ടാകില്ല -ലിങ്ക്ഡ് ഇൻ സിഇഒ

നിർമിതബുദ്ധി അഥവാ ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ (എഐ) വളർച്ചയോടെ വലിയതോതിൽ മാറ്റങ്ങൾക്കാണ് തൊഴിൽ വിപണി വിധേയമായത്. എഐ തങ്ങളുടെ ജോലി നഷ്ടപ്പെടുത്തുമോ എന്ന ആശങ്കയിലാണ് നിരവധി പേർ കഴിയുന്നത്. അതേസമയം എഐ സാധ്യതയാണെന്നും തൊഴിൽ നഷ്ടപ്പെടുത്തുകയല്ല, കൂടുതൽ തൊഴിലുകൾ സൃഷ്ടിക്കുകയാണ് എഐ ചെയ്യുകയെന്നും വാദിക്കുന്നവരുമുണ്ട്.

ഈ സാഹചര്യത്തിൽ ഭാവിയിലെ തൊഴിലുകളെ സംബന്ധിച്ച് സംസാരിക്കുകയാണ് പ്രമുഖ പ്രൊഫഷണൽ സോഷ്യൽ മീഡിയാ പ്ലാറ്റ്ഫോമായ ലിങ്ക്ഡ്ഇന്നിന്റെ സിഇഒ റയാൻ റൊസ്ലാൻസ്കി. ഭാവിയിലെ തൊഴിലിടങ്ങളിൽ കോളേജ് ഡിഗ്രികൾക്ക് വലിയ പ്രാധാന്യമുണ്ടാകില്ല എന്നാണ് അദ്ദേഹം പറയുന്നത്. ലിങ്ക്ഡ്ഇന്നിന്റെ സാൻഫ്രാൻസിസ്കോയിലെ ഓഫീസിൽ അനൗപചാരികമായി സംസാരിക്കുകയായിരുന്നു റയാൻ. തൊഴിലുടമകൾ നിലവിൽ തന്നെ അക്കാദമിക് യോഗ്യതകളെക്കാൾ ഉപരി സാഹചര്യങ്ങളോട് ഒത്തുപോകാനും സാങ്കേതികവിദ്യയെ അനായാസമായി ഉപയോഗിക്കാനുമുള്ള കഴിവുകളിലാണ് ശ്രദ്ധ കേന്ദ്രീകരിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

'മനോഭാവത്തിലുള്ള മാറ്റമാണ് ഏറ്റവും ആവേശകരമായ കാര്യമെന്നാണ് ഞാൻ കരുതുന്നത്. തൊഴിലുകളുടെ ഭാവിയെന്നത് ഫാൻസി ഡിഗ്രികൾ ഉള്ളവർക്കോ മികച്ച കോളേജുകളിൽ പോയവർക്കോ ഉള്ളതല്ല, മറിച്ച് സാഹചര്യങ്ങളോട് ഒത്തുപോകാനും മുന്നോട്ട് ചിന്തിക്കാനും പഠിക്കാനും പുതിയ ടൂളുകളെ ഉൾക്കൊള്ളാനുമെല്ലാം തയ്യാറാകുന്നവർക്കുള്ളതാണ് എന്നാണ് ഞാൻ കരുതുന്നത്. ഇത് എല്ലാവർക്കും തുല്യമായ അവസരം നൽകുന്ന കളിക്കളം ഒരുക്കുന്നു' -ലിങ്ക്ഡ്ഇൻ സിഇഒ പറഞ്ഞു.

എഐ മനുഷ്യർക്ക് പകരമാകുമെന്ന് താൻ കരുതുന്നില്ല, മറിച്ച് എഐയെ ഉൾക്കൊള്ളുന്നവരാണ് അവർക്ക് പകരമാകുക എന്നാണ് താൻ വിശ്വസിക്കുന്നത് എന്നും റയാൻ പറഞ്ഞു. സഹാനുഭൂതി, ആശയവിനിമയം, ഒത്തുപോകാനുള്ള കഴിവ്, ഒരാളുമായി സംഭാഷണം നടത്താനുള്ള കഴിവ് തുടങ്ങിയ മനുഷ്യരുടെ കഴിവുകളെ മറക്കരുതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഹമാസിന്റെ തലപ്പത്ത് ഇപ്പോൾ ആര് ?



ഹമാസിനെ നിയന്ത്രിച്ചിരുന്ന ഉന്നത നേതാക്കളായ ഇസ്മയിൽ ഹനിയേ, യഹ്യാ സിൻവാർ, മുഹമ്മദ് ദെയ്ഫ്, മർവാൻ ഈസ, മുഹമ്മദ് സിൻവാർ തുടങ്ങിയവരെയെല്ലാം ഇസ്രയേൽ വധിച്ചു. എങ്കിൽ ആരാണ് ഇപ്പോൾ ഹമാസിന്റെ തലവൻ ?

ഇസ് അൽ-ദിൻ അൽ-ഹദദ് (അബു സുഹൈബ്) ആണ് നിലവിൽ ഗാസയുടെ ചുമതലയുള്ള ഹമാസ് നേതാവ്. ഹമാസിന്റെ സൈനിക വിഭാഗമായ അൽ-ഖാസം ബ്രിഗേഡിന്റെ കമാൻഡറാണ് ഇയാൾ. ആറ് തവണയെങ്കിലും ഇയാൾ ഇസ്രയേലിന്റെ വധശ്രമത്തെ അതിജീവിച്ചിട്ടുണ്ട്. ഇയാളെ പറ്റി വളരെ പരിമിതമായ അറിവേ പുറംലോകത്തിനുള്ളൂ.

അതേ സമയം, വെടിനിറുത്തൽ കരാർ അടക്കം ഹമാസിന്റെ നയങ്ങൾ തീരുമാനിക്കുന്നത് പൊളിറ്റിക്കൽ ബ്യൂറോ ആണ്. മുൻ മേധാവി യഹ്യാ സിൻവാർ കൊല്ലപ്പെട്ട ശേഷം ഹമാസിന്റെ സ്ഥിരം മേധാവിയെ (പൊളിറ്റിക്കൽ ബ്യൂറോ ചെയർമാൻ) തിരഞ്ഞെടുത്തിട്ടില്ല. ഖാലിൽ അൽ ഹയ്യ, ഖലീദ് മഷാൽ, സാഹർ ജബാരിൻ, മുഹമ്മദ് ഇസ്മയിൽ ദാർവിഷ് എന്നിവർ ഹമാസിന്റെ ആക്ടിംഗ് മേധാവിമാരായി പ്രവർത്തിക്കുന്നു.

ഇസ്രയേലിന്റെ വധഭീഷണി ഭയന്ന് ഇവർ നിലവിൽ ഖത്തറിലാണ്. ഖാലിൽ അൽ ഹയ്യ ആണ് ഇന്ന് ഈജിപ്റ്റിലെ ചർച്ചയിൽ ഹമാസ് സംഘത്തെ നയിക്കുന്നത്. ഹയ്യ ഇസ്രയേലിന്റെ ഹിറ്റ് ലിസ്റ്റിലെ പ്രധാനിയാണ്. ഇയാളെ ലക്ഷ്യമിട്ടാണ് കഴിഞ്ഞ മാസം ഖത്തറിലെ ഹമാസ് ആസ്ഥാനത്ത് ഇസ്രയേൽ വ്യോമാക്രമണം നടത്തിയത്. എന്നാൽ ഹയ്യയുടെ മകൻ ഹിമാം ഉൾപ്പെടെ 5 ഹമാസ് അംഗങ്ങളും ഖത്തർ സുരക്ഷാ സേനാംഗവുമാണ് കൊല്ലപ്പെട്ടത്.

ഹമാസ് മുൻ മേധാവിയായ ഖലീദ് മഷാലും ഇസ്രയേലിന്റെ നോട്ടപ്പുള്ളിയാണ്. 1996 - 2017 കാലയളവിൽ ഹമാസ് മേധാവിയായിരുന്ന മഷാൽ 1997ൽ ജോർദ്ദാനിൽ വച്ചുണ്ടായ ഇസ്രയേൽ വധശ്രമത്തെ അതിജീവിച്ചിരുന്നു.

കേരള പ്രണാമം

സോളാർ ചട്ടം: നേരിട്ടും തെളിവെടുപ്പ് നടത്തണം, നിരീക്ഷിക്കാൻ അമിക്കസ് ക്യൂറി

റെഗുലേറ്ററി കമ്മിഷന് തിരിച്ചടി

തിരുവനന്തപുരം: ബില്ലിംഗ് രീതിയിൽ മാറ്റം വരുത്തുന്നതുൾപ്പെടെ പുരപ്പുറ സോളാർ ചട്ടത്തിൽ ഉപഭോക്താക്കളിൽ നിന്ന് നേരിട്ട് തെളിവെടുപ്പ് നടത്താതെ ഓൺലൈനായി മാത്രം നടത്തിയ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മിഷന് സുപ്രീംകോടതിയിൽ തിരിച്ചടി. ഇതിനെതിരായ ഹൈക്കോടതി വിധി സ്റ്റേ ചെയ്യണമെന്ന കമ്മിഷന്റെ ആവശ്യം തള്ളി. തെളിവെടുപ്പ് നിരീക്ഷിക്കാൻ അമിക്കസ് ക്യൂറിയേയും നിയോഗിച്ചു. ഇതോടെ ബാറ്ററി സ്ഥാപിക്കുന്നതടക്കം പുരപ്പുറ സോളാർ ഉത്പാദകർക്ക് ഹാനികരമായ വ്യവസ്ഥകളടങ്ങിയ പുനരുപയോഗ ഊർജ ചട്ടം നടപ്പാക്കാൻ കമ്മിഷന് നേരിട്ട് തെളിവെടുപ്പ് നടത്തേണ്ടിവരും. ഈ മാസം മുതൽ ചട്ടം നടപ്പാക്കാനിരിക്കുകയായിരുന്നു കെഎസ്ഇബി കമ്മിഷൻ നടപടിക്കെതിരെ ഡൊമസ്റ്റിക് ഓൺഗ്രിഡ് സോളാർ പവർ പ്രൊസ്യൂമേഴ്സ് ഫോറം ഹൈക്കോടതിയെ സമീപിച്ച് അനുകൂല വിധി സമ്പാദിച്ചിരുന്നു. ഇതിനെതിരെയാണ് കമ്മിഷൻ സുപ്രീംകോടതിയെ സമീപിച്ചത്.

ഓൺലൈനാക്കിയത്
പ്രതിഷേധം ഭയന്ന്

ജൂണിൽ ആറു ദിവസങ്ങളിലായി ഓൺലൈനിലൂടെയാണ് റഗുലേറ്ററി കമ്മിഷൻ തെളിവെടുപ്പ് നടത്തിയത്. ഉപഭോക്താക്കളുടെ നേരിട്ടുള്ള പ്രതിഷേധം ഒഴിവാക്കാനായിരുന്നു ഇത്. ഓൺലൈൻ തെളിവെടുപ്പിൽ അഭിപ്രായം പറയാൻ വേണ്ടത്ര സമയം നൽകിയില്ലെന്നും ഉപഭോക്താക്കൾ പരാതിപ്പെട്ടിരുന്നു

ഭാഗ്യദേവത കടാക്ഷിച്ച 25 കോടി ശരത്തിന്

ആലപ്പുഴ: 25 കോടിയുടെ അവകാശിയെക്കുറിച്ചുള്ള ഊഹപ്രചാരണങ്ങൾ നിലച്ചു. സംസ്ഥാന ഭാഗ്യക്കുറിയുടെ ഓണം ബമ്പർ ശരത്തിന്. നെട്ടൂരിലെ പെയിന്റ് ഷോറൂമിൽ ഗോഡൗൺ ഇൻചാർജ്ജാണ് ശരത്. ആലപ്പുഴ ചേർത്തല തൈക്കാട്ടുശ്ശേരി നെടുംചിറ വീട്ടിൽ ശരത്തിന് പ്രായം 38. ജീവിതത്തിൽ ആദ്യമായാണ് ബമ്പർ ടിക്കറ്റെടുക്കുന്നത്. എറണാകുളം നെട്ടൂരിലെ ലോട്ടറി ഏജന്റ് എം.ടി. ലതീഷിൽ നിന്നെടുത്ത ടി എച്ച് 577825 എന്ന ടിക്കറ്റാണ് ഭാഗ്യം പ്രസാദിച്ചത്. ജോലിക്ക് പോകും വഴിയാണ് ടിക്കറ്റ് വാങ്ങിയത്. ഓണം ബമ്പർ നറുക്കെടുപ്പ് തീയതി മാറ്റി വച്ചത് അറിഞ്ഞതോടെയാണ് ടിക്കറ്റെടുക്കാൻ തീരുമാനിച്ചത്. വല്ലപ്പോഴും ചെറിയ തുകയുടെ ടിക്കറ്റുകൾ എടുക്കാറുണ്ടായിരുന്നു. നറുക്കെടുപ്പ് ദിവസം ജോലിക്കിടയിലാണ് ഫലം അറിഞ്ഞത്. ടിക്കറ്റിലെ നമ്പർ ഒത്തുനോക്കാൻ ഭാര്യ അപർണയോട് പറഞ്ഞു. സഹോദരൻ രഞ്ജിത്തിനോടും ഇക്കാര്യം പറഞ്ഞു. രണ്ടു ദിവസം ബാങ്ക് അവധിയായിരുന്നതിനാൽ ടിക്കറ്റ് വീട്ടിൽ സൂക്ഷിച്ചു. ഇന്നലെ രാവിലെ നെട്ടൂരിലെ പെയിന്റ് ഷോറൂമിൽ ജോലിക്കെത്തിയശേഷം അവധിയെടുത്ത് എസ്.ബി.ഐ തുറവൂർ ശാഖയിലെത്തി ടിക്കറ്റ് സമർപ്പിച്ചു. ബമ്പർ ഭാഗ്യശാലി താനാണെന്ന് ശരത് മാദ്ധ്യമങ്ങളെയും വിളിച്ചറിയിച്ചു. നെട്ടൂരിലെ ഏജന്റ് ലതീഷിന്റെ കൈയിൽ നിന്ന് ലോട്ടറി വാങ്ങിയ, നെട്ടൂർ സ്വദേശിനിക്കാണ് ഒന്നാം സമ്മാനമെന്നും ചന്തിരൂരിലെ ബാങ്കിൽ ലോട്ടറി ഹാജരാക്കുമെന്നും വാർത്ത പരന്നിരുന്നു. ഭാര്യ അപർണ, മകൻ ആഗ്നേയ് കൃഷ്ണ (6 മാസം) എന്നിവർക്കൊപ്പം കുടുംബ വീടിനോട് ചേർന്ന് മൂന്ന് വർഷം മുമ്പ് നിർമ്മിച്ച വീട്ടിലാണ് താമസം. പിതാവ് ശശിധരൻ നായർ, അമ്മ രാധാമണി, സഹോദരൻ രഞ്ജിത്ത് എസ്.നായർ എന്നിവർ കുടുംബ വീട്ടിലും. വീട് നിർമ്മിക്കാനെടുത്ത വായ്പ തിരിച്ചടയ്ക്കാനുണ്ട്. പിതാവ് ശശിധരന് 4 വർഷം മുമ്പ് പക്ഷാഘാതം വന്നതിന്റെ ചികിത്സനടക്കുന്നുണ്ട്. ശരത്തിന്റെയും ബേക്കറി നടത്തുന്ന സഹോദരന്റെയും വരുമാനത്തിലാണ് കുടുംബം കഴിഞ്ഞുപോരുന്നത്.

'മകൻ തന്ന ഭാഗ്യം'

എല്ലാം ഈശ്വരകടാക്ഷം. വിവാഹം കഴിഞ്ഞ് എട്ട് വർഷങ്ങൾക്കു ശേഷം പിറന്ന മകൻ ആഗ്നേയ് കൃഷ്ണന്റെ ഭാഗ്യമാണ് ബമ്പറെന്നും ശരത് പറഞ്ഞു. വീടുവയ്ക്കാനെടുത്ത വായ്പ തിരിച്ചടയ്ക്കണം. അച്ഛന് നല്ല ചികിത്സ നൽകണം. അതാണ് ശരത്തിന്റെ ആദ്യ പ്ളാൻ. പണം അക്കൗണ്ടിൽ വന്ന ശേഷം ബാക്കി പദ്ധതികൾ തീരുമാനിക്കും. ധൃതി പിടിച്ച് പദ്ധതികളൊന്നും ആസൂത്രണം ചെയ്യുന്നില്ല. പതിവ് പോലെ ജോലിക്ക് പോകുമെന്നും വല്ലപ്പോഴും ലോട്ടറി എടുക്കുമെന്നും ശരത് പറഞ്ഞു.

ചുമ മരുന്ന് ദുരന്തം: ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുത്ത് മധ്യപ്രദേശ് യു.പിയും സിറപ്പ് നിരോധിച്ചു ഡോക്ടറുടെ അറസ്റ്റിനെതിരെ ഐ.എം.എ

ന്യൂഡൽഹി: ചുമ മരുന്ന് കഴിച്ചതിനെ തുടർന്ന് കുട്ടികൾ മരിച്ച സംഭവത്തിൽ ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുത്ത് മദ്ധ്യപ്രദേശ് സർക്കാർ. സംസ്ഥാന ഫുഡ് ഡ്രഗ് അഡ്മിനിസ്ട്രേഷൻ ഡെപ്യൂട്ടി ഡയറക്ടർ ശോഭിത് കോസ്റ്റയെ സസ്പെൻഡ് ചെയ്തു. ചിന്ദ്വാര ഡ്രഗ് ഇൻസ്പെക്ടർ ഗൗരവ് ശർമ, ജബൽപൂർ ഡ്രഗ് ഇൻസ്പെക്ടർ ശരദ് കുമാർ ജെയിൻ, ഡ്രഗ് കൺട്രോളർ ദിനേഷ് മൗര്യ എന്നിവരെ സ്ഥലം മാറ്റി. കൂടുതൽ കുട്ടികൾ മരിക്കുന്നത് തടയാൻ ശക്തമായ നടപടിയെടുക്കണമെന്ന് മുഖ്യമന്ത്രി മോഹൻ യാദവ് വിളിച്ച ഉന്നത തല യോഗത്തിൽ തീരുമാനിച്ചു. സ്റ്റോക്കുള്ള കോൾഡ്രിഫ് സിറപ്പുകൾ പൂർണമായും പിടിച്ചെടുക്കാൻ മുഖ്യമന്ത്രി നിർദ്ദേശം നൽകി. ചിന്ദ്വാരയിൽ സമീപപ്രദേശങ്ങളിലും വീടുകളിൽ പോയി സിറപ്പുകൾ സൂക്ഷിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കാനും നിർദ്ദേശിച്ചു. അതേസമയം, കോൾഡ്രിഫ് കഫ് സിറപ്പ് ഉത്തർപ്രദേശും നിരോധിച്ചു. സിറപ്പുകൾ വിപണിയിൽ നിന്ന് പിൻവലിക്കാൻ സംസ്ഥാന ഡ്രഗ് അഡ്മിനിസ്ട്രേഷൻ അസിസ്റ്റന്റ് കമ്മിഷണർ നിർദ്ദേശം നൽകി. ചുമ മരുന്നുകളുടെ കയറ്റുമതിയും ഇറക്കുമതിയും വിലക്കിയിട്ടുമുണ്ട്. രാജസ്ഥാനും മദ്ധ്യപ്രദേശിനും പുറമെ കേരളം, തമിഴ്നാട്, തെലങ്കാന, മഹാരാഷ്ട്ര സംസ്ഥാനങ്ങളും കോൾഡ്രിഫ് സിറപ്പിന്റെ വിൽപന നിരോധിച്ചിരുന്നു. തമിഴ്നാട്ടിലെ ശ്രേസൻ ഫാർമസ്യൂട്ടിക്കൽ നിർമ്മിച്ച സിറപ്പ് നൽകിയതിന് ശേഷമാണ് മദ്ധ്യപ്രദേശിലും രാജസ്ഥാനിലുമായി 14 കുട്ടികൾ പനിയും വൃക്ക തകരാറും കാരണം മരിച്ചത്. അതേസമയം, മദ്ധ്യപ്രദേശിലെ ചിന്ദ്വാരയിൽ ചുമ മരുന്ന് കുറിച്ച സർക്കാർ ശിശുരോഗ വിദഗ്ദ്ധൻ പ്രവീൺ സോണിയെ അറസ്റ്റ് ചെയ്തതിനെതിരെ ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ രംഗത്തെത്തി. ഡോക്ടറെ മാത്രം ഉത്തരവാദിയാക്കുന്നതിനെതിരെ കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന് പരാതി നൽകുമെന്ന് ഐ.എം.എ അറിയിച്ചു. സോണിയെ മോചിപ്പിച്ചില്ലെങ്കിൽ ഡോക്ടർമാർ സമരം തുടങ്ങുമെന്ന് ഐ.എം.എ ചിന്ദ്വാര യൂണിറ്റ് പ്രസിഡന്റ് കൽപന ശുക്ല പറഞ്ഞു.

സ്വർണപ്പാളി പ്രദർശിപ്പിച്ചവരെ ജയിലിലടയ്ക്കണം: ജി. സുധാകരൻ

ആലപ്പുഴ: ശബരിമലയിലെ സ്വർണപ്പാളി രാജ്യം മുഴുവൻ പ്രദർശിപ്പിക്കാൻ അധികാരം നൽകിയതാരാണെന്നും, കൊണ്ടു നടന്നവർ ജയിലിൽ പോകേണ്ടവരാണെന്നും മുൻ ദേവസ്വം മന്ത്രി ജി. സുധാകരൻ.ഒരുമാധ്യമത്തിനോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

ശബരിമല വിവാദത്തെക്കുറിച്ച്

വീടുവീടാന്തരം സ്വർണപ്പാളി കൊണ്ടുനടന്നവർക്ക് മാപ്പ് കൊടുക്കരുത്. അവർ ജയിലിൽ പോകണം. ഭക്തർ ശാരീരിക മാനസിക നിഷ്ഠ അനുഷ്ഠിച്ചാണ് ഒരു നിമിഷത്തെ ദർശനത്തിനായി ശബരിമലയിലെത്തുന്നത്. ഭക്തരുടെ സങ്കൽപ്പത്തിന് നേർക്കാണ് തട്ടിപ്പുകാർ കാർക്കിച്ചുതുപ്പുന്നത്. സ്വത്ത് നോക്കാൻ ചുമതലപ്പെടുത്തിയവരുടെ ഭാഗത്ത് നിന്ന് വീഴ്ചയുണ്ടായി. തട്ടിപ്പ് കുറെക്കാലമായി നടക്കുന്നുണ്ടാകില്ലേ കഴിഞ്ഞ പത്ത് പതിന്നാല് വർഷങ്ങളായി തട്ടിപ്പ് നടക്കുന്നുണ്ടെന്നത് വ്യക്തമാണ്. പഴിവ് കാണിച്ചാൽ നടപടിയുണ്ടാകുമെന്ന് ഉറപ്പാക്കുന്ന അന്തരീക്ഷമുണ്ടാകണം. പക്ഷേ ദേവസ്വം ബോർഡിന്റേത് ഭസ്മാസുരന് വരം കൊടുത്തത് പോലുള്ള സ്ഥിതിയാണ്. തിരിഞ്ഞുകൊത്തും. പ്രസ്ഥാനമാണ് സ്ഥാനം നൽകുന്നതെന്ന ബോദ്ധ്യം ദേവസ്വം പ്രസിഡന്റിന് വേണം. ഉത്തരവാദിത്വപ്പെട്ടവർ ആത്മപരിശോധന നടത്തണം. ഉണ്ണികൃഷ്ണൻ പോറ്റിയെ പോലുള്ളവർക്ക് കടന്നുകയറാനുള്ള അന്തരീക്ഷമാണുള്ളത്. ഇതിന് പിന്നിൽ നിഗൂഢ ശക്തികളുണ്ട്.

താങ്കൾ ഈ വകുപ്പിന്റെ ചുമതല വഹിച്ചിരുന്നല്ലോ

മൂന്നര വർഷം ഞാൻ ദേവസ്വം മന്ത്രിയായിരുന്നു. അക്കാലത്ത് യാതൊരു കള്ളത്തരത്തിനും ആർക്കും സാധിച്ചിട്ടില്ല. സുപ്രീം കോടതി ജസ്റ്റിസായിരുന്ന പരിപൂർണസ്വാമി, വി.ആർ. കൃഷ്ണയ്യർ, അന്നത്തെ മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ അടക്കമുള്ളവർ ബോർഡിൽ ഭേദഗതി വരുത്താൻ പിന്തുണച്ചു. അക്കാലത്താണ് ബോർഡിൽ സ്ത്രീ സംവരണവും പട്ടികജാതി സംവരണവും കൊണ്ടുവന്നത്. അന്ന് 'രണ്ടാം ക്ഷേത്ര പ്രവേശന വിളംബരം' എന്ന തലക്കെട്ടിൽ കേരളകൗമുദി എഡിറ്റോറിയലും പ്രസിദ്ധീകരിച്ചു. പിൽക്കാലത്ത് സ്ത്രീ സംവരണം എടുത്തു കളഞ്ഞു. സാധാരണ സ്ഥാപനങ്ങളെ അപേക്ഷിച്ച്, ദേവസ്വം വിഷയങ്ങൾ കൈകാര്യം ചെയ്യുമ്പോൾ ഇരട്ട ജാഗ്രത പുലർത്തണം. നൂറ്റാണ്ടുകൾ പഴക്കമുള്ള ക്ഷേത്രത്തിന്റെ മാനുവൽ പഴകിയതാണെന്ന് ദേവസ്വം പ്രസിഡന്റ് പറയുന്നത് ശരിയാണോ അത് സ്വയം തിരുത്താനോ, തിരുത്തിക്കാനോ ഇടപെടലുകളുണ്ടാകുന്നില്ല. പാർട്ടിയിൽ സ്ഥാനങ്ങളൊന്നും അലങ്കരിക്കാതായിട്ട് അഞ്ച് വർഷം പിന്നിട്ടു. ഇതിനിടെ പല പാർട്ടികളും ക്ഷണിച്ചു. പാർട്ടി മെമ്പറായിരിക്കുന്നതാണ് ജീവിതത്തിലെ വലിയ ഭാഗ്യം എന്ന സ്റ്റാലിന്റെ വാക്കുകളാണ് ഞാൻ വിശ്വസിക്കുന്നത്.

മുനവച്ച വാക്കുമായി

ജി.സുധാകരൻ:സ്വർണപ്പാളി മോഷണത്തിലും ഒന്നാമതെന്ന് എങ്ങനെ പറയും

ആലപ്പുഴ: ശബരിമല സ്വർണപ്പാളി വിവാദത്തിൽ സർക്കാരിനെതിരെ മുനവച്ച പരാമർശവുമായി സി.പി.എം നേതാവും മുൻമന്ത്രിയുമായ ജി.സുധാകരൻ.നമ്മൾ എല്ലാത്തിലും നമ്പർ വണ്ണാണെന്ന് മത്സരിച്ച് പറയുകയാണ്. വർഗീയ കലാപമില്ലാത്തതിലും വിദ്യാഭ്യാസത്തിലും നമ്മൾ നമ്പർ വണ്ണായിരിക്കും. സ്വർണപ്പാളി മോഷ്ടിച്ചതിലും നമ്പർ വണ്ണാണെന്ന് പറയാൻ പറ്റുമോ. മറ്റ് സംസ്ഥാനങ്ങൾക്കും പല ഗുണങ്ങളുമുണ്ട്. എല്ലാ കാര്യങ്ങളും സമഗ്രമായി വിലയിരുത്തി പറയുമ്പോഴാണ് നമ്മൾ സംസ്കാര സമ്പന്നരാകുന്നതെന്നും അദ്ദേഹം പറഞ്ഞു. കെ.പി.സി.സി സംസ്കാര സാഹിതിയുടെ തെക്കൻ മേഖലാ ക്യാമ്പിൽ 'സംസ്ക്കാരവും രാഷ്ട്രീയവും ഇന്ന്, നാളെ' എന്ന വിഷയത്തിൽ സംസാരിക്കുമ്പോഴായിരുന്നു ജി.സുധാകരൻ. കോൺഗ്രസ് വേദിയായാലും അഭിപ്രായം പറയുന്നതിന് തടസമില്ല. കോൺഗ്രസ് പരിപാടിയിൽ കമ്യൂണിസ്റ്റുകാർ പങ്കെടുത്താൽ കോൺഗ്രസാകുമോ 63 വർഷമായി ഞാൻ ഒരു പാർട്ടിയിലും പോയിട്ടില്ല. രാഹുൽ ഗാന്ധിയോടൊപ്പം പരിപാടിയിൽ സംബന്ധിക്കാൻ എം.എ ബേബി പോയതൊന്നും തന്നെ വിമർശിക്കുന്ന ഊളകൾ കണ്ടിട്ടില്ലേയെന്നും ജി.സുധാകരൻ തുറന്നടിച്ചു. ഗവർണർ പദവിയൊക്കെ വാഗ്ദാനം ചെയ്ത് ബി.ജെ.പിക്കാർ വീട്ടിൽ വന്നുവിളിച്ചിട്ടുണ്ട്. ഗവർണറാക്കി എവിടെങ്കിലും മാറ്റിയിരുത്താമെന്ന് കരുതിയാകും. നിങ്ങൾക്ക് ബി.ജെ.പിയിൽ പോയ്ക്കൂടേയെന്ന് ചോദിക്കുന്നവരുണ്ട്. ഏത് പാർട്ടിയായാലും ബാദ്ധ്യതയാകരുത്. കോൺഗ്രസുകാർക്കും ഇത് ബാധകമാണ്. ജനപിന്തുണയിൽ കോൺഗ്രസും കമ്യൂണിസ്റ്റുമെല്ലാം താഴേക്ക് പോയി. ബി.ജെ.പിക്ക് വോട്ടുചെയ്യുന്നവരെല്ലാം വർഗീയവാദികളാണെന്ന് കരുതരുത്. സാധാരണക്കാരും പാവങ്ങളുമായ ധാരാളം പേരും ബി.ജെ.പിക്ക് വോട്ട് ചെയ്യുന്നുണ്ട്. ജി.സുധാകരൻ തുറന്നുപറയുമെന്നാണ് കുറ്റപ്പെടുത്തൽ. തുറന്നല്ലാതെ അടക്കി പറയാനാകില്ല. ജനങ്ങളോട് തുറന്നുപറയുന്നവനാണ് കമ്യൂണിസ്റ്റെന്നും ജി. സുധാകരൻ പറഞ്ഞു. സംഘാടകസമിതി ചെയർമാൻ സി.ആർ മഹേഷ് എം.എൽ.എ, ആലപ്പി അഷ്റഫ്, രാജീവ് ആലുങ്കൽ, വയലാർ ശരത് ചന്ദ്ര വർമ്മ തുടങ്ങിയവരും പരിപാടിയിൽ സംബന്ധിച്ചു.

ഒരു രൂപ ചെലവില്ല, സ്വന്തമായി ഭൂമിയുണ്ടെങ്കിൽ സർക്കാർ തരും പണം, 15 വർഷം കൊണ്ട് നേടാം ലക്ഷങ്ങൾ



കോഴിക്കോട്: മരം വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് ട്രീ ബാങ്ക് പദ്ധതിയുമായി വനം വകുപ്പ്. സ്വകാര്യ ഭൂമിയിൽ മരങ്ങൾ നട്ടുപിടിപ്പിക്കുന്നവർക്ക് ധനസഹായം നൽകുന്നതാണ് പദ്ധതി. സർക്കാർ നിശ്ചയിച്ച വൃക്ഷത്തൈകൾ നടുന്നവർക്ക് 15 വർഷം വരെ ധനസഹായം ലഭിക്കും. പദ്ധതി കാലാവധി പൂർത്തിയായ ശേഷം സ്ഥല ഉടമയ്ക്ക് സോഷ്യൽ ഫോറസ്റ്റ് ഡിവിഷൻ ഓഫീസിന്റെ അനുമതിയോടെ മരങ്ങൾ മുറിച്ചെടുക്കാനുള്ള അനുവാദവും ഉണ്ടാകും. സംസ്ഥാനത്തെ അംഗത്വം ഇങ്ങനെ സ്വന്തമായി ഭൂമിയുള്ളവർക്കും കുറഞ്ഞത് 15 വർഷത്തെ പാട്ടത്തിന് ഭൂമി കൈവശമുള്ളവർക്കും പദ്ധതിയിൽ അംഗങ്ങളാവാം. ചന്ദനം, തേക്ക്, റോസ് വുഡ്, പ്ലാവ്, കാട്ടുപ്ലാവ്, തമ്പകം, മഹാഗണി, ആഞ്ഞിലി, പ്ലാവ്, കുമ്പിൾ, കരിമരുത്, വെൺതേക്ക്, വീട്ടി എന്നിവയാണ് നടേണ്ടത്. ആദ്യഘട്ടത്തിൽ ചന്ദനത്തൈകളാണ് നട്ടുപടിപ്പിക്കുക. താൽപര്യമുള്ളവർ സോഷ്യൽ ഫോറസ്ട്രി റെയ്ഞ്ച് ഓഫീസർക്ക് അപേക്ഷ സമർപ്പിക്കണം. കുറഞ്ഞത് 10 തൈകളെങ്കിലും നടാനാകണം. രജിസ്റ്റർ ചെയ്യുമ്പോൾ വനംവകുപ്പുമായി ധാരണാപത്രം ഒപ്പിടണം. സഹായധനം മൂന്നാം വർഷം മുതലാണ് നൽകുക. പരിപാലിക്കുന്നവർക്ക് 15 വർഷംവരെ ലഭിക്കും. സാമൂഹിക വനവത്കരണ വിഭാഗത്തിന്റെ നഴ്സറികളിൽ നിന്ന് എല്ലാ വർഷവും ജൂൺ, ജൂലായ് മാസങ്ങളിൽ സൗജന്യമായി വൃക്ഷത്തൈകൾ നൽകും. ആർ. കീർത്തി, ഉത്തര മേഖല സോഷ്യൽ ഫോറസ്ട്രി കൺസർവേറ്റർ.

തിരഞ്ഞെടുപ്പ് മുന്നിൽക്കണ്ട് സംസ്ഥാനത്ത് പ്രശ്നങ്ങൾ സൃഷ്ടിക്കാൻ ശ്രമം: മുഖ്യമന്ത്രി

തിരുവനന്തപുരം: തിരഞ്ഞെടുപ്പ് മുന്നിൽക്കണ്ട് സംസ്ഥാനത്ത് പ്രശ്നങ്ങൾ സൃഷ്ടിക്കാൻ ആസൂത്രിത ശ്രമം നടക്കുന്നതായി മുഖ്യമന്ത്രി പിണറായി വിജയൻ. ഇതിനെതിരെ ജാഗ്രത പുലർത്തണം. കേരള പൊലീസ് സീനിയർ ഓഫീസേഴ്സ് അസോസിയേഷൻ സംസ്ഥാന സമ്മേളനത്തോടനുബന്ധിച്ചുള്ള പൊതുസമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി. എല്ലാ ദുഷ്ടശക്തികളും ഒന്നിച്ച് നാടിന്റെ സമാധാനം തകർക്കാനാണ് ശ്രമിക്കുന്നത്. നമ്മൾ നല്ലതെന്ന് കരുതുന്നതെല്ലാം അവരെ അലോസരപ്പെടുത്തുന്നു. അതിനാൽ നല്ലതെല്ലാം അവർ തകിടം മറിക്കാൻ ശ്രമിക്കും. ഇത് തിരിച്ചറിയാനാകണം. പൊലീസ് ഇന്റലിജൻസ് സംവിധാനങ്ങൾ മെച്ചപ്പെടുത്തണം. രാജ്യത്ത് മറ്റു പലയിടത്തും വർഗീയ സംഘർഷത്തിന്റെ ഭാഗമായി കലാപവും ജീവഹാനിയും ഉണ്ടാകുന്നു. എന്നാൽ, നമ്മുടെ നാട് മാതൃകാപരമാണ്. വർഗീയ സംഘർഷങ്ങൾ ഇല്ലാതെ മുന്നോട്ടുപോകാൻ കഴിയുന്നുണ്ട്. വർഗീയ സംഘടനകൾ ഇല്ലാത്ത നാടാണ് കേരളം എന്ന് ആരും തെറ്റിദ്ധരിക്കരുത്. രാജ്യത്തെ മറ്റു പ്രദേശങ്ങളിൽ വലിയതോതിൽ പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന ചില സംഘടനകൾക്ക് വലിയ സ്വാധീനം കേരളത്തിൽ പണ്ടേയുണ്ട്. ഈ സംഘടനകൾ മറ്റു പ്രദേശങ്ങളിൽ സംഘർഷങ്ങൾ ഉണ്ടാക്കുന്നു. ഇവിടെ ആ തരത്തിലുള്ള സംഘർഷങ്ങളിലേക്ക് ഉയരുന്നില്ല. അതിനു കാരണം വർഗീയതയോടും വർഗീയ സംഘർഷങ്ങളോടും കേരളം സ്വീകരിക്കുന്ന നിലപാടാണ്. ഇതിൽ ഏറ്റവും പ്രധാനം പൊലീസിന്റെ നിലപാടാണ്. മുഖം നോക്കാതെയുള്ള നടപടി പൊലീസിന് സ്വീകരിക്കാൻ കഴിയുന്നുണ്ട്. സേനയിൽ ക്രിമിനലുകൾക്ക് സ്ഥാനമില്ല. തെറ്റിനെതിരെ കടുത്ത നടപടിയുണ്ടാകും. മന്ത്രിമാരായ വി.ശിവൻകുട്ടി, കെ.എൻ. ബാലഗോപാൽ, സി.പി.എം ജില്ലാ സെക്രട്ടറി വി. ജോയി, ആന്റണി രാജു എം.എൽ.എ,ഡി.ജി.പി റവാഡ ചന്ദ്രശേഖർ,ഇന്റലിജൻസ് മേധാവി പി.വിജയൻഅസോസിയേഷൻ ജനറൽ സെക്രട്ടറി ഡി.കെ.പൃഥ്വിരാജ് പ്രസിഡന്റ് വി.ജി. രവീന്ദ്രനാഥ് തുടങ്ങിയവർ പങ്കെടുത്തു. മധുബാബുവിന് വേദിയിൽ സീറ്റില്ല കസ്റ്റഡി മർദ്ദനത്തിൽ ആരോപണ വിധേയനായ പൊലീസ് സീനിയർ ഓഫീസേഴ്സ് അസോസിയേഷൻ ട്രഷററും ആലപ്പുഴ ഡിവൈ.എസ്.പിയുമായ മധുബാബുവിന് മുഖ്യമന്ത്രി പങ്കെടുത്ത ചടങ്ങിൽ വേദിയിൽ സീറ്റ് നൽകിയില്ല. അസോസിയേഷന്റെ മറ്റ് സംസ്ഥാന ഭാരവാഹികൾ വേദിയിൽ ഇടംപിടിച്ചപ്പോൾ മധുബാബുവിന്റെ ഇരിപ്പിടം സദസിലായിരുന്നു

പൗൾട്രി ഫാമിൽ തെരുവുനായ ആക്രമണം, നൂറു കണക്കിന് കോഴികളെ കടിച്ചുകൊന്നു

നെയ്യാറ്റിൻകര: കാഞ്ഞിരംകുളത്ത് പൗൾട്രി ഫാമിൽ തെരുവുനായ ആക്രമണം. നൂറു കണക്കിന് കോഴികളെ തെരുവ് നായ്ക്കൾ കടിച്ചുകൊന്നു. ലക്ഷങ്ങളുടെ നഷ്ടമാണ് സംഭവിച്ചതെന്ന് ഉടമകൾ പറഞ്ഞു. കാഞ്ഞിരകുളം കഴിവൂരിൽ രാജു-സുനിത കുമാരി ദമ്പതികൾ നടത്തിവരികയായിരുന്നു ഐശ്വര്യ പൗൾട്രി ഫാമിൽ ആയിരുന്നു സംഭവം. ദീപാവലി വിപണി ലക്ഷ്യമിട്ട് ആയിരത്തിലധികം കോഴികളെ ആയിരുന്നു ഇവിടെ വളർത്തിവന്നിരുന്നത്. തമിഴ്നാട്ടിൽ നിന്നുമാണ് കോഴികളെ നാട്ടിലെത്തിച്ചത്. ഷെഡ്ഡ് തകർത്ത് അകത്തു കയറിയ നായ് കൂട്ടം കോഴികളെ കടിച്ച് കൊല്ലുകയായിരുന്നു. മൂന്നര ലക്ഷത്തോളം രൂപയോളം നഷ്ടമുണ്ടായാതിയ ഉടമകൾ അറിയിച്ചു. മൃഗസംരക്ഷണ വകുപ്പ് അധികൃതരും പഞ്ചായത്ത് അധികൃതരും സ്ഥലത്ത് എത്തി പരിശോധന നടത്തി. ചത്ത കോഴികളെ മറവ് ചെയ്തു.

ബലാത്സംഗം, നിർബന്ധിത മതപരിവർത്തനം; ഐപിഎൽ കമന്റേറ്ററായ നടൻ അറസ്റ്റിൽ

പട്ന: ഭോജ്പുരി നടനും ഐപിഎൽ കമന്റേറ്ററും യൂട്യൂബറുമായ മണി മെരാജിനെ ബിഹാറിലെ പട്നയിൽ നിന്ന് ഗാസിയാബാദ് പോലീസ് അറസ്റ്റ് ചെയ്തു. ബലാത്സംഗം, നിർബന്ധിത മതപരിവർത്തനം, ഗർഭഛിദ്രം, വഞ്ചന എന്നിവ ആരോപിച്ച് സഹപ്രവർത്തകയായ ഒരു വനിതാ യൂട്യൂബർ നൽകിയ പരാതിയെത്തുടർന്നാണ് അറസ്റ്റ്. ട്രാൻസിറ്റ് റിമാൻഡ് നേടിയ ശേഷം പോലീസ് പ്രതിയെ ഗാസിയാബാദിലേക്ക് കൊണ്ടുവന്നു. സാമൂഹിക മാധ്യമങ്ങളിലെ കോമഡി വീഡിയോകളിലൂടെ പ്രശസ്തി നേടുന്നതിന് മുമ്പ് മണി മെരാജ് കശാപ്പ് ജോലി ചെയ്തിരുന്നതായി പോലീസ് പറഞ്ഞു. സോഷ്യൽ മീഡിയയിൽ പ്രശസ്തനായ ശേഷം അദ്ദേഹം ഭോജ്പുരി സിനിമകളിൽ അഭിനയിച്ചു. അദ്ദേഹത്തിന്റെ ഒരു സിനിമ അടുത്തിടെ പുറത്തിറങ്ങിയിരുന്നു. ജിയോ ടിവിക്ക് വേണ്ടി ഐപിഎൽ മത്സരങ്ങൾക്ക് ഭോജ്പുരിയിൽ മണി മെരാജ് കമന്ററി പറയുകയും ചെയ്തിട്ടുണ്ടെന്നും പോലീസ് അറിയിച്ചു. മണി മെരാജ് വ്യാജ ഐഡന്റിറ്റി ഉപയോഗിച്ച് തന്നോട് സൗഹൃദം സ്ഥാപിച്ചുവെന്നും, മയക്കുമരുന്ന് നൽകി, വിവാഹ വാഗ്ദാനം നൽകി ആവർത്തിച്ച് ബലാത്സംഗം ചെയ്തുവെന്നും വനിതാ യൂട്യൂബർ ആരോപിച്ചു. പ്രതി പ്രകൃതിവിരുദ്ധ ലൈംഗികതയ്ക്ക് നിർബന്ധിക്കുകയും മതം മാറാൻ സമ്മർദ്ദം ചെലുത്തുകയും ഗർഭച്ഛിദ്രത്തിന് നിർബന്ധിക്കുകയും ചെയ്തതായി വനിതാ യൂട്യൂബറുടെ പരാതിയിൽ പറയുന്നു. കഴിഞ്ഞ മൂന്ന് വർഷമായി ഈ പീഡനം തുടരുകയാണെന്നും പ്രതി ലക്ഷക്കണക്കിന് രൂപ തട്ടിയെടുത്തതായും യുവതി ആരോപിച്ചു.

ആശ്വാസവാക്കുകളുമായി കമലഹാസൻ കരൂരിൽ, സ്റ്റാലിന് പ്രശംസ, വിജയ്ക്ക് വിമർശനം

ചെന്നൈ: കരൂരിലെ വേലുച്ചാമിപുരത്ത് എന്താണ് സംഭവിച്ചതെന്ന് എല്ലാവർക്കും അറിയാമെന്നും മാപ്പു പറയാനും തെറ്റ് അംഗീകരിക്കാനുമുള്ള സമയമാണിതെന്നും നടനും മക്കൾ നീതി മയ്യം പ്രസിഡന്റുമായ കമലഹാസൻ എം.പി. ദുരന്തമുണ്ടായ കരൂർ സന്ദർശിച്ച ശേഷം മാദ്ധ്യമങ്ങളോട് പ്രതികരിക്കുകയായിരുന്നു അദ്ദേഹം. എല്ലാവർക്കും പ്രത്യേകിച്ച് സംഘാടകർക്ക് ഉത്തരവാദിത്വമുണ്ട്. ദുരന്തത്തിൽ ആരും പക്ഷം പിടിക്കരുത്. എല്ലാവരും ജനങ്ങളോടൊപ്പം നിൽക്കണമെന്ന് പറഞ്ഞ അദ്ദേഹം വിജയ്യെ കുറിച്ചോ ടി.വി.കെയെ കുറിച്ച് നേരിട്ടുള്ള പരാമർശങ്ങളൊന്നും നടത്തിയില്ല. എന്നാൽ 'വിജയ്ക്ക് താങ്കൾ എന്തു എന്ത് ഉപദേശമാണ് നൽകാനുള്ളത് എന്ന ചോദ്യത്തിന്. അത് അദ്ദേഹത്തിന് കോടതി നൽകുമെന്നായിരുന്നു മറുപടി. കൂർ ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്നവരേയും കമലഹാസൻ സന്ദർശിച്ചു. മന്ത്രി വി. സെന്തിൽ ബാലാജിയും കമലഹാസനൊപ്പം ഉണ്ടായിരുന്നു. 'നമ്മുടെ അമ്മമാരും സഹോദരീ സഹോദരന്മാരാണ് ദുരന്തത്തിൽ പെട്ടത്. അന്വേഷണം പുരോഗമിക്കുകയാണ്. വിഷയം കോടതിയുടെ പരിഗണനയിലാണ്, ഇപ്പോൾ ഇതിനെക്കുറിച്ച് അഭിപ്രായം പറയുന്നത് ശരിയല്ല. ഈ വിഷയത്തിൽ നമുക്ക് പക്ഷം പിടിക്കരുത്. നമ്മൾ പക്ഷം പിടിക്കണമെങ്കിൽ, നമുക്ക് ജനങ്ങളുടെ പക്ഷം പിടിക്കാം. മുഖ്യമന്ത്രി എം.കെ. സ്റ്റാലിൻ മാതൃകാപരമായ നേതൃപാടവം പ്രകടിപ്പിച്ചു. അതിന് നമ്മൾ അദ്ദേഹത്തോട് നന്ദി പറയണം'- കമലഹാസൻ മാദ്ധ്യമങ്ങളോടു പറഞ്ഞു. ദുരന്തത്തിൽ മരിച്ച ഒന്നര വയസുള്ള വിഷ്ണുവിന്റെ വീട്ടിലെത്തി മാതാപിതാക്കളെ ആശ്വസിപ്പിച്ചു. കമൽ കൾച്ചറൽ സെന്റർ നൽകിയ ഒരു ലക്ഷം രൂപയുടെ ചെക്ക് ഇരകളുടെ കുടുംബങ്ങൾക്ക് അദ്ദേഹം സമ്മാനിച്ചു

നായകൾക്കെതിരേ നാടകം കളിച്ച നടനെ നായ കടിച്ചു



കണ്ണൂർ: തെരുവനായ ശല്യത്തിനെതിരെ ബോധവത്കരണ നാടകം കളിക്കുന്നതിനിടെ 'രംഗബോധമില്ലാതെ' അതിക്രമിച്ച് സ്റ്റേജിൽ കയറിയ തെരുവുനായ നടനെ കടിച്ചു. വിടാൻ ഭാവമില്ലെന്ന മട്ടിൽ നായ കുരച്ചുചാടി നാടകം 'മുടക്കാൻ' നോക്കിയെങ്കിലും നടൻ വിട്ടില്ല. വേദന കടിച്ചമർത്തി നാടകം പൂർത്തിയാക്കി. നാടക പ്രവർത്തകനായ മയ്യിൽ സ്വദേശി പി. രാധാകൃഷ്ണനാണ് (56) കടിയേറ്റത്. നിറുത്താതെ കുരച്ചെത്തിയ നായ നാടകത്തിന്റെ ഭാഗമാണെന്ന് ആദ്യം കാണികൾ ധരിച്ചെങ്കിലും നടന് കടിയേറ്റതോടെ പന്തികേട് മണത്ത് അടിച്ചോടിച്ചു. കാൽമുട്ടിന് താഴെ നാലിടത്ത് കടിയേറ്റ രാധാകൃഷ്ണൻ ആശുപത്രിയിലെത്തി കുത്തിവയ്പ്പെടുത്തു.ഞായറാഴ്ച രാത്രി ഏഴിന് തെരുവുനായ ആക്രമണത്തിനെതിരെ തന്റെ ഏകപാത്ര നാടകമായ 'പേക്കാലം' അവതരിപ്പിക്കുകയായിരുന്നു രാധാകൃഷ്ണൻ. മയ്യിൽ കണ്ടക്കൈ കൃഷ്ണപിള്ള സ്മാരക വായനശാലയായിരുന്നു വേദി. നായ്ക്കളുടെ കുരയും കുട്ടിയുടെ കരച്ചിലും പശ്ചാത്തലമാക്കി തെരുവുനായയുടെ കടിയേറ്റ് നിലവിളിക്കുന്ന മകളെ രക്ഷിക്കാൻ അച്ഛൻ വടിയുമായി ഓടുന്ന രംഗം. 20 മിനിട്ട് നാടകത്തിലെ ഏറ്റവും നിർണായകമായ ഭാഗം. അതിനിടെ എവിടെ നിന്നോ എത്തിയ തെരുവുനായ സ്റ്റേജിൽ കയറി രാധാകൃഷ്ണന്റെ കാലിൽ കടിക്കുകയായിരുന്നു.

കടിയേറ്റിട്ടും നിറുത്തിയില്ല

നായയുടെ കടിയേറ്റിട്ടും പതറാതെ 10 മിനിട്ടോളം അഭിനയം തുടർന്നാണ് രാധാകൃഷ്ണൻ നാടകം പൂർത്തിയാക്കിയത്. തുടർന്ന് ചികിത്സയ്ക്കായി കണ്ണൂർ മെഡിക്കൽ കോളേജിലേക്ക് സംഘാടകർ കൊണ്ടുപോയി. 30 വർഷമായി അമേചർ–തെരുവ് നാടക രംഗത്തുണ്ട് രാധാകൃഷ്ണൻ.''കടിയേറ്റപ്പോൾ ഒന്ന് ഞെട്ടിയെങ്കിലും നാടകത്തിൽ തന്നെ ശ്രദ്ധ കേന്ദ്രീകരിച്ചു. എത്രയും വേഗം ചികിത്സ തേടാതെ അഭിനയം തുടർന്നതിനെ ബന്ധുക്കൾ ഉൾപ്പെടെ വിമർശിക്കുന്നുണ്ടെങ്കിലും ശരിയെന്ന് തോന്നിയതാണ് ചെയ്തതെന്ന് രാധാകൃഷ്ണൻ പറഞ്ഞു

അടുത്ത അഞ്ചു ദിവസം ഈ ജില്ലകളിൽ ഇടിമിന്നലോട് കൂടിയ മഴയ്ക്ക് സാദ്ധ്യത, യെല്ലോ അലർട്ട്

തിരുവനന്തപുരം: സംസ്ഥാനത്ത് അടുത്ത അഞ്ചുദിവസം മഴയ്ക്ക് സാദ്ധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ മുന്നറിയിപ്പ്. കേരളത്തിൽ ഇന്നും നാളെയും ഒറ്റപ്പെട്ടയിടങ്ങളിൽ ഇടിമിന്നലോട് കൂടിയ മഴയ്ക്കും നാളെ കഴിഞ്ഞാൽ മൂന്നു ദിവസം ഇടിമിന്നലോട് കൂടിയ മഴയ്ക്കും മണിക്കൂറിൽ 30 മുതൽ 40 കിലോമീറ്റർ വരെ വേഗതയിൽ ശക്തമായ കാറ്റിനും സാദ്ധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. വിവിധ ജില്ലകളിൽ കേന്ദ്രകാലാവസ്ഥാ വകുപ്പ് യെല്ലോ അലർട്ട് പ്രഖ്യാപിച്ചു. എട്ടാം തീയതി കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, കോഴിക്കോട്, വയനാട് ജില്ലകളിൽ യെല്ലോ അലർട്ടാണ്. 9ന് പത്തനംതിട്ട, ഇടുക്കി, പാലക്കാട്, മലപ്പുറം ജില്ലകളിലും 10ന് പത്തനംതിട്ട, ഇടുക്കി, കണ്ണൂർ എന്നീ ജില്ലകളിലും യെല്ലോ അലർട്ടാണ്. ഒറ്റപ്പെട്ട ശക്തമായ മഴയ്ക്കുള്ള സാദ്ധ്യതയാണ് പ്രവചിക്കപ്പെട്ടിരിക്കുന്നത്.

ചക്കക്കൊമ്പന്റെ ആക്രമണത്തിൽ കർഷകന് ദാരുണാന്ത്യം

മൂന്നാർ: ശാന്തമ്പാറ പഞ്ചായത്തിലെ പൂണ്ടലിൽ കാട്ടാനയാക്രമണത്തിൽ കർഷകന് ദാരുണാന്ത്യം. ചിന്നക്കനാൽ പൂണ്ടൽ സ്വദേശി ജോസഫാണ് (വേലുച്ചാമി- 62) പന്നിയാർ ആർ.എച്ച്.എസ് എസ്റ്റേറ്റിന് സമീപം കൊല്ലപ്പെട്ടത്. ഇന്നലെ രാവിലെ 10ന് സമീപമുള്ള സ്വന്തം കൃഷിയിടത്തിലേക്ക് പോകും വഴി ജോസഫിനെ ചക്കക്കൊമ്പൻ എന്ന ഒറ്റയാനാണ് ആക്രമിച്ചത്. ആനയെ കണ്ട് ഓടി രക്ഷപെടാൻ ശ്രമിച്ച ജോസഫിനെ തൊട്ടടുത്തുള്ള സ്വകാര്യ എസ്റ്റേറ്റിൽ വച്ച് ചക്കക്കൊമ്പൻ അടിച്ചു വീഴ്ത്തിയ ശേഷം പല തവണ ചവിട്ടി. ജോസഫിന്റെ കൈളും കാലുകളും ഒടിഞ്ഞു നുറുങ്ങിയ അവസ്ഥയിലാണ്. ബഹളം കേട്ട് എസ്റ്റേറ്റിൽ ജോലി ചെയ്തിരുന്ന തൊഴിലാളികൾ ഓടിയെത്തിയെങ്കിലും ചക്കക്കൊമ്പൻ ഇവിടെ തന്നെ നിലയുറപ്പിച്ചതിനാൽ ജോസഫിന്റെ അടുത്തേക്ക് പോകാനായില്ല. സംഭവ സമയത്ത് ഏഴ് വീതം രണ്ട് കാട്ടാനക്കൂട്ടങ്ങളാണ് പന്നിയാറിൽ ഒരു കിലോമീറ്റർ ചുറ്റളവിൽ നിലയുറപ്പിച്ചത്. നാട്ടുകാർ അറിയിച്ചതിനെ തുടർന്ന് വനംവകുപ്പ് ഉദ്യോഗസ്ഥർ സ്ഥലത്തെത്തി. ഇവർ പടക്കം പൊട്ടിച്ചും ബഹളം വച്ചും ചക്കക്കൊമ്പനെ തുരത്തി ഒരു മണിക്കൂറിന് ശേഷമാണ് ജോസഫിന്റെ മൃതദേഹം ഇവിടെ നിന്ന് എടുക്കാനായത്. തുടർന്ന് വനം വകുപ്പിന്റെ വാഹനത്തിൽ രാജകുമാരി കുടുംബാരോഗ്യ കേന്ദ്രത്തിലെത്തിച്ചു. ഇൻക്വസ്റ്റ് നടപടികൾക്ക് ശേഷം മൃതദേഹം ഇടുക്കി മെഡിക്കൽ കോളേജിലേക്ക് മാറ്റി. പന്നിയാർ എസ്റ്റേറ്റിലെ മുൻ ജീവനക്കാരനാണ് ജോസഫ്. പന്നിയാർ തേയില എസ്റ്റേറ്റിലെ തൊഴിലാളി ജ്ഞാനമ്മാളാണ് ഭാര്യ. മക്കൾ: ഇമ്മാനുവൽ, ജാൻസി എസർ. മരുമകൾ: പവിത.

അട്ടപ്പാടിയിലും കാട്ടാന ആക്രമണം: ഒരാൾ മരിച്ചു

പാലക്കാട്: അട്ടപ്പാടിയിൽ കാട്ടാന ആക്രമണത്തിൽ ഗൃഹനാഥന് ദാരുണാന്ത്യം. തേക്കുവെട്ട ബൊമ്മിപ്പടി രങ്കസ്വാമിയുടെ മകൻ ശാന്തകുമാർ (52) ആണ് മരിച്ചത്. പുതൂർ തേക്കുവെട്ടയിലാണ് സംഭവം. ബൈക്കിൽ യാത്ര ചെയ്യുന്നതിനിടെ എതിരെ വന്ന കാട്ടാന ആക്രമിക്കുകയായിരുന്നു. ഗുരുതരമായി പരിക്കേറ്റ ശാന്തകുമാരനെ കൂക്കംപാളയം സ്വകാര്യ ആശുപത്രിയിലെത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല.

സാമ്പത്തിക ആസ്തി പോർട്ടൽ രൂപീകരിക്കണം: നോട്ടീസ്

ന്യൂഡൽഹി: മരണപ്പെട്ട അക്കൗണ്ട് ഹോൾഡർക്ക് നോമിനിയില്ല എന്നു തുടങ്ങി വിവിധ കാരണങ്ങളാൽ രാജ്യത്തെ ബാങ്കുകളിലും ധനകാര്യസ്ഥാപനങ്ങളിലും അടക്കം 3.5 ലക്ഷം കോടി രൂപ കെട്ടികിടക്കുന്നതിൽ സുപ്രീംകോടതി ഇടപെടലാവശ്യപ്പെട്ട് ഹർജി. സജീവമായതും നിഷ്ക്രിയമായതും ആയ സാമ്പത്തിക ആസ്തികൾ സംബന്ധിച്ച സമഗ്രവിവരങ്ങൾ ഉൾക്കൊള്ളുന്ന കേന്ദ്രീകൃത സാമ്പത്തിക ആസ്തി പോർട്ടൽ രൂപീകരിക്കണമെന്നാണ് ആവശ്യം. ഹർജിയിൽ കേന്ദ്രസർക്കാർ,റിസർവ് ബാങ്ക് (ആർ.ബി.ഐ), സെക്യൂരിറ്റീസ് ആൻഡ് എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇന്ത്യ (സെബി) തുടങ്ങിയവയ്ക്ക് നോട്ടീസ് അയക്കാൻ സുപ്രീംകോടതി ഉത്തരവിട്ടു. നാലാഴ്ചയ്ക്ക് ശേഷം വീണ്ടും പരിഗണിക്കാനും ജസ്റ്റിസുമാരായ വിക്രം നാഥ്, സന്ദീപ് മേത്ത എന്നിവരടങ്ങിയ ബെഞ്ച് തീരുമാനിച്ചു.

കാറിടിച്ച് മരിച്ചു

അങ്കമാലി: ഭർത്താവ് ഒരുമിച്ചു യാത്ര ചെയ്തിരുന്ന ഭാര്യ കാറിടിച്ച് മരിച്ചു .കറുകുറ്റി പന്തയ്ക്കൽ മരങ്ങാടം പൈനാടത്ത് ചക്കതൊമ്മൻ ജോൺസന്റെ ഭാര്യ റീത്ത (50) ആണ് മരിച്ചത്. കറുകുറ്റി അഡ്ലക്സ് കൺവെൻഷൻ സെന്ററിന് മുൻമ്പിൽ ഇന്നലെ വൈകിട്ട് 4.30-ന് ആയിരുന്നു അപകടം .അങ്കമാലി ഭാഗത്ത് നിന്ന് ചാലക്കുടിയ്ക്കു പോകുയായിരുന്ന അമിത വേഗത്തിൽ വന്ന കാർ ജോൺസൻ ഓടിച്ചിരുന്ന സ്കൂട്ടറിനെ ഇടിച്ചു തെറപ്പിക്കുകയായിരുന്നു ഓടി കൂടിയ നാട്ടുകാർ തൊട്ടു തന്നെയുള്ള അപ്പോള അശുപത്രിയിൽ എത്തിച്ചെങ്കിലും ജിവൻ രക്ഷിക്കാനായില്ല. മാമ്പ്ര ചെമ്പൻ പൗലോസിന്റെ മകളായ റീത്ത ഭർത്താവുമായിവീട്ടിൽ വന്ന് ഭർത്താവിന്റെ വീടായാ മരങ്ങാടത്ത് പോകുകയായിരുന്നു. മക്കൾ: അനില (നേഴസ് അപ്പോള ഹോസ്പറ്റിൽ കറുകുറ്റി), ജിയാ സംസ്ക്കാരം പിന്നിട്

മൾട്ടിസ്പെഷ്യാലിറ്റി ഹോസ്പിറ്റലിനായി എൻഎസ്ഇ ടാറ്റ മെമ്മോറിയൽ ആശുപത്രി സഹകരണം

കൊച്ചി: നവി മുംബൈയിൽ മൾട്ടിസ്പെഷ്യാലിറ്റി ബ്ലോക്കിനൊപ്പം 60 കിടക്കകളുള്ള ബോൺ മാരോ ട്രാൻസ്പ്ലാന്റ് സെന്ററും ഉൾപ്പെടുന്ന കാൻസർ ആശുപത്രി പദ്ധതിക്കായി നാഷണൽ സ്റ്റോക്ക് എക്സ്ചേഞ്ച് ഓഫ് ഇന്ത്യ(എൻഎസ്ഇ) തറക്കല്ലിട്ടു. സിഎസ്ആർ സംരംഭത്തിന്റെ ഭാഗമായി ടാറ്റ മെമ്മോറിയൽ സെന്ററുമായി ചേർന്നാണ് ഈ സംരംഭം. പ്രതിവർഷം ഏകദേശം 1.3 ലക്ഷം രോഗികൾക്ക് സേവനം നൽകുമെന്നും ഒരു വർഷത്തിനുള്ളിൽ 600-ലധികം ബോൺമാരോട്രാൻസ്പ്ലാന്റ് നടത്താനുള്ള ശേഷി ഇതിനുണ്ടാകുമെന്നും പ്രതീക്ഷിക്കുന്നു. 380 കോടി രൂപ ചെലവുവരുന്ന പദ്ധതി 2027 ജൂലൈയിൽ പ്രവർത്തനം ആരംഭിക്കാൻ ലക്ഷ്യമിടുന്നു. ചരിത്രപരമായ ഈ സംരംഭത്തിൽ ടാറ്റ മെമ്മോറിയൽ സെന്ററുമായി സഹകരിക്കാൻ കഴിഞ്ഞതിൽ അഭിമാനിക്കുന്നതായി എൻഎസ്ഇ എംഡിയും സിഇഒയുമായ ആശിഷ്കുമാർ ചൗഹാൻ പറഞ്ഞു.

ടൈറ്റൻ രാഗ ഗ്ലിമ്മേഴ്സ് വാച്ച് ശേഖരം പുറത്തിറക്കി



കൊച്ചി: ടൈറ്റൻ രാഗ ഗ്ലിമ്മേഴ്സ് വാച്ചുകളുടെ ശേഖരം വിപണിയിലവതരിപ്പിച്ചു. ജീവിതത്തിലെ ശക്തവും മാന്ത്രികവുമായ നിമിഷങ്ങളെ മറക്കാനാവാത്ത സിഗ്നേച്ചർ ശൈലികളാക്കി മാറ്റുന്നവയാണ് ഈ വാച്ച് ശേഖരം. ഗ്ലിമ്മേഴ്സ് വാച്ച് ശേഖരത്തെ വേറിട്ടു നിർത്തുന്നത് അതിൻറെ ശിൽപകലാപരമായ രൂപകൽപ്പനാശൈലിയാണ്. ഓരോ വാച്ചും ചലിക്കുന്ന ഒരു രത്നം പോലെ തോന്നുന്നവയാണ്. നിഴൽച്ചിത്രങ്ങളിൽ നിന്നും വാസ്തുവിദ്യാ കലയിൽ നിന്നും പ്രചോദനം ഉൾക്കൊണ്ട് നിർമ്മിച്ച ഗ്ലിമ്മേഴ്സ് വാച്ച് ശേഖരത്തിൽ കോച്ചർ ചാരുതയിലുള്ള ബോ ആകൃതിയിലുള്ള കേസുകൾ, ഒരുപോലെയല്ലാത്ത റിവേഴ്സിബിൾ ഡയലുകൾ, ചതുരാകൃതിക്കൊപ്പം വളവുള്ളതുമായ രൂപം, കൈത്തണ്ടയിൽ കവിത പോലെ തിളങ്ങുന്ന ക്രിസ്റ്റൽ-സ്റ്റഡ് ബ്രേസ്ലെറ്റുകൾ എന്നിവ ഉൾപ്പെടുന്നു. ഈ ശേഖരത്തിലെ ഓരോ വാച്ചും മറ്റുള്ളവരുടെ ശ്രദ്ധ ആകർഷിക്കുന്ന രീതിയിൽ തങ്ങളുടെ ആക്സസറികൾ ധരിക്കുന്ന സ്ത്രീകൾക്കായി രൂപകൽപ്പന ചെയ്തിരിക്കുന്നവയാണ്. 216 പിങ്ക്, മൗവ് നിറങ്ങളിലും വൈറ്റ് സ്റ്റോണിലും മിന്നിത്തിളങ്ങുന്നതും ചലിക്കുന്ന ബെസൽ, റോസ് ഗോൾഡ് ബാർക്ക്-ഫിനിഷ് സ്ട്രാപ്പ് എന്നിവയാൽ മനോഹരമാക്കപ്പെട്ടതുമാണ് ഗ്ലിമ്മേഴ്സ് ശേഖരത്തിലെ റേഡിയൻറ് ഹാർട്ട് വാച്ച്. ക്ലാസിക് ബോ മോട്ടിഫിനെ 274 മിന്നുന്ന കല്ലുകൾ സജ്ജീകരിച്ച ഒരു കോച്ചർ-പ്രചോദിത വാച്ചാക്കി മാറ്റുന്നതാണ് സെലസ്റ്റെ ബോ വാച്ച്. ആധുനികമായ ഈ വാച്ച് ആഘോഷത്തിൻറെയും സ്റ്റൈലിൻറെയും പ്രതീകമാണ്. വെളുത്ത മദർ-ഓഫ്-പേൾ ഡയലുകളും ഫോറസ്റ്റ് ഗ്രീൻ സൺറേ ഡയലുകളും വെളിപ്പെടുത്തുന്ന ഒരു സ്ലൈഡിംഗ് സ്ക്വയർ കേസാണ് ഗ്ലിമ്മേഴ്സ് ശേഖരത്തിലെ സീക്രട്ട് അവർ വാച്ചിനെ വൈവിധ്യമാർന്നതാക്കുന്നത്. ഓരോ വാച്ച് ഫെയ്സും അഭിലാഷത്തിൻറെയും സാഹസികതയുടെയും ആത്മപ്രകാശനത്തിൻറെയും കഥയാണ് പറയുന്നത്. രാഗ ഗ്ലിമ്മേഴ്സിലൂടെ ഡിസൈനിനപ്പുറം പോയി സ്ത്രീകളുടെ തിളക്കം, പ്രതീക്ഷ, സന്തോഷം എന്നിവ പ്രതിഫലിപ്പിക്കുന്ന ഒരു വികാരം പകർത്താനാണ് ഞങ്ങൾ ആഗ്രഹിച്ചതെന്ന് ടൈറ്റൻ കമ്പനി ലിമിറ്റഡിലെ ടൈറ്റൻ വാച്ചസ് ആൻറ് രാഗയുടെ മാർക്കറ്റിംഗ് ഹെഡ് അപർണ രവി പറഞ്ഞു. ഓരോ കരുതലിലും അവൾ വളർത്തിയെടുക്കുന്ന ഓരോ ബന്ധത്തിലും പിന്തുടരാൻ ധൈര്യപ്പെടുന്ന ഓരോ സ്വപ്നത്തിലും അവൾ തൻറെ തിളക്കം വഹിക്കുന്നു. ഗ്ലിമ്മേഴ്സ് ശേഖരം ഈ വിശ്വാസത്തിൽ നിന്നാണ് ജനിച്ചത്. ഉത്സവകാലത്തിലേക്ക് കടക്കുമ്പോൾ, ഈ ശേഖരം സ്റ്റൈലിനെ ഉയർത്തുന്നതിന് പുറമെ രാഗയും അതിനെ നിർവചിക്കുന്ന സ്ത്രീകളും തമ്മിലുള്ള ബന്ധം കൂടുതൽ ആഴത്തിലുള്ളതാക്കുമെന്ന് ഞങ്ങൾ വിശ്വസിക്കുന്നവെന്നും അപർണ രവി പറഞ്ഞു. 8,395 രൂപ മുതൽ 28,795 രൂപ വരെ വിലയുള്ള 16 വ്യത്യസ്ത മോഡലുകളാണ് രാഗ ഗ്ലിമ്മേഴ്സ് ശേഖരത്തിലുള്ളത്. എല്ലാ ടൈറ്റൻ ഔട്ട്ലെറ്റുകളിലും ശേമി.രീ.ശിൽ ഓൺലൈനായും ഈ വാച്ച് ശേഖരം ലഭ്യമാണ്. ജീവിതത്തിൻറെ തിളക്കം ആഘോഷിക്കുന്ന ഈ ശേഖരത്തിൻറെ കാമ്പയിൻ നയിക്കുന്നത് ടൈറ്റൻ രാഗ ബ്രാൻഡ് അംബാസിഡറായ ആലിയ ഭട്ട് ആണ്. അനായാസമായ ആത്മവിശ്വാസവും വ്യക്തി പ്രഭാവവും ആഘോഷത്തിൻറെ ആത്മാവും ഉൾക്കൊണ്ടാണ് ആലിയ പുതിയ രാഗ ഗ്ലിമ്മേഴ്സ് വാച്ചുകൾ അവതരിപ്പിക്കുന്നത്.

ചെമ്പ് വില ആയിരം രൂപയിലേക്ക്,വ്യാവസായിക ഉപഭോഗം കരുത്തായി

കൊച്ചി: സ്വർണത്തിനും വെള്ളിക്കുമൊപ്പം ചെമ്പിന്റെ വിലയും കുതിക്കുന്നു. സ്വർണാഭരണങ്ങളിലെ ചേരുവയാണെങ്കിലും ചെമ്പിന്റെ വിലക്കയറ്റത്തിന് കാരണം ഇതല്ല. ലോകത്തിലെ രണ്ടാംനമ്പർ ചെമ്പുഖനിയായ ഇന്തോനേഷ്യയിലെ ഗ്രാസ്ബെർഗിൽ ഉത്പാദനം നിലച്ചതും ഇലക്ട്രിക് വാഹനങ്ങളുമാണ് ഡിമാൻഡ് കൂട്ടുന്നത്. ഇന്ത്യയിൽ ചെമ്പുവില കിലോയ്ക്ക് 974രൂപ വരെയെത്തി. 2020ലെ അപേക്ഷിച്ച് 357 രൂപയുടെ വർദ്ധന. പ്രളയത്തിൽ വൻതോതിൽ ചെളിയടിഞ്ഞാണ് ഇന്തോനേഷ്യൻ ഖനിയുടെ പ്രവർത്തനം നിലച്ചത്. ഇതോടെ വിപണിയിൽ ഈ വർഷം രണ്ടരലക്ഷംടൺ ചെമ്പിന്റെ ലഭ്യത കുറയും. ഖനനം പുനരാരംഭിക്കാൻ സമയമെടുക്കുമെന്നതിനാൽ അടുത്തവർഷവും ക്ഷാമവും വിലക്കയറ്റവും ഉണ്ടായേക്കും.

ഇലക്ട്രിക് കാറിൽ50 കിലോവരെ വേണം

പെട്രോൾ, ഡീസൽകാറുകളിൽ ആവശ്യമുള്ളതിനേക്കാൾ മൂന്നിരിട്ടി ചെമ്പ് ഇലക്ട്രിക് കാറുകളിൽ വേണ്ടിവരുന്നു. 25 കിലോ മുതൽ 50 കിലോവരെ ചെമ്പാണ് ഒരു ഇലക്ട്രിക് വാഹനത്തിന് വേണ്ടത്. ആഗോളതലത്തിൽ ഇലക്ട്രിക് വാഹനങ്ങളുടെ ഉത്പാദനം പ്രതിവർഷം 12 ലക്ഷം യൂണിറ്റാണ്.

എം.എം.സി ബാങ്കിനെ ഏറ്റെടുക്കാൻ പീപ്പിൾസ് അർബൻ കോ– ഓപ്പറേറ്റീവ് ബാങ്ക്

കൊച്ചി:മട്ടാഞ്ചേരിമഹാജനിക് കോഓപ്പറേറ്റീവ്(എം.എം.സി)ബാങ്കിനെതൃപ്പൂണിത്തുറപീപ്പിൾസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ഏറ്റെടുക്കുന്നു. റിസർവ് ബാങ്കിന്റെ സൂപ്പർവൈസറി നിയന്ത്രണത്തിലായ എം.എം.സിബാങ്കിന് ഏറെആശ്വാസമാകുന്നനീക്കത്തിന് പീപ്പിൾസ് അർബൻകോ-ഓപ്പറേറ്റീവ് ബാങ്കിന്റെഓഹരിഉടമകളുടെവിശേഷാൽപൊതുയോഗംഅനുമതിനൽകി.എം.എം.സിബാങ്കിലെവിശേഷാൽപൊതുയോഗവും പീപ്പിൾസ് അർബൻകോ-ഓപ്പറേറ്റീവ് ബാങ്കുമായി ലയിക്കാനുള്ളതീരുമാനംഅംഗീകരിച്ചു.മൂന്ന് മാസത്തിനുള്ളിൽലയനത്തിന് റിസർവ് ബാങ്ക് അംഗീകാരം ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ലയനധാരണപ്രകാരംഎം.എം.സിയുടെരണ്ട് ഓഹരികൾക്ക് പീപ്പിൾസ് അർബൻബാങ്കിന്റെ ഒരുഓഹരിലഭിക്കും.ലയനത്തോടെപീപ്പിൾസ് അർബൻബാങ്കിന് മട്ടാഞ്ചേരിഭാഗത്തുംപ്രവർത്തനംസാദ്ധ്യമാകും.എം.എം.സിബാങ്കിന്റെഅഞ്ച് ശാഖകളുംചേരുന്നതോടെപീപ്പിൾസ് അർബൻ ബാങ്കിന്റെശാഖകളുടെഎണ്ണം 28ആയിഉയരും. പീപ്പിൾസ് ബാങ്ക് ഓഡിറ്റോറിയത്തിൽനടന്നപ്രാതിനിധ്യപൊതുയോഗത്തിൽബാങ്ക് ചെയർമാൻ ടി.സിഷിബു,വൈസ് ചെയർമാൻസോജൻആന്റണി,ഡയറക്ടർഅഡ്വ.എസ്.മധുസൂദനൻ,സി.ഇ.ഒ കെ ജയപ്രസാദ് എന്നിവർ പങ്കെടുത്തു.

റെക്കാഡുകൾ പുതുക്കി സ്വർണം പറക്കുന്നു

പവൻ വില ആയിരം രൂപ ഉയർന്ന് 88560 രൂപയിൽ

കൊച്ചി: രാജ്യാന്തര വിപണിയുടെ ചുവടുപിടിച്ച് കേരളത്തിൽ ഇന്നലെ പവൻ വില ആയിരം രൂപ വർദ്ധിച്ച് 88560 രൂപയിലെത്തി. ഗ്രാമിന്റെ വില 125 രൂപ ഉയർന്ന് 11,070 രൂപയിലെത്തി. രാജ്യാന്തര വിപണിയിൽ വില ഔൺസിന്(31.1ഗ്രാം) 3,930 ഡോളറിലാണ്. 24 കാരറ്റ് സ്വർണത്തിന്റെ ബാങ്ക് നിരക്ക് കിലോയ്ക്ക് 1.3 കോടി രൂപയായി. നടപ്പു വർഷം രാജ്യാന്തര വിപണിയിൽ സ്വർണ വിലയിൽ 1,300 ഡോളറിന്റെ വർദ്ധനയാണുണ്ടായത്. അമേരിക്കയിലെ അടച്ചുപൂട്ടൽ നടപടികളും വ്യാപാര തീരുവ അനിശ്ചിതത്വവും കണക്കിലെടുത്ത് വൻകിട നിക്ഷേപ സ്ഥാപനങ്ങളും കേന്ദ്ര ബാങ്കുകളും സുരക്ഷിത നിക്ഷേപമെന്ന നിലയിൽ സ്വർണം വാങ്ങി കൂട്ടിയതാണ് വിലയിൽ കുതിപ്പുണ്ടാക്കിയത്. ലോകം വീണ്ടുമൊരു മാന്ദ്യത്തിലേക്ക് നീങ്ങുകയാണെന്നും നിക്ഷേപകർ വിലയിരുത്തുന്നു. അമേരിക്കൻ ഡോളർ, യു.എസ് ബോണ്ടുകൾ എന്നിവ ഒഴിവാക്കിയാണ് കേന്ദ്ര ബാങ്കുകൾ സ്വർണ ശേഖരം കൂട്ടുന്നത്.

ആഭരണമായി വാങ്ങുമ്പോൾ വില 96,000 രൂപ കവിയും

നിലവിലെ വിലയിൽ ഒരു പവൻ സ്വർണാഭരണം വാങ്ങണമെങ്കിൽ ഏറ്റവും കുറഞ്ഞ പണിക്കൂലിയിൽ പോലും 96,000 രൂപയിലധികമാകും. മൂന്ന് ശതമാനം ജി.എസ്.ടിയും സെസുമടക്കമാണിത്.

വില ലക്ഷം രൂപയിലേക്ക്

ആഗോള രാഷ്ട്രീയ, സാമ്പത്തിക സാഹചര്യങ്ങളിൽ മാറ്റമുണ്ടായില്ലെങ്കിൽ നടപ്പുവർഷം തന്നെ പവൻ വില ഒരു ലക്ഷം രൂപ കവിഞ്ഞേക്കും. രാജ്യാന്തര വില 4,000 ഡോളർ കവിയുമെന്നാണ് പ്രവചനം.

ടാൽറോപ്പ് സിലിക്കൺ വാലി മോഡൽ പുത്തൂരിലും

ഒല്ലൂർ: ടാൽറോപ്പിന്റെ സിലിക്കൺ വാലി മാതൃകയിലെ വില്ലേജ് പാർക്ക് തൃശൂരിലെ പുത്തൂർ ഗ്രാമപഞ്ചായത്തിൽ റെവന്യൂ മന്ത്രി കെ. രാജൻ വില്ലേജ് പാർക്കിന്റെ ഉദ്ഘാടനം നിർവഹിച്ചു. എഡ്യുക്കേഷൻ, ടെക്നോളജി, സംരംഭക മേഖലകളിലെ മുന്നേറ്റത്തിന് വില്ലേജ് പാർക്ക് സഹായിക്കുമെന്ന് മന്ത്രി പറഞ്ഞു. അമേരിക്കയിലെ സിലിക്കൺ വാലിയുടെ മാതൃകയിൽ കേരളത്തിൽ ആഗോള സംരംഭങ്ങൾ വളർത്തിയെടുക്കാനാണ് ലക്ഷ്യം. തൃശൂർ ജില്ലയിലെ നാലാമത്തെ വില്ലേജ് പാർക്കാണിത്. അന്തർദേശീയ നിലവാരത്തിലുള്ളഅടിസ്ഥാനസൗകര്യങ്ങൾ, അത്യാധുനിക സൗകര്യമുള്ള വർക്ക്സ്പേസ്, ഐ.ടി പ്രൊഫഷണലുകളുടെയും സംരംഭകരുടെയും സാന്നിദ്ധ്യം എന്നിവയാണ് ആകർഷണം. വില്ലേജ് പാർക്കിലൂടെ അനവധി സംരംഭങ്ങളെത്തുന്നതോടെ പുതിയ തൊഴിലവസരങ്ങളും വരുമാന മാർഗവും പുത്തൂരിലുണ്ടാകുമെന്ന് ടാൽറോപ് സ്ഥാപകനും എക്സിക്യൂട്ടീവ് ചെയർമാനുമായ സഫീർ നജുമുദ്ദീൻ പറഞ്ഞു. 'വൺ ക്രിയേറ്റർ ഫ്രം വൺ വാർഡ്', ഗ്രാമപഞ്ചായത്തിലെ വനിതകൾക്കായി വിവിധ ശാക്തീകരണത്തിനുള്ള 'പിങ്ക് കോഡേഴ്സ്' എന്നീ പദ്ധതികളുടെ ഉദ്ഘാടനവും നടന്നു. പുത്തൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് മിനി ഉണ്ണികൃഷ്ണൻ, ടാൽറോപ് പി.ആർ വൈസ് പ്രസിഡന്റ് ജിയോപോൾ, മാർക്കറ്റിംഗ് വൈസ് പ്രസിഡന്റ് ടി.എ അതുൽ , ഇക്കോസിസ്റ്റം ഓഫീസർ മുഹമ്മദ് ഹാരിസ്, ഇക്കോസിസ്റ്റം സ്ട്രാറ്റജിസ്റ്റ് ഹന്നത്ത് നിഷാന തുടങ്ങിയവർ പങ്കെടുത്തു. സിലിക്കൺ വാലി മോഡൽ പുത്തൂർ പ്രൊജക്ടിന്റെ ഇൻഫ്രാസ്ട്രക്ചർ പാർട്ണറായ ഷീബ വിജയരാഘവനെ ഉദ്ഘാടന ചടങ്ങിൽ ആദരിച്ചു.

മോണിറ്ററുകൾക്ക് ഓഫർ ദീപാവലി സെയിൽ തുടരുന്നു



ഇപ്പോൾ വെറും ഡിസ്പ്ലേകൾ മാത്രമല്ല; ഉത്പാദനക്ഷമത, ഗെയിമിങ്, വിനോദം എന്നിവയ്ക്ക് അവ മികച്ച ഒരു ഓപ്ഷനാണ്. അൾട്രാ-ക്ലിയർ റെസല്യൂഷനുകൾ മുതൽ മിന്നൽ വേഗത്തിലുള്ള റീഫ്രെഷ് റേറ്റുകൾ വരെ, മികച്ച ബ്രാൻഡുകൾ വാഗ്ദാനം ചെയ്യുന്നു. നിങ്ങൾക്ക് പ്രൊഫഷണൽ ജോലികൾക്കോ, ആഴത്തിലുള്ള ഗെയിമിങ്ങിനോ, അല്ലെങ്കിൽ നിങ്ങളുടെ പ്രിയപ്പെട്ട ഷോകൾ നിർത്താതെ കാണുന്നതിനോ ഒരു മോണിറ്റർ വേണമെങ്കിലും ശരിയായൊരെണ്ണം തിരഞ്ഞെടുക്കാം. സാംസങ് S3 ഫ്ലാറ്റ് 24 ഇഞ്ച് മോണിറ്റർ, മികച്ച കളർ കൃത്യതയും വ്യക്തമായ വിശദാംശങ്ങളുമുള്ള ഒരു ഫുൾ എച്ച്ഡി ഐപിഎസ് പാനൽ അനുഭവം നൽകുന്നു. അതിന്റെ നേർത്ത, ബോർഡറുകളില്ലാത്ത ഡി സൈൻ ദൃശ്യാനുഭവം വർദ്ധിപ്പിക്കുന്നു, ഇത് ജോലിക്കും സാധാരണ ഗെയിമിങ്ങിനും ഒരുപോലെ മികച്ചതാക്കുന്നു. 100 Hz റീഫ്രെഷ് റേറ്റും 5 ms റെസ്പോൺസ് ടൈമും ഇവയ്ക്കുണ്ട്. അതിന്റെ മനോഹരമായ മാറ്റ് ഫിനിഷിന് പുറമേ, ഐ സേവർ മോഡ്, ഫ്ലിക്കർ-ഫ്രീ ടെക്നോളജി തുടങ്ങിയ കണ്ണിന് ആയാസം നൽകാത്ത തരത്തിലുള്ള നിരവധി ഫീച്ചറുകളും ഈ മോണിറ്ററിൽ ഉൾപ്പെടുന്നു. എച്ച്ഡിഎംഐ, വിജിഎ പോർട്ടുകൾ വിവിധതരം കണക്റ്റിവിറ്റിയെ പിന്തുണയ്ക്കുമ്പോൾ, വാൾ-മൗണ്ട് സൗകര്യം ഏത് സെറ്റപ്പിനും കൂടുതൽ ഫ്ലെക്സിബിലിറ്റി നൽകുന്നു.

എൽജി അൾട്രാഗിയർ 24GS65F https://amzn.to/47aKytI

എൽജി അൾട്രാഗിയർ 24GS65F, 180 Hz doഫ്രെഷ് റേറ്റും 1ാ റെസ്പോൺസ് ടൈമും ഉപയോഗിച്ച് ഗെയിമിംഗ് അനുഭവം ഒരു പുതിയ തലത്തിലേക്ക് എത്തിക്കുന്നു, ഇത് കൂടുതൽ സുഗമവും വേഗതയേറിയതുമായ ഗെയിംപ്ലേ ഉറപ്പാക്കുന്നു. എച്ച്ഡിആർ10 പിന്തുണയോടെയുള്ള ഐപിഎസ് പാനൽ, അതിശയകരമായ കളർ കൃത്യത നൽകുന്നു, ഇത് ഗെയിമിങ്ങിൽ ആഴത്തിലുള്ള അനുഭവത്തിനായി വ്യക്തവും ദൃശ്യങ്ങൾ സൃഷ്ടിക്കുന്നു.

NVIDIA G-Sync, AMD FreeSync എന്നിവയെ പിന്തുണയ്ക്കുന്നതിനാൽ, ഇത് സ്ക്രീൻ ടിയറിങ്ങും സ്റ്റട്ടറിംഗും ഒഴിവാക്കി കുറ്റമറ്റ പ്രകടനം കാഴ്ചവെക്കുന്നു. ടിൽറ്റ്, പിവറ്റ്, ഉയരം ക്രമീകരിക്കാനുള്ള സൗകര്യങ്ങളോടുകൂടിയ എർഗണോമിക് സ്റ്റാൻഡ് പ്രൊഫഷണൽ തലത്തിലുള്ള സൗകര്യം നൽകുന്നു.

സെബ്രോണിക്സ് EA124 എൽഇഡി മോണിറ്റർ https://amzn.to/48OJCMI സെബ്രോണിക്സ് EA124 മോണിറ്റർ തുടക്കക്കാർക്കായി ആകർഷകമായ വലുപ്പവും ഒരുമിപ്പിക്കുന്നു. 24 ഇഞ്ച് എഫ്എച്ച്ഡി ഡിസ്പ്ലേയും 100 ഖ റീഫ്രെഷ് റേറ്റുമുള്ള ഈ മോണിറ്റർ, ജോലി, സിനിമ, ചെറിയ ഗെയിമിങ് എന്നിവയ്ക്ക് മികച്ച റെസ്പോൺസ് നൽകുന്നു. അതിന്റെ 178° വൈഡ് വ്യൂയിങ് ആങ്കിൾ ഏത് ദിശയിൽ നിന്നും വ്യക്തമായ കാഴ്ച ഉറപ്പാക്കുന്നു. നേർത്ത അൾട്രാ-സ്ലിം ബെസലുകളും ഒരു മെറ്റൽ സ്റ്റാൻഡും ഉപയോഗിച്ച് നിർമ്മിച്ച ഇതിൽ, സൗകര്യത്തിനായി ബിൽറ്റ്-ഇൻ സ്പീക്കറുകളും ഉൾപ്പെടുത്തിയിട്ടുണ്ട്. ഡ്യുവൽ എച്ച്ഡിഎംഐ, വിജിഎ ഇൻപുട്ട് പിന്തുണ കണക്റ്റിവിറ്റി വർദ്ധിപ്പിക്കുന്നു

എയർടെൽ ബിസിനസിന് റെയിൽവേയുടെ സുരക്ഷാ ഓപ്പറേഷൻസ് സെന്റർ കരാർ ലഭിച്ചു

തിരുവനന്തപുരം: എയർടെൽ ബിസിനസിന് ഇന്ത്യൻ റെയിൽവേ സെക്യൂരിറ്റി ഓപ്പറേഷൻസ് സെന്ററിന്റെ (ഐആർഎസ്ഒസി) കരാർ ലഭിച്ചു. ഇന്ത്യൻ റെയിൽവേയുടെ ഡിജിറ്റൽ നെറ്റ്വർക്ക് സംരക്ഷിക്കാനുള്ള സൈബർ സുരക്ഷാ സേവനങ്ങൾ നൽകുന്നതിനുള്ള ബഹുവർഷ കരാറാണ് ലഭിച്ചത്. ഈ കരാർ അനുസരിച്ച് എയർടെൽ ഒരു പുതിയ, ബഹുതല സൈബർ സുരക്ഷാ സംവിധാനം രൂപകൽപ്പന ചെയ്യും. ഈ സംവിധാനം ഇന്ത്യൻ റെയിൽവേയുടെ ഐടി നെറ്റ്വർക്കിനെ സൈബർ ഭീഷണികളിൽ നിന്നും 24 മണിക്കൂറും സംരക്ഷിക്കും. ഇതിലൂടെ റെയിൽവേയുടെ എല്ലാ ഡിജിറ്റൽ സേവനങ്ങളും സുരക്ഷിതമായി, തടസ്സമില്ലാതെ, സുതാര്യമായി പ്രവർത്തിക്കും. ഈ പുതിയ ഡാറ്റാ സുരക്ഷാ സംവിധാനത്തിലൂടെ നൂറുകോടിയിലധികം ഇന്ത്യക്കാർക്ക് പ്രയോജനം ലഭിക്കും. ടിക്കറ്റ് ബുക്കിംഗ്, ഓൺലൈൻ പേയ്മെന്റ്, ട്രെയിൻ ട്രാക്കിംഗ്, റെയിൽവേയുമായി ബന്ധപ്പെട്ട മറ്റ് ഡിജിറ്റൽ സേവനങ്ങൾ എന്നിവ കൂടുതൽ എളുപ്പവും സുരക്ഷിതവുമാകുകയും ചെയ്യും. ഈ സംവിധാനം എല്ലാ സുരക്ഷാ നിയന്ത്രണങ്ങളും ഒരേ കേന്ദ്രത്തിൽ നിന്ന് കൈകാര്യം ചെയ്യുന്നതിനാൽ, രാജ്യത്തെ 26 സ്ഥലങ്ങളിൽ പ്രവർത്തിക്കുന്ന ഏകദേശം 1,60,000 ജീവനക്കാരുൾപ്പെടെ റെയിൽവേയുടെ എല്ലാ ഡിജിറ്റൽ സേവനങ്ങളും എപ്പോഴും സുരക്ഷിതമായും തടസ്സമില്ലാതെയും പ്രവർത്തിക്കുന്നതാക്കും. ഈ പദ്ധതിയിൽ ലോകത്തിലെ ഏറ്റവും വിശ്വസനീയമായ ആധുനിക സാങ്കേതികവിദ്യകൾ ഉപയോഗിക്കും. അതോടൊപ്പം, ''മേക്ക് ഇൻ ഇന്ത്യ'' പദ്ധതിയുടെ ഭാഗമായി വികസിപ്പിച്ച ഇന്ത്യൻ സൈബർ സുരക്ഷാ സാങ്കേതികവിദ്യകളും ഉൾപ്പെടുത്തും. ഇവ ഉപയോഗിച്ച് എയർടെൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ (എഐ) സഹായത്തോടെ സൈബർ ഭീഷണികളെ തിരിച്ചറിഞ്ഞ്, തടയുന്ന ഒരു സ്മാർട്ട് സുരക്ഷാ സംവിധാനം രൂപകൽപ്പന ചെയ്യും. ഈ സംവിധാനം റെയിൽവേയെ ഡിജിറ്റൽ ഭീഷണികളിൽ നിന്നും സംരക്ഷിക്കും

മാൻ കാൻകോറിന് നാല് ദേശീയ, അന്തർദേശീയ പുരസ്കാരങ്ങൾ

കൊച്ചി: ആഗോള സ്പൈസ് എക്സ്ട്രാക്ട് വിപണിയിലെ മുൻനിര കമ്പനിയായ മാൻ കാൻകോറിന് നാല് ദേശീയ, അന്തർദേശീയ പുരസ്കാരങ്ങൾ. സസ്റ്റെയിനബിൾ സോഴ്സിങ്, ഇന്നവേഷൻ, ജീവനക്കാരുടെ ക്ഷേമം, എന്നീ മേഖലകളിലെ മികവിനാണ് അംഗീകാരം. എഫ്ഐ ഇന്ത്യ 2025, ഇഫിയാറ്റ് 2025 (ഐഎഫ്ഇഎടി) , സിഐഐ കേരള എച്ച്ആർ കോൺക്ലേവ് 2025 എന്നിവയുടെ അവാർഡുകളാണ് ലഭിച്ചത്. എഫ്ഐ ഇന്ത്യ 2025-ൽ സസ്റ്റയിനബിൾ സോഴ്സിങ് മികവിനുള്ള പുരസ്കാരം കമ്പനിയുടെ മിന്റ് സസ്റ്റയിനബിലിറ്റി പ്രോ?ഗ്രാമിന് ലഭിച്ചു. ഉത്തർപ്രദേശിലെ 550 ഗ്രാമങ്ങളിലായി 6,000-ത്തിലധികം കർഷകരുമായി സഹകരിച്ച് നടപ്പാക്കുന്ന പദ്ധതിയിലൂടെ ജലസേചനം 30 ശതമാനവും ഹരിതഗൃഹ വാതകത്തിന്റെ പുറംതള്ളൽ 37 ശതമാനവും കുറയ്ക്കാൻ സാധിച്ചു. ഈ പ്രവർത്തനങ്ങൾക്ക് ഇഫിയാറ്റ് 2025-ലെ സസ്റ്റെയിനബിലിറ്റി പുരസ്കാരം- വൻകിട കമ്പനികളുടെ വിഭാഗത്തിൽ രണ്ടാം സ്ഥാനവും മാൻ കാൻകോർ നേടി. എഫ്ഐ ഇന്ത്യ 2025-ൽ കമ്പനി അവതരിപ്പിച്ച സിചുവാൻ പെപ്പർ ഒലിയോറെസിൻ(Sichuan Pepper Oleoresin) ഏറ്റവും നൂതനമായ മൂന്ന് ഉൽപ്പന്നങ്ങളിൽ ഒന്നായി തിരഞ്ഞെടുക്കപ്പെട്ടു. സവിശേഷമായ മണവും രുചിയുമുള്ള ഈ ചേരുവ, സോസുകൾ, മസാലക്കൂട്ടുകൾ എന്നിവയുടെ നിർമ്മാണത്തിൽ ഏറെ പ്രാധാന്യമർഹിക്കുന്നതാണ്. ജീവനക്കാരുടെ ക്ഷേമത്തിനായി നടപ്പാക്കുന്ന മികച്ച പ്രവർത്തനങ്ങൾക്ക് സിഐഐ കേരള എച്ച്ആർ കോൺക്ലേവ് 2025-ൽ 'ബെസ്റ്റ് എംപ്ലോയീ വെൽബീയിംഗ് പ്രാക്ടീസസ്' വിഭാഗത്തിലും പുരസ്കാരം നേടി. ഈ പുരസ്കാരങ്ങൾ കമ്പനിയുടെ സസ്റ്റയിനബിലിറ്റി, ഇന്നവേഷൻ പ്രോ?ഗ്രാമുകളിലുള്ള പ്രതിബദ്ധത ഊട്ടിയുറപ്പിക്കുന്നതാണെന്ന് മാൻ കാൻകോർ സിഇഒയും എക്സിക്യൂട്ടീവ് ഡയറക്ടറുമായ ഡോ. ജീമോൻ കോര പറഞ്ഞു. കർഷക ശാക്തീകരിക്കുന്നതിലൂടെയും ആഗോള വിപണിക്കായി മികച്ച പ്രകൃതിദത്ത ചേരുവകൾ ഒരുക്കുന്നതിലൂടെയും ശാസ്ത്രത്തെയും പ്രകൃതിയെയും ഒരുമിപ്പിക്കാൻ കമ്പനിക്ക് കഴിഞ്ഞുവെന്നും അദ്ദേഹം വ്യക്തമാക്കി.

കിറ്റ്സിന് ദേശീയ പുരസ്കാരം

തിരുവനന്തപുരം: ടൂറിസം മാനവവിഭവശേഷി രംഗത്തെ മികവിന് ഫെഡറേഷൻ ഒഫ് ഇന്ത്യൻ ചേംബഴ്സ് ഒഫ് കോമേഴ്സ് ആൻഡ് ഇൻഡസ്ട്രിയുടെ(ഫിക്കി) അംഗീകാരം കേരള ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് ടൂറിസം ആൻഡ് ട്രാവൽ സ്റ്റഡീസിന് (കിറ്റ്സ്) ലഭിച്ചു. കഴിഞ്ഞ ദിവസം ന്യൂഡൽഹിയിൽ നടന്ന ചടങ്ങിൽ കേന്ദ്ര ഗതാഗത മന്ത്രി നിതിൻ ഗഡ്കരിയിൽ നിന്ന് കിറ്റ്സ് ഡയറക്ടർ ഡോ. എം.ആർ ദിലീപ് അവാർഡ് സ്വീകരിച്ചു. 'എക്സലൻസ് ഇൻ ക്രിയേറ്റിംഗ് എംപ്ലോയ്മെന്റ് ആൻഡ് എൻട്രപ്രണർഷിപ്പ്' എന്ന വിഭാഗത്തിൽ പ്രത്യേക ജൂറി പുരസ്കാരമാണ് ലഭിച്ചത്. ടൂറിസം വ്യവസായത്തിന്റെ മാനവ വിഭവശേഷി അടിത്തറ ശക്തിപ്പെടുത്തുന്നതിൽ സംസ്ഥാനത്തിന്റെ പ്രതിബദ്ധതയ്ക്കുള്ള അംഗീകാരമാണിതെന്ന് മന്ത്രി പി.എ മുഹമ്മദ് റിയാസ് പറഞ്ഞു.

സമന്താ ജോയ്ആലുക്കാസ് ബ്രാൻഡ് അംബാസഡർ

കൊച്ചി: പ്രമുഖ ജുവലറി ഗ്രൂപ്പായ ജോയ്ആലുക്കാസ് ദക്ഷിണേന്ത്യൻ സിനിമാ താരം സമന്താ റൂത്ത് പ്രഭുവിനെ പുതിയ ബ്രാൻഡ് അംബാസഡറായി പ്രഖ്യാപിച്ചു. ആത്മവിശ്വാസവും സ്റ്റൈലും വ്യത്യസ്തമായ വ്യക്തിത്വവുമുള്ള ആധുനിക വനിതയെ പ്രതിനിധീകരിക്കുന്ന ബ്രാൻഡാണ് സമന്താ. ജീവിതത്തിലെ അമൂല്യ നിമിഷങ്ങളെ ആഭരണങ്ങളിലൂടെ ആഘോഷിക്കണമെന്ന ദൗത്യത്തോട് പൂർണമായും പൊരുത്തപ്പെടുന്നുവെന്നും അവരെ ജോയ്ആലുക്കാസ് കുടുംബത്തിലേക്ക് സ്വാഗതം ചെയ്യുന്നതിൽ അഭിമാനമുണ്ടെന്നും ഗ്രൂപ്പ് ചെയർമാൻ ഡോ. ജോയ് ആലുക്കാസ് പറഞ്ഞു. പ്രമുഖ നടി കാജോൾ നിലവിൽ ബ്രാൻഡിനെ പ്രതിനിധീകരിക്കുന്നുണ്ട്. ഇനി മുതൽ ജോയ്ആലുക്കാസിന്റെ ആഗോള ഐക്കണുകൾ സാമന്തയും

ആമസോൺ ഗ്രേറ്റ് ഇന്ത്യൻ ഫെസ്റ്റിവൽ തുടരുന്നു ലാപ്ടോപ്പുകൾക്ക് ഓഫർ

ആമസോൺ ഗ്രേറ്റ് ഇന്ത്യൻ ഫെസ്റ്റിവൽ സെയിൽ തുടരുന്നതിനാൽ ദീപാവലി ഷോപ്പിങ്ങിന് പർച്ചേസ് ചെയ്യാൻ ആളുകൾ കൂടുതലാണ്. നിങ്ങൾ ഒരു പുതിയ ലാപ്ടോപ്പ് വാങ്ങാൻ ആഗ്രഹിക്കുന്നുവെങ്കിൽ ഇത് തന്നെ പറ്റിയ സമയം. മികച്ച ഓപ്ഷനുകൾ നിങ്ങൾക്ക് മുന്നിൽ എത്തിക്കുന്നു. കൂടാതെ ബാങ്ക് ഓഫറുകൾ, കൂപ്പണുകൾ, എക്സ്ചേഞ്ച് ഡീലുകൾ എന്നിവ വില ഇനിയും കുറയ്ക്കുന്നു. എച്ച്പി 15, ഇന്റൽ കോർ i3 1315U (13th sP3) പ്രോസസറുമായി വരുന്നു. 15.6 ഇഞ്ച് FHD, ആന്റി-ഗ്ലെയർ, മൈക്രോ-എഡ്ജ് ഡിസ്പ്ലേ, വേഗതയേറിയ 512GB SSD, 8GB DDR4 റാം എന്നിവ ദൈനംദിന ജോലികൾ, പഠനം, ബ്രൗസിങ് എന്നിവയ്ക്ക് മികച്ചതാണ്. വിൻഡോസ് 11, മൈക്രോസോഫ്റ്റ് 365 ബേസിക് (1 വർഷം), ഓഫീസ് ഹോം 2024 എന്നിവ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആമസോൺ ഗ്രേറ്റ് ഇന്ത്യൻ ഫെസ്റ്റിവൽ 2025-ൽ, 33 കിഴിവ് ഇതിനെ മികച്ച ലാപ്ടോപ്പുകളിൽ ഒന്നാക്കി മാറ്റുന്നു, ഒപ്പം ബാങ്ക് ഓഫറുകളുമുണ്ട്. ഈ സെയിലിൽ നിങ്ങൾ തീർച്ചയായും പരിഗണിക്കേണ്ട എച്ച്പി ലാപ്ടോപ്പിലെ മികച്ച ഡീലാണിത്.

മൈഗ്രെയ്ൻ നിങ്ങളെ അലട്ടുന്നുണ്ടോ ? എങ്കിൽ ഇക്കാര്യങ്ങൾ ശ്രദ്ധിച്ചോളൂ

ചില മരുന്നുകൾ, മദ്യം, അമിതമായ കഫീൻ ഉപഭോഗം എന്നിവയും മൈഗ്രേയ്ന് കാരണമാകും. സമ്മർദ്ദം, ക്രമരഹിതമായ ഉറക്ക രീതികൾ, എന്നിവ മൈഗ്രേയ്ൻ പ്രശ്നത്തെ രൂക്ഷമാക്കാം. സാധാരണ തലവേദനയേക്കാൾ വളരെ കഠിനമായിരിക്കും മൈഗ്രെയ്ൻ തലവേദന. തലയുടെ ഒരു വശത്ത് അനുഭവപ്പെടുന്ന വേദനയ്ക്ക് പുറമേ, മങ്ങിയ കാഴ്ച, ഓക്കാനം, ഛർദ്ദി എന്നിവയും മൈഗ്രെയിനിന്റെ ലക്ഷണങ്ങളിൽ ഉൾപ്പെടുന്നു. വേദന മണിക്കൂറുകൾ മുതൽ ദിവസങ്ങൾ വരെ നീണ്ടു നിൽക്കും. ഇത് ദൈനംദിന പ്രവർത്തനങ്ങളിൽ ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നു. സ്ത്രീകളിൽ, മൈഗ്രെയിനുകൾക്ക് പിന്നിലെ ഏറ്റവും സാധാരണമായ കാരണം ഹോർമോൺ അസന്തുലിതാവസ്ഥയാണ്.

ചില മരുന്നുകൾ, മദ്യം, അമിതമായ കഫീൻ ഉപഭോഗം എന്നിവയും മൈഗ്രേയ്ന് കാരണമാകും. സമ്മർദ്ദം, ക്രമരഹിതമായ ഉറക്ക രീതികൾ, എന്നിവ മൈഗ്രേയ്ൻ പ്രശ്നത്തെ രൂക്ഷമാക്കാം. ചില പ്രത്യേക ഗന്ധങ്ങളോ സുഗന്ധദ്രവ്യങ്ങളോ അനാരോഗ്യകരമായ ഭക്ഷണക്രമമോ ആണ് മൈഗ്രേനിന്റെ മറ്റ് ചില സാധാരണ കാരണങ്ങൾ. മൈഗ്രെയ്ൻ പ്രശ്നം പരിഹരിക്കാൻ വീട്ടിൽ തന്നെ ചെയ്യാവുന്ന ചില കാര്യങ്ങൾ.

ഒന്ന്

മൈഗ്രേയ്ൻ തലവേദനയിൽ നിന്ന് ആശ്വസം ലഭിക്കാൻ ഇതാ അഞ്ച് വഴികൾ

മൈഗ്രേൻ മാറ്റാൻ വീട്ടിൽ പരീക്ഷിക്കേണ്ട കാര്യങ്ങൾ ശരീരത്തിലെ നിർജലീകരണം മൈഗ്രെയ്ൻ പ്രശ്നം കൂടുതൽ രൂക്ഷമാക്കും. ശരീരത്തിന് ആവശ്യത്തിന് ജലാംശം നിലനിർത്തേണ്ടത് അത്യാവശ്യമാണ്. ദിവസവും കുറഞ്ഞത് എട്ട് മുതൽ 10 ഗ്ലാസ് വരെ വെള്ളമെങ്കിലും കുടിക്കണം. കഫൈൻ അടങ്ങിയ പാനീയങ്ങളും മധുരപാനീയങ്ങളും ഒഴിവാക്കണം.

രണ്ട്

ക്രമം തെറ്റിയ ഉറക്കവും മൈഗ്രെയ്ൻ തലവേദന ഉണ്ടാക്കും. രാത്രിയിൽ കുറഞ്ഞത് ഏഴ് മുതൽ ഒൻപത് മണിക്കൂർ വരെ ഉറങ്ങാൻ ശ്രമിക്കുക.

മൂന്ന്

സമ്മർദം നിയന്ത്രിച്ച് നിർത്തുന്നത് മൈഗ്രെയ്ൻ പ്രശ്നത്തിൽ നിന്ന് ആശ്വസം ലഭിക്കാൻ സഹായിക്കും. ആഴത്തിലുള്ള ശ്വസോച്ഛ്വാസം, ധ്യാനം, യോഗ പോലുള്ള മാർഗങ്ങൾ ശീലമാക്കുക.

നാല്

ചില ഭക്ഷണങ്ങളും മൈഗ്രെയ്നിന് ഇടയാക്കും. സംസ്കരിച്ച ഭക്ഷണം, ചീസ്, ചോക്ലേറ്റ്, കഫൈൻ, മദ്യം എന്നിവ പലരിലും മൈഗ്രെയ്ൻ പ്രശ്നം കൂട്ടുന്നു.

അഞ്ച

പെപ്പർമിന്റ്, ലാവന്റർ പോലുള്ള ചില എണ്ണകൾ മൈഗ്രെയ്ൻ വേദനകളെ കുറയ്ക്കാൻ സഹായിക്കുന്നു.

ആറ്

ദീർഘനേ ടിവി, മൊബൈൽ ഫോൺ, ടാബ് എന്നിവ ഉപയോ?ഗിക്കുന്നത് കണ്ണിന് സമ്മർദ്ദമുണ്ടാക്കി മൈഗ്രെയ്ൻ പ്രശ്നം ഉണ്ടാക്കാം. സ്ക്രീൻ ടൈം കുറയ്ക്കാനും ഇടയ്ക്ക് ബ്രേക്ക് എടുക്കാനും ശ്രദ്ധിക്കേണ്ടതാണ്.

ചർമ്മത്തെ സുന്ദരമാക്കാൻ തക്കാളി മാജിക്

ചർമ്മത്തിന് തിളക്കം നൽകാനും, എണ്ണമയം കുറയ്ക്കാനും തക്കാളി സഹായിച്ചേക്കാം. തക്കാളിയിൽ വിറ്റാമിൻ സി അടങ്ങിയിട്ടുണ്ട്. ഇത് ചർമ്മത്തിന് തിളക്കം നൽകുന്നു. ചർമ്മത്തെ സുന്ദരമാക്കാൻ പരീക്ഷിക്കാൻ തക്കാളി കൊണ്ടുള്ള ഫേസ് പാക്കുകൾ.. മുഖക്കുരു, കണ്ണിന് ചുറ്റും കറുപ്പ്, വരണ്ട ചർമ്മം പോലുള്ള പ്രശ്നങ്ങൾ ഇന്ന് മിക്കവരിലും കാണുന്നുണ്ട്. ചർമ്മത്തെ സുന്ദരമാക്കാൻ എപ്പോഴും പ്രകൃതിദത്ത മാർ?ഗങ്ങൾ പരീക്ഷിക്കുന്നതാണ് ഏറെ നല്ലത്. ആന്റി ഓക്സിഡന്റുകൾ, വിറ്റാമിനുകൾ, പ്രകൃതിദത്ത ആസിഡുകൾ എന്നിവയാൽ സമ്പന്നമായതിനാൽ തക്കാളി ചർമ്മത്തിന് നിരവധി ഗുണങ്ങൾ നൽകുന്നു. വീക്കം കുറയ്ക്കാനും, അൾട്രാവയലറ്റ് രശ്മികൾക്കെതിരെ സംരക്ഷണം നൽകാനും ഇവയ്ക്ക് കഴിയും. ചർമ്മത്തിന് തിളക്കം നൽകാനും, എണ്ണമയം കുറയ്ക്കാനും തക്കാളി സഹായിച്ചേക്കാം. തക്കാളിയിൽ വിറ്റാമിൻ സി അടങ്ങിയിട്ടുണ്ട്. ഇത് ചർമ്മത്തിന് തിളക്കം നൽകുന്നു. ചർമ്മത്തെ സുന്ദരമാക്കാൻ പരീക്ഷിക്കാൻ തക്കാളി കൊണ്ടുള്ള ഫേസ് പാക്കുകൾ..

ഒന്ന്...

രണ്ട് സ്പൂൺ തക്കാളി നീരിലേക്ക് അൽപം അൽപം റോസ് വാട്ടർ ചേർത്ത് യോജിപ്പിച്ച് മുഖത്തും കഴുത്തിലുമായി പുരട്ടുക. ഉണങ്ങി കഴിഞ്ഞാൽ തണുത്ത വെള്ളത്തിൽ മുഖം കഴുകുക. ഈ പാക്ക് മുഖം സുന്ദരമാക്കാൻ സഹായിക്കും.

രണ്ട്...

രണ്ട് സ്പൂൺ തക്കാളി നീരും അൽപം മഞ്ഞൾ പൊടിയും യോജിപ്പിച്ച് മുഖത്തും കഴുത്തിലുമായി പുരട്ടുക. നന്നായി ഉണങ്ങി കഴിഞ്ഞാൽ കഴുകി കളയുക. കറുത്ത പാടുകൾക്കും മറ്റ്

തരത്തിലുള്ള ഹൈപ്പർപിഗ്മെന്റേഷനും കാരണമാകുന്ന പിഗ്മെന്റ് മെലാനിൻ ഉൽപാദനത്തെ മഞ്ഞൾ തടയുന്നു.

മൂന്ന്...

അൽപം കറ്റാർവാഴ ജെല്ലും തക്കാളി നീരും യോജിപ്പിച്ച് മുഖത്തും കഴുത്തിലുമായി പുരട്ടുക. നന്നായി ഉണങ്ങി കഴിഞ്ഞാൽ മുഖം കഴുകുക. ആഴ്ചയിൽ രണ്ടോ മൂന്നോ ദിവസം ഈ പാക്ക് ഇടാവുന്നതാണ്.

അമിതമായി സംസ്കരിച്ച ഭക്ഷണം ശീലമാക്കിയാൽ കാത്തിരിക്കുന്നത് വലിയ അപകടം

പാക്കറ്റിലും കുപ്പിയിലും മറ്റുമെത്തുന്ന അമിതമായി സംസ്കരിച്ച ഭക്ഷ്യവസ്തുക്കൾ ഗുരുതരമായ ആരോഗ്യപ്രശ്നങ്ങളുണ്ടാക്കുമെന്ന് റിപ്പോർട്ട്. പാക്ക് ചെയ്ത ലഘുഭക്ഷണങ്ങൾ മുതൽ ശീതളപാനീയങ്ങൾ വരെയുള്ള അൾട്രാ പ്രൊസസ്ഡ് ഫുഡ്സ് (യു.പി.എഫ്.) എന്ന വിഭാഗത്തിലെ ഭക്ഷ്യവസ്തുക്കളിൽ മധുരം, പ്രിസർവേറ്റീവുകൾ, രുചി വർധിപ്പിക്കുന്ന വസ്തുക്കൾ എന്നിവ വലിയ അളവിൽ അടങ്ങിയിട്ടുണ്ട്. ഇത് അകാല മരണത്തിനും ഹൃദ്രോഗം, ടൈപ്പ് 2 പ്രമേഹം, അമിതവണ്ണം തുടങ്ങിയ രോഗങ്ങളുടെ സാധ്യതയും വർധിപ്പിക്കുമെന്നാണ് പുതിയ പഠനങ്ങൾ സൂചിപ്പിക്കുന്നത്. ഭക്ഷണക്രമത്തിൽ അമിതമായി സംസ്കരിച്ച ഭക്ഷണങ്ങളുടെ അനുപാതത്തിലുണ്ടാകുന്ന 10 ശതമാനം വർധനവ് അകാല മരണസാധ്യത മൂന്ന് ശതമാനംവരെ വർധിപ്പിക്കുമെന്നാണ് പുതിയ കണ്ടെത്തൽ. അമേരിക്കൻ ജേണൽ ഓഫ് പ്രിവന്റീവ് മെഡിസിനിലാണ് ഈ പഠനം പ്രസിദ്ധീകരിച്ചിരിക്കുന്നത്. ദൈനംദിന കലോറിയുടെ പകുതിയിലധികവും അമിതമായി സംസ്കരിച്ച ഭക്ഷണത്തിൽ നിന്ന് ലഭിക്കുന്ന യു.എസ്സിൽ 2018-ൽ 2018 ൽ ഏകദേശം 1,24,000 അകാല മരണങ്ങൾ ഇതുമൂലം സംഭവിച്ചതായാണ് പഠനത്തിൽ പറയുന്നത്. സ്വാഭാവികമായ ഘടനയിലുണ്ടാക്കുന്ന മാറ്റമാണ് അമിതമായി സംസ്കരിച്ച ഭക്ഷണത്തെ ഇത്രയധികം ദോഷകരമാക്കുന്നത്. കൃത്രിമ വസ്തുക്കൾ ചേർക്കുന്നതോടെ ഈ ഭക്ഷണങ്ങളുടെ പോഷകമൂല്യം കുറയുകയും ആരോഗ്യത്തെ പ്രതികൂലമായി ബാധിക്കുകയും ചെയ്യുന്നു. കൂടാതെ, ഇത്തരം ഭക്ഷണങ്ങളോടുള്ള ആസക്തി അവയുടെ ഉപഭോഗം കുറയ്ക്കുന്നതും ബുദ്ധിമുട്ടാക്കുന്നു. കാർബോഹൈഡ്രേറ്റും കൊഴുപ്പും തമ്മിലുള്ള അനുപാതം ഭക്ഷണത്തെ സംബന്ധിച്ച് പ്രധാനമാണ്. അതായത്, 100 ഗ്രാം ആപ്പിളിൽ 55 കിലോ കലോറി കാർബോഹൈഡ്രേറ്റും 1.5 കിലോ കലോറി കൊഴുപ്പുമുണ്ട്. 100 ഗ്രാം സാൽമണിൽ 0 കിലോ കലോറി കാർബോഹൈഡ്രേറ്റും 73 കിലോ കലോറി കൊഴുപ്പുമുണ്ട്. എന്നാൽ, നമ്മൾ പുറത്തുനിന്ന് വാങ്ങുന്ന 100 ഗ്രാം ചോക്ലേറ്റിൽ 37 കിലോ കലോറി കാർബോഹൈഡ്രേറ്റും 266 കിലോ കലോറി കൊഴുപ്പുമുണ്ട്. മധുരം ചേർത്തതും അമിതമായി സംസ്കരിച്ചതുമായ ഭക്ഷണങ്ങൾക്ക് നികുതി ചുമത്തുന്നതുൾപ്പെടുയുള്ള നടപടികളിലേക്ക് സർക്കാർ പോകണമെന്ന് നേരത്തെ വിദഗ്ധർ ആവശ്യപ്പെട്ടിരുന്നു. ശുദ്ധമായ ഭക്ഷ്യവസ്തുക്കൾക്ക് സബ്സിഡി നൽകി നല്ല ഭക്ഷണശീലം പ്രോത്സാഹിപ്പിക്കണമെന്നും ഇവർ പറയുന്നു.

ചിയ സീഡ്സ് ദിവസവും കഴിക്കുന്നത് ആരോഗ്യകരമോ? അറിയാം

ഏറ്റവുമധികം പോഷകഗുണങ്ങൾ ഉള്ള ഒരു ഭക്ഷണമാണ് ചിയ സീഡ്സ്. നാരുകളും ഒമേഗ 3 ഫാറ്റി ആസിഡും അടങ്ങിയ ചിയ സീഡ്, ഹൃദയാരോഗ്യം മെച്ചപ്പെടുത്താനും തലച്ചോറിന്റെ മെച്ചപ്പെട്ട പ്രവർത്തനത്തിനും ഇൻഫ്ലമേഷൻ കുറയ്ക്കാനും സഹായിക്കുന്നു. മിക്കവരും ചിയ സീഡ് വെള്ളത്തിൽ കുതിർത്തോ യോഗർട്ടിനൊപ്പം ചേർത്ത് പ്രഭാതഭക്ഷണമായോ കഴിക്കുന്നവരാണ്. ഉദരാരോഗ്യമേകുന്നതോടൊപ്പം ശരീരഭാരം കുറയ്ക്കാനും ഇത് സഹായിക്കും. എന്നാൽ ആരോഗ്യകരമായ ഈ വിത്ത്, ആരോഗ്യത്തിന് ദോഷകരമായും ഭവിക്കും. ചിയ സീഡ് കൂടിയ അളവിൽ ദിവസവും കഴിക്കുന്നത് ദഹനപ്രശ്നങ്ങൾക്ക് കാരണമാകും.

ചിയ സീഡിൽ ആന്റി ഓക്സിഡന്റുകൾ ധാരാളമായുണ്ട്. ഇവ ഓക്സീകരണ സമ്മർദത്തിൽ നിന്നു സംരക്ഷിക്കുകയും ഗുരുതര രോഗങ്ങൾക്കുള്ള സാധ്യത കുറയ്ക്കുകയും ചെയ്യും.

ചിയ സീഡ് മിതമായ അളവിൽ കഴിച്ചില്ലെങ്കിൽ ഉണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങൾ എന്തൊക്കെ എന്ന റിയാം.

നാരുകൾ ബ്ലോട്ടിങ്ങ് ഉണ്ടാക്കും

ചിയ സീഡിൽ നാരുകൾ ധാരാളം ഉണ്ട്. ഒരു ഔൺസ് ചിയ സീഡിൽ 11 ഗ്രാം നാരുകൾ ഉണ്ട്. ഇത് ഉദരത്തിലെ ബാക്ടീരിയകൾക്ക് ഗുണം ചെയ്യും. എന്നാൽ നാരുകൾ കൂടുതലായാൽ വയറുവേദന, മലബന്ധം, വയറിളക്കം, വയറു കമ്പിക്കൽ , വായു കോപം എന്നിവയ്ക്ക് കാരണമാകും.

ഐബിഎസ് ഉള്ളവർ ശ്രദ്ധിക്കാം

അൾസറേറ്റീവ് കോളൈറ്റിസ് ക്രോൺസ് ഡിസീസ് തുടങ്ങിയ ഇൻഫ്ലമേറ്ററി ബവൽ ഡിസീസുകൾ ഉള്ളവർ ചിയ സീഡിന്റെ ഉപയോഗം പരിമിതപ്പെടുത്തണം.

തൊണ്ടയിൽ കുടുങ്ങാൻ സാധ്യത

ചിയ സീഡ് പൊതുവെ സുരക്ഷിതമാണ് എങ്കിലും അത് തൊണ്ടയിൽ കുടുങ്ങി ശ്വാസം മുട്ടലുണ്ടാവാൻ സാധ്യത കൂടുതലാണ്. വളരെ സൂക്ഷിച്ച് അവ കഴിക്കാൻ ശ്രദ്ധിക്കണം. വിഴുങ്ങാൻ പ്രയാസം ഉള്ളവരാണെങ്കിൽ പ്രത്യേകിച്ചും. വെള്ളത്തിലിടുമ്പോൾ ചിയ സീഡ് വെള്ളം വലിച്ചെടുത്ത് അതിന്റെ ഭാരത്തിന്റെ 1012 ഇരട്ടി ഭാരം വയ്ക്കും. അതുകൊണ്ടാണ് ഇത്തരത്തിൽ വിഴുങ്ങുമ്പോൾ പ്രയാസം ഉണ്ടാവുന്നത്.

പ്രോസ്റ്റേറ്റ് കാൻസറിന് സാധ്യത

ഒരിനം ഒമേഗ 3 ഫാറ്റി ആസിഡ് ആയ ആൽഫാ ലിനോലെനിക് ആസിഡ്, ചിയ സീഡിൽ ധാരാളമുണ്ട്. ഒമേഗ 3 ഭക്ഷണത്തിന്റെ ഭാഗമാണെങ്കിലും ആൽഫ, ലിനോലെനിക് ആസിഡ് ഡോക്കോസഹെക്സനോയ്ക് ആസിഡ് എയ്കോസപെന്റനോയ്ക് ആസിഡ് എന്നിവയായി മാറുന്നു. ഇവ പ്രോസ്റ്റേറ്റ് കാൻസറിലേക്കു നയിക്കും എന്ന് പഠനങ്ങളിൽ തെളിഞ്ഞിട്ടുണ്ട്.

അലർജി

ചിലർക്ക് ചിയസീഡ് കഴിക്കുന്നത് മൂലം അലർജി ഉണ്ടാകും. ഛർദി, വയറിളക്കം, നാവിനും ചുണ്ടിനും ചൊറിച്ചിൽ ഇവ ഉണ്ടാകാം. ഗുരുതരമായ കേസുകളിൽ ഭക്ഷണ അലർജി, അനാഫിലാക്സിസ് എന്ന ജീവനു തന്നെ അപകടമായേക്കാവുന്ന അവസ്ഥയ്ക്ക് കാരണമാകാം. ഇതു വന്നാൽ ശ്വസിക്കാൻ പ്രയാസം അനുഭവപ്പെടുകയും തൊണ്ടയ്ക്കും നെഞ്ചിനും മുറുക്കം അനുഭവപ്പെടു

ഫ്രിഡ്ജിൽ ഭക്ഷണം സൂക്ഷിക്കുമ്പോൾ ഈ 5 തെറ്റുകൾ ഒഴിവാക്കണേ

ജോലിക്ക് പോകുന്ന ദിവസങ്ങളിൽ രാവിലെ ഭക്ഷണം തയ്യാറാക്കുന്നത് ബുദ്ധിമുട്ടുള്ള കാര്യമാണ്. രാവിലെ അധികം സമയം ലഭിക്കാത്തതുകൊണ്ട് തന്നെ ഭക്ഷണങ്ങൾ മുൻകൂട്ടി തയാറാക്കാനും സൂക്ഷിക്കാനുമൊക്കെ ഉപകരിക്കുന്ന ഉപകരണമാണ് ഫ്രിഡ്ജ് പാചകം ചെയ്യുന്നത് എല്ലാവർക്കും ഇഷ്ടമുള്ള കാര്യമാണ്. അതിനാൽ തന്നെ പലതരത്തിലുള്ള ഭക്ഷണങ്ങൾ ഉണ്ടാക്കി പരീക്ഷിക്കുകയും ചെയ്യും. അവധി ദിവസങ്ങളിൽ ഇത്തരം കാര്യങ്ങൾ ചെയ്യാൻ ധാരാളം സമയമുണ്ട്. എന്നാൽ ജോലിക്ക് പോകുന്ന ദിവസങ്ങളിൽ രാവിലെ ഭക്ഷണം തയ്യാറാക്കുന്നത് ബുദ്ധിമുട്ടുള്ള കാര്യമാണ്. രാവിലെ അധികം സമയം ലഭിക്കാത്തതുകൊണ്ട് തന്നെ ഭക്ഷണങ്ങൾ മുൻകൂട്ടി തയാറാക്കാനും സൂക്ഷിക്കാനുമൊക്കെ ഉപകരിക്കുന്ന ഉപകരണമാണ് ഫ്രിഡ്ജ്. അതിനാൽ തന്നെ ഫ്രിഡ്ജിൽ ഭക്ഷണ സാധനങ്ങൾ സൂക്ഷിക്കുമ്പോൾ ഈ തെറ്റുകൾ നിങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്.

പച്ചക്കറികൾ

പച്ചക്കറികൾ വാങ്ങിയതുപോലെ തന്നെ ഫ്രിഡ്ജിൽ സൂക്ഷിക്കുന്നവരുണ്ട്. എല്ലാ പച്ചക്കറിക്കും ഒരേ രീതിയല്ല ഉള്ളത്. ഉരുളക്കിഴങ്ങും സവാളയും ഫ്രിഡ്ജിൽ സൂക്ഷിക്കാൻ കഴിയുന്നവയല്ല. എന്നാൽ ക്യാരറ്റ്, റാഡിഷ്, കോളിഫ്ലവർ തുടങ്ങിയ പച്ചക്കറികൾ ഫ്രിഡ്ജിൽ പൊതിയാതെ സൂക്ഷിക്കേണ്ടതുണ്ട്. ഇല പച്ചക്കറികൾ ആണെങ്കിൽ അവ നന്നായി വെള്ളത്തിൽ കഴുകിയതിന് ശേഷം സിപ് ലോക്ക് ബാഗിലാക്കി സൂക്ഷിക്കാവുന്നതാണ്.

കഴുകിവയ്ക്കേണ്ട

എല്ലാതരം പച്ചക്കറിയും പഴവർഗ്ഗങ്ങളും ഫ്രിഡ്ജിൽ സൂക്ഷിക്കുന്നതിന് മുമ്പ് കഴുകേണ്ടതില്ല. ക്യാരറ്റ്, കോളിഫ്ലവർ, പേരയ്ക്ക, ഓറഞ്ച് എന്നിവ കഴുകരുത്. ഇത്തരം പച്ചക്കറികളിൽ ഈർപ്പമുള്ളതിനാൽ കഴുകുമ്പോൾ നനവ് കൂടുന്നു. ഇത് അണുക്കൾ ഉണ്ടാവാനും കാരണമാകുന്നു.

കൃത്യമായി സൂക്ഷിക്കാം

ഫ്രിഡ്ജിനുള്ളിൽ പലതരം തട്ടുകളുണ്ട്. ഓരോന്നും വ്യത്യസ്തമായ ഭക്ഷണ സാധനങ്ങൾ സൂക്ഷിക്കാൻ വേണ്ടിയാണ് ക്രമീകരിച്ചിട്ടുള്ളത്. ഓരോ തട്ടിലും വ്യത്യസ്തമായ തണുപ്പാണ് ഉള്ളത്. അതിനാൽ തന്നെ സാധനങ്ങൾ എവിടെയൊക്കെയാണ് വയ്ക്കേണ്ടതെന്ന് മനസ്സിലാക്കിയതിന് ശേഷം സൂക്ഷിക്കാം.

അടച്ച് സൂക്ഷിക്കണം

അധികവും ബാക്കിവന്ന ഭക്ഷണങ്ങളാണ് നമ്മൾ ഫ്രിഡ്ജിൽ സൂക്ഷിക്കാറുള്ളത്. പലപ്പോഴും ഭക്ഷണങ്ങൾ അടച്ച് സൂക്ഷിക്കാൻ പലരും മറന്നുപോകാറുണ്ട്. വേവിച്ച ഭക്ഷണങ്ങൾ അടച്ച് സൂക്ഷിച്ചില്ലെങ്കിൽ അവയിൽ നിന്നും അണുക്കൾ ഉണ്ടാവാനുള്ള സാധ്യത വളരെ കൂടുതലാണ്. ഇത് ഭക്ഷണം കേടുവരാനും കാരണമാകുന്നു.

ചൂയിങ് ഗം ചവയ്ക്കുന്നത് തലച്ചോറിനെ ബാധിച്ചേക്കാം

വായ്നാറ്റം ഒഴിവാക്കാനും ചുമ്മാ ഒരു രസത്തിനുമെല്ലാം ചൂയിങ് ഗം ചവയ്ക്കുന്നത് ഒരു ശീലമാക്കിയവരുണ്ട്. എന്നാല് ഈ ശീലം തലച്ചോർ അടക്കമുള്ള നമ്മുടെ നാഡീവ്യൂഹ വ്യവസ്ഥയെ ദോഷകരമായി ബാധിക്കാമെന്ന് കാലിഫോർണിയ സര്വകലാശാലയില് അടുത്തിടെ നടന്ന ഒരു പഠനം ചൂണ്ടിക്കാണിക്കുന്നു. ഇവിടെ വില്ലനാകുന്നത് ചൂയിങ് ഗമ്മില് അടങ്ങിയിട്ടുള്ള മൈക്രോ പ്ലാസ്റ്റിക്കുകളാണ്. പുതിയ കാലത്തെ ചൂയിങ് ഗമ്മുകളുടെ ബേസായി പോളിഎത്തിലീന്, പോളിവിനൈല് അസറ്റേറ്റ് പോലുള്ള സിന്തറ്റിക് പോളിമറുകള് ഉപയോഗിക്കാറുണ്ടെന്ന് ഗുരുഗ്രാം ആർട്ടെമിസ് ഹോസ്പിറ്റലിലെ ന്യൂറോസർജറി ഡയറക്ടർ ഡോ. ആദിത്യ ഗുപ്ത ഇന്ത്യന് എക്സ്പ്രസിന് നല്കിയ അഭിമുഖത്തില് പറയുന്നു. പ്ലാസ്റ്റിക് ബാഗുകളിലും പശകളിലുമൊക്കെ ഉപയോഗിക്കുന്ന വസ്തുക്കളാണ് ഇവ. ചൂയിങ് ഗം ചവയ്ക്കുമ്പോള് ഉമിനീരും ഘര്ഷണവും ഗമ്മിന്റെ പ്രതലത്തെ ശിഥിലമാക്കി ആയിരക്കണക്കിന് സൂക്ഷ്മ പ്ലാസ്റ്റിക് കണങ്ങളെ വായിലേക്ക് വിടുന്നതായി ഡോ. ആദിത്യ ചൂണ്ടിക്കാട്ടി. ഓരോ ഗ്രാം ഗമ്മിനൊപ്പവും 100 മൈക്രോപ്ലാസ്റ്റിക്കുകള് ശരീരത്തിനുള്ളിലെത്തുന്നതായി പഠനറിപ്പോര്ട്ട് മുന്നറിയിപ്പ് നല്കുന്നു. ചില ഉത്പനങ്ങളിലാകട്ടെ ഇത് 600 വരെയും വലുപ്പം കൂടി ഗമ്മാണെങ്കില് ആയിരം വരെയും പോകാം. വയറിന്റെ ആവരണം, രക്തവും തലച്ചോറും തമ്മിലുള്ള അതിരുകള് എന്നിവയെല്ലാം ഭേദിക്കുന്ന മൈക്രോപ്ലാസ്റ്റിക് കണങ്ങള് ആരോഗ്യത്തിന് ഹാനികരമാണ്. തലച്ചോർ, നാഡീവ്യൂഹ വ്യവസ്ഥ എന്നിവയെ എല്ലാം ഇത് ദോഷകരമായി ബാധിക്കുന്നു.

ശരീരത്തിലെ പ്രതിരോധ പ്രതികരണത്തെ ബാധിക്കുന്ന മൈക്രോപ്ലാസ്റ്റിക്കുകള് ദീര്ഘകാല നീര്ക്കെട്ടും ശരീരത്തില് അവശേഷിപ്പിക്കും. അല്സ്ഹൈമേഴ്സ്, പാർക്കിന്സണ്സ് പോലുള്ള രോഗങ്ങളുമായി ഈ നീര്ക്കെട്ട് ബന്ധപ്പെട്ടിരിക്കുന്നു. തലച്ചോറിന് പ്രായമേറ്റുന്ന ഓക്സിഡേറ്റീവ് സ്ട്രെസ്സും മൈക്രോപ്ലാസ്റ്റിക്കുകള് മൂലം ഉണ്ടാകാം. സാപോഡില്ല മരത്തിന്റെ കറയായ ചിക്കിള്, മറ്റ് സസ്യക്കറകള് എന്നിവയില് നിന്നുണ്ടാക്കുന്ന പ്രകൃതിദത്ത ഗം മൈക്രോപ്ലാസ്റ്റിക് സമ്പര്ക്കം കുറയ്ക്കുന്നു. ആന്റിഓക്സിഡന്റുകള് ധാരാളമായി അടങ്ങിയ ഭക്ഷണക്രമം പിന്തുടരുന്നതും ഹാനികരമായ മൈക്രോപ്ലാസ്റ്റിക്കുകളുടെ സ്വാധീനം ഇല്ലാതാക്കാന് സഹായിക്കുമെന്ന് വിദഗ്ധര് കൂട്ടിച്ചേര്ക്കുന്നു.

കുക്കുമ്പർ ഈ രീതിയിൽ കഴിച്ചു നോക്കൂ

പൊണ്ണത്തടിയും വയറും കുറയ്ക്കാൻ ബെസ്റ്റാണ് കക്കിരിക്ക അഥവാ കുക്കുംബർ. നാരുകള്, വിറ്റാമിൻ കെ, വിറ്റാമിൻ സി, മഗ്നീഷ്യം, കാത്സ്യം, ഇരുമ്പ്, ഫോസ്ഫറസ്, സിങ്ക്, പൊട്ടാസ്യം, വിറ്റാമിൻ ഇ തുടങ്ങിയ ധാരാളം പോഷകങ്ങള് ഇതില് അടങ്ങിയിട്ടുണ്ട്. ഓക്സിഡേറ്റീവ് സ്ട്രെസ് കുറച്ച്, പ്രമേഹം മുതല് ഹൃദ്രോഗം വരെയുള്ള രോഗാവസ്ഥകള് തടയുന്ന ആന്റി ഓക്സിഡന്റുകളാല് സമ്പുഷ്ടമാണ് ഇത്. കൂടാതെ, ഇതിലുള്ള വിറ്റാമിന് ബി, വിഷ വസ്തുക്കളെ പുറന്തള്ളാന് സഹായിച്ചു കൊണ്ട് ചര്മ്മസൗന്ദര്യം നിലനിര്ത്തുന്നു. ഇതിലെ ഫൈബർ, പൊട്ടാസ്യം, മഗ്നീഷ്യം, മറ്റ് ആന്റി ഓക്സിഡന്റുകള് എന്നിവ രക്തസമ്മർദ്ദം കുറയ്ക്കാനും സഹായിക്കും.

പ്രമേഹരോഗികൾക്കും കക്കിരിക്ക കഴിക്കാം. ഫൈബര് അടങ്ങിയതിനാല് ഇവ രക്തത്തിലെ പഞ്ചസാരയുടെ അളവിനെ നിയന്ത്രിക്കാൻ സഹായിക്കുന്നു. ദഹനസംബന്ധമായ പ്രശ്നങ്ങൾ, നെഞ്ചെരിച്ചിൽ, അസിഡിറ്റി, അൾസർ, മലബന്ധം എന്നിവ ഒഴിവാക്കാൻ കക്കിരിക്ക കഴിക്കുന്നത് ഏറെ നല്ലതാണ്.

ഇത്രയേറെ ഗുണങ്ങള് ഉണ്ടെങ്കിലും, പറയത്തക്ക രുചി ഒന്നും ഇല്ലാത്തതിനാല് കക്കിരിക്ക കഴിക്കാന് പലർക്കും മടിയാണ്. കഴിച്ചാലും കഴിച്ചാലും മതിവരാത്ത രീതിയില്, പ്രിയം തോന്നാനായി ഇതാ കക്കിരിക്ക കഴിക്കാന് രസകരമായ ചില വഴികള്!

1. കുക്കുംബര് സ്പൈറല്സ്

ചുറ്റുഗോവണി പോലെ അല്ലെങ്കില് സ്പ്രിങ് പോലെ കക്കിരിക്ക അരിഞ്ഞെടുക്കുന്ന രീതിയാണിത്. ശേഷം അതില് മസാലകള് ചേര്ക്കുന്നു. ഇതിനായി രണ്ടു ചോപ് സ്റ്റിക്കുകള്ക്കിടയില് കക്കിരിക്ക വയ്ക്കുന്നു. എന്നിട്ട് ഒരു വശം 45 ഡിഗ്രി ചെരിച്ച് അരിയുന്നു. ശേഷം, ഇത് തിരിച്ചു വെച്ച്, 90 ഡിഗ്രിയില് അരിയുക. പൊക്കി നോക്കിയാല് സ്പ്രിംഗ് പോലെയുള്ള കുക്കുംബര് സ്പൈറല്സ് റെഡിയായതായി കാണാം. ഇതിനു മുകളിലേക്ക് അരിഞ്ഞ വെളുത്തുള്ളി, വെളുത്ത എള്ള്, സോയ സോസ്, ബ്രൗൺ ഷുഗർ, ചില്ലി ഫ്ലേക്സ്, എള്ളെണ്ണ, ഉപ്പ് എന്നിവയുടെ മിശ്രിതം ചേർത്ത് സാലഡ് പോലെ കഴിക്കാം.

കുക്കുമ്പർ ചെയിൻ

ഒരു വളയത്തിനു മുകളില് അടുത്ത വളയം എന്ന രീതിയില് കക്കിരിക്ക സാലഡ് ഉണ്ടാക്കുന്ന രീതിയാണിത്. ഇതിനായി കക്കിരിക്ക വട്ടത്തില് അരിഞ്ഞു മധ്യഭാഗം കളയുക.

ഓരോ വളയത്തിന്റെയും വശത്ത് ഒരു വെട്ടുണ്ടാക്കി, അടുത്ത കഷ്ണം കയറ്റുക. ആവശ്യമുള്ളത്ര വലിപ്പത്തില് ഇങ്ങനെ ചങ്ങല പോലെ ഉണ്ടാക്കിയെടുക്കാം.

കുക്കുമ്പർ ബോട്ടുകൾ

രുചികരമായ സാലഡായി കുക്കുമ്പർ ബോട്ടുകൾ ഉണ്ടാക്കാം. ഇതിനായി ഒരു കക്കിരി എടുത്ത് നെടുവേ നീളത്തില് മുറിച്ച് പകുതിയാക്കുക. ഒരു സ്പൂണ് ഉപയോഗിച്ച് നടുഭാഗം കളയുക.

ചോളം, തക്കാളി, ഉള്ളി, മല്ലിയില, തൈര്, ഉപ്പ് എന്നിവ ഒരുമിച്ച് മിക്സ് ചെയ്ത് മിശ്രിതം ഉണ്ടാക്കുക. ഈ മിശ്രിതം കക്കിരിയുടെ നടുവേ നിറച്ച് കുക്കുമ്പർ ബോട്ടുകൾ ഉണ്ടാക്കാം. ഇടവേളകളില് ആരോഗ്യകരമായ ഒരു സ്നാക്ക് ആയി ഇത് ആസ്വദിക്കാം.

അറിയാം ഈന്തപ്പഴത്തിന്റെ ഗുണങ്ങൾ

ലോകത്തിലെ ഏറ്റവും ആരോഗ്യകരമായ പഴങ്ങളിൽ ഒന്നാണ് ഈന്തപ്പഴം. ഇത് ദിവസേന കഴിക്കുന്നത് ആരോഗ്യത്തിന് വളരെ നല്ലതാണെന്ന് സാധാരണ പറയാറുണ്ട്. ഇതേക്കുറിച്ച് കൂടുതല് കാര്യങ്ങള് പങ്കുവച്ചിരിക്കുകയാണ് യുകെയില് നിന്നുള്ള ആയുര്വേദ പ്രാക്ടീഷണറായ ഡോക്ടർ സാം വാട്സ്.

'ആയുര്വേദത്തില് വളരെ ആരോഗ്യഗുണങ്ങള് നിറഞ്ഞ ഒരു ഭക്ഷണമായാണ് ഈന്തപ്പഴത്തെ കണക്കാക്കുന്നത്. പുതിയ കാലത്തെ ഗവേഷകരും ഇത് ശരിവയ്ക്കുന്നു. ദിവസവും രാവിലെ രണ്ടോ മൂന്നോ ഈന്തപ്പഴം കഴിക്കുന്നത് ശരീരത്തില് ഒട്ടേറെ മാറ്റങ്ങള് ഉണ്ടാക്കാന് സഹായിക്കും. രാവിലെ എഴുന്നേല്ക്കുന്ന സമയം മുതല് വൈകീട്ട് കിടന്നുറങ്ങുന്നതു വരെയുള്ള സമയത്തേക്ക് സ്ഥിരമായി ഊര്ജ്ജം നല്കാന് ഇതിനു കഴിയും. ഹൃദയത്തിന്റെ ആരോഗ്യം നിലനിര്ത്താനും ഇതിലെ പൊട്ടാസ്യം, ആന്റി ഓക്സിഡന്റുകള് എന്നിവ സഹായിക്കും.

സാധാരണ വിശ്വാസങ്ങള്ക്ക് വിപരീതമായി, ദഹന ആരോഗ്യത്തിനും ഈന്തപ്പഴം ഇങ്ങനെ കഴിക്കുന്നത് സഹായിക്കും. രക്തത്തിലെ പഞ്ചസാരയുടെ അളവ് കൂട്ടുകയല്ല, കുറയ്ക്കുകയാണ് ഇത് ചെയ്യുന്നത്.

ഇതിലുള്ള ചില ആന്റി ഓക്സിഡന്റുകള് തലച്ചോറിലെ ഇന്ഫ്ലമേഷന് കുറയ്ക്കാന് സഹായിക്കും. ഇത് അല്ഷിമേഴ്സ്, പാർക്കിന്സന്സ് മുതലായ ന്യൂറോ ഡീജെനറേറ്റീവ് രോഗങ്ങളുടെ സാധ്യത കുറയ്ക്കും. മാത്രമല്ല, ഏകാഗ്രതയും തലച്ചോറിന്റെ ശേഷിയും ഓർമ്മയുമെല്ലാം കൂട്ടാനും ഇത് സഹായിക്കും.'

RNI KERMAL2018/76732. Printed, Published & Owned by K.K. Rajendran and printed at Oruma Printers & Publishers Ltd, Sree Sankara Industrial Estate, Chiyyaram P.O, Thrissur- 680026 Kerala, and published at Kayceekeyar Print and Visual Media Pvt. Ltd., Rohini Plaza, Masjid Road, Kokkalai, Thrissur - 680021,Kerala. Editor: K.K. Rajendran, Executive Editor: K. R. Krishna Kumar,News Editor : T . K Chithra (Responsible for selection of news under PRB Act 1867). Phone: 0484-4865460. E-mail: centraldesknews@gmail.com Online & Epaper: www.keralapranamam.com

ഒളിമ്പിക്സ് മാതൃകയിലെ സ്കൂൾ കായിക മേള തലസ്ഥാനം ഒരുങ്ങുന്നു

സംസ്ഥാന സ്കൂൾ കായിക മേള ഈമാസം 21 മുതൽ 28വരെ തിരുവനന്തപുരത്ത്

തിരുവനന്തപുരം : കഴിഞ്ഞ വർഷം കൊച്ചിയിൽ വിജയകരമായി പരീക്ഷിച്ച ഒളിമ്പിക്സ് മാതൃകയിലുള്ള സംസ്ഥാന സ്കൂൾ കായിക മേളയുടെ രണ്ടാം പതിപ്പിന് തലസ്ഥാനം തയ്യാറെടുക്കുന്നു. ഈ മാസം 21 മുതൽ 28വരെ തലസ്ഥാനഗരിയിലെ ഒരു ഡസൻ വേദികളിലായാലാണ് ഭിന്നശേഷി കുട്ടികളുടേത് ഉൾപ്പടെയുള്ള മത്സരങ്ങൾ അരങ്ങേറുന്നത്. വിദ്യാഭ്യാസ മന്ത്രി വി.ശിവൻ കുട്ടി രക്ഷാധികാരിയും പൊതുവിതരണ മന്ത്രി ജി.ആർ അനിൽ ചെയർമാനുമായുള്ള സംഘാടക സമിതിയും വിവിധ ജനപ്രതിനിധികളും അദ്ധ്യാപക സംഘടനാനേതാക്കളും നേതൃത്വം നൽകുന്ന സബ് കമ്മറ്റികളും കായിക മാമാങ്കത്തിന്റെ സുഗമമായ നടത്തിപ്പിന് വേണ്ടിയുള്ള ഒരുക്കങ്ങളിലാണ്.

20000 മത്സരാർത്ഥികൾ

ഭിന്നശേഷികുട്ടികൾ ഉൾപ്പടെ ഇരുപതിനായിരത്തോളം മത്സരാർത്ഥികളെയാണ് സംഘാടകർ പ്രതീക്ഷിക്കുന്നത്. നവർക്കൊപ്പം പരിശീലകരും ഒഫിഷ്യൽസുമായി പതിനായിരത്തോളം പേരുമുണ്ടാകും.കുട്ടികൾക്ക് മത്സരവേദികൾക്ക് അടുത്തായി താമസം ഒരുക്കും. കഴിഞ്ഞവർഷത്തെപ്പോലെ യു.എ.ഇയിലെ സ്കൂളുകളിൽ നിന്ന് ഇക്കുറിയും കായികതാരങ്ങൾ പങ്കെടുക്കാനെത്തും. കഴിഞ്ഞവർഷം ആൺകുട്ടികൾ മാത്രമായിരുന്നെങ്കിൽ ഇക്കുറി പെൺകുട്ടികളുമുണ്ടാകും.

കളരി മത്സര ഇനം

അത്ലറ്റിക്സ്, ഫുട്ബാൾ, വോളിബാൾ, ക്രിക്കറ്റ് തുടങ്ങിയ സ്ഥിരം കായിക ഇനങ്ങൾക്കൊപ്പം ഇക്കുറി കളരിപ്പയറ്റും മത്സര ഇനമാക്കുന്നുണ്ട്. അണ്ടർ -17,19 ഏജ് കാറ്റഗറികളിലാണ് കളരിപ്പയറ്റ് ഉൾപ്പെടുത്തുന്നത്. യോഗയും ഫെൻസിംഗും കൂടുതൽ ഏജ് കാറ്റഗറികളിൽ ഉണ്ടാകും.ഭിന്നശേഷിക്കാരായ ആൺകുട്ടികൾക്ക് ക്രിക്കറ്റും പെൺകുട്ടികൾക്ക് ബോക്ചേ എന്ന ഗെയിമും പുതുതായി ഉൾപ്പെടുത്തും.

12 വേദികൾ

തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയം, ചന്ദ്രശേഖരൻ നായർ സ്റ്റേഡിയം, യൂണിവേഴ്സിറ്റി സ്റ്റേഡിയം, ജിമ്മി ജോർജ് സ്റ്റേഡിയം, ടെന്നിസ് ക്ളബ്,വട്ടിയൂർക്കാവ് ഷൂട്ടിംഗ് റേഞ്ച്, മൈലം ജി.വി രാജ സ്കൂൾ,പിരപ്പൻകോട് അകാട്ടിക് സ്റ്റേഡിയം, കാലടി വോളിബാൾ ഗ്രൗണ്ട്, വെള്ളായണി കാർഷിക കോളേജ് ഇൻഡോർ സ്റ്റേഡിയം, മെഡിക്കൽ കോളേജ് ക്രിക്കറ്റ് ഗ്രൗണ്ട്, തുമ്പ സെന്റ് സേവ്യേഴ്സ് കെ.സി.എ ഗ്രൗണ്ട് എന്നിവയാണ് കായിക മേളയുടെ പ്രധാന വേദികൾ.

താത്കാലിക ഇൻഡോർ സ്റ്റേഡിയങ്ങൾ ഒരുങ്ങും

2023ൽ ഗോവയിൽ ദേശീയ ഗെയിംസ് നടത്തിയ മാതൃകയിൽ ഒരു വലിയ സ്റ്റേഡിയത്തിൽ ജർമ്മൻ ഹാംഗർ പന്തലുകൾ സ്ഥാപിച്ച് ഒന്നിലേറെ താത്കാലിക ഇൻഡോർ സ്റ്റേഡിയങ്ങൾ ഒരുക്കുന്ന രീതി ഈ കായികമേളയിൽ പരീക്ഷിക്കുന്നുണ്ട്. സെൻട്രൽ സ്റ്റേഡിയത്തിൽ അഞ്ച് താത്കാലിക പന്തലുകളിലായി 13കായിക ഇനങ്ങളിലെ മത്സരങ്ങൾ നടത്താനാണ് തീരുമാനം. പന്തലുകളുടെ നിർമ്മാണം ഉടൻ ആരംഭിക്കും.

ഭക്ഷണപ്പുര

തൈക്കാട് തൈക്കാട് പൊലീസ് ഗ്രൗണ്ടിലാകും കായികമേളയുടെ മുഖ്യഭക്ഷണ പന്തൽ. പിരപ്പൻകോട്, തുമ്പ, കാലടി,മൈലം എന്നിവിടങ്ങളിലും ഭക്ഷണം പാകം ചെയ്ത് അതത് മത്സരവേദികളിലെ കുട്ടികൾക്ക് എത്തിക്കാനുള്ള സൗകര്യമൊരുക്കും. തലസ്ഥാനഗരിയുടെ പ്രൗഢിക്കൊത്ത് ഏറ്റവും മികച്ച രീതിയിൽ കായിക മേള സംഘടിപ്പിക്കാനുള്ള ഒരുക്കങ്ങൾ നടക്കുകയാണ്. മേളയുടെ വിജയത്തിനായി വിദ്യാഭ്യാസവകുപ്പും സംഘാടക സമിതിയും പരാതികളില്ലാതെ മേള വിജയമാക്കാൻ ബദ്ധശ്രദ്ധരാണ് എന്ന് സംസ്ഥാന സ്കൂൾ സ്പോർട്സ് ഓർഗനൈസർഹരീഷ് ശങ്കർ പറഞ്ഞു

ചെത്രിയെക്കൂട്ടി സിംഗപ്പൂരിനെതിരെ ഖാലിദിന്റെ പടയൊരുക്കം മലയാളി താരങ്ങളായി സഹലും ഉവൈസും



ബെംഗളൂരു : വിരമിക്കൽ പിൻവലിച്ച് തിരിച്ചുവന്ന നായകൻ സുനിൽ ഛെത്രിയെ ഉൾപ്പെടുത്തി സിംഗപ്പൂരിനെതിരെ വ്യാഴാഴ്ച നടക്കുന്ന എ.എഫ്.സി കപ്പ് യോഗ്യതാ മത്സരത്തിനുള്ള 23 അംഗ ഇന്ത്യൻ ടീമിനെ പ്രഖ്യാപിച്ച് പരിശീലകൻ ഖാലിദ് ജമീൽ. ഇന്ത്യൻ കോച്ചായി സ്ഥാനമേറ്റശേഷമുള്ള ഖാലിദിന്റെ ആദ്യ വെല്ലുവിളി സെൻട്രൽ ഏഷ്യൻ നേഷൻസ് കപ്പായിരുന്നു. ഈ ടൂർണമെന്റിൽ സുനിൽ ഛെത്രി ഇല്ലാതെ മൂന്നാം സ്ഥാനത്തെത്താൻ ഇന്ത്യയ്ക്ക് കഴിഞ്ഞിരുന്നു. എന്നാൽ എ.എഫ്.സി കപ്പിൽ പോരാട്ടങ്ങൾ കടുത്തതായതുകൊണ്ട് ഖാലിദ് കഴിഞ്ഞമാസം 20ന് തുടങ്ങിയ ഇന്ത്യൻ ക്യാമ്പിലേക്ക് ഛെത്രിയെയും ഉൾപ്പെടുത്തി. വെറ്ററൻ ഡിഫൻഡർ സന്ദേശ് ജിൻഗാനും 23 അംഗ ടീമിൽ ഉൾപ്പെട്ടിട്ടുണ്ട്. നേഷൻസ് കപ്പിൽ ഇറാനെതിരായ മത്സരത്തിനിടെയേറ്റ പരിക്കിൽ നിന്ന് മോചിതനായാണ് ജിൻഗാന്റെ വരവ്. മലയാളി താരങ്ങളായി മിഡ്ഫീൽഡർ സഹൽ അബ്ദുൽ സമദും ഡിഫൻഡർ മുഹമ്മദ് ഉവൈസും ടീമിലുണ്ട്. വ്യാഴാഴ്ച സിംഗപ്പൂരിന്റെ ഹോംമാച്ചാണ്. 14ന് ഇതേ എതിരാളികളുമായി ഗോവയിൽ വച്ച് ഇന്ത്യ ഏറ്റുമുട്ടുന്നുണ്ട്. അടുത്തമാസം ബംഗ്ലാദേശുമായും ഇന്ത്യയ്ക്ക് എ.എഫ്.സി കപ്പ് യോഗ്യതാ മത്സരമുണ്ട്. യോഗ്യതാ റൗണ്ട് ഗ്രൂപ്പ് സിയിൽ രണ്ട് മത്സരങ്ങൾ പിന്നിട്ടപ്പോൾ ഇന്ത്യ ഓരോ സമനിലയും തോൽവിയും ഒരു പോയിന്റുമായി നാലാം സ്ഥാനത്താണ്. അടുത്ത റൗണ്ടിലേക്ക് കടക്കണമെങ്കിൽ ഇന്ത്യയ്ക്ക് ഇനിയുള്ള നാലു മത്സരങ്ങളിലും വിജയം അനിവാര്യമാണ്.

ഇന്ത്യൻ ടീം : അമരീന്ദർ സിംഗ്, ഗുർമീത് സിംഗ്, ഗുർപ്രീത് സന്ധു(ഗോൾ കീപ്പർമാർ), അൻവർ അലി, മുഹമ്മദ് ഉവൈസ്, മിംഗ്താൻമാവിയ റാൽതേ,സന്ദേശ് ജിൻഗാൻ,പരംവീർ,രാഹുൽ ഭെക്കെ (ഡിഫൻഡർമാർ), സഹൽ അബ്ദുൽ സമദ്, ബ്രാൻഡൺ ഫെർണാണ്ടസ്,ഡാനിഷ് ഫാറൂഖ്, ദീപക് ടാൻഗ്രി, മക്കാർട്ടൺ ലൂയിസ് നിക്സൺ,മഹേഷ് നവോറെം,നിഖിൽ പ്രഭു, ഉദാന്ത സിംഗ്(മിഡ്ഫീൽഡേഴ്സ്), സുനിൽ ഛെത്രി, ഫാറൂഖ് ചൗധരി,ലാലിയൻ സുവാല ചാംഗ്തേ,ലിസ്റ്റൺ കൊളാക്കോ, റഹിം അലി, വിക്രം പ്രതാപ് സിംഗ്

നാലടിയേറ്റ് നാണംകെട്ട് ബാഴ്സ

ലാ ലിഗയിൽ 4-1ന് ബാഴ്സലോണയെ കീഴടക്കി സെവിയ്യ

പെനാൽറ്റി പാഴാക്കി റോബർട്ട് ലെവൻഡോവ്സ്കി

മാഡ്രിഡ് : സ്പാനിഷ് ലാ ലിഗ ഫുട്ബാളിൽ കഴിഞ്ഞരാത്രി നടന്ന മത്സരത്തിൽ ഒന്നിനെതിരെ നാലുഗോളുകൾക്ക് വമ്പൻ ക്ളബ് ബാഴ്സലോണയെ കീഴടക്കി സെവിയ്യ. നിലവിലെ ചാമ്പ്യന്മാരായ ബാഴ്സലോണയുടെ ഈ സീസണിലെ ആദ്യ തോൽവിയായിരുന്നു ഇത്. ഇതോടെ പോയിന്റ് പട്ടികയിലെ ഒന്നാം സ്ഥാനവും ബാഴ്സ കൈവിട്ടു. സെവിയ്യയുടെ തട്ടകത്തിൽ നടന്ന മത്സരത്തിന്റെ 11-ാം മിനിട്ടിൽ ആതിഥേയർക്ക് അനുകൂലമായി റഫറി പെനാൽറ്റി വിധിച്ചെങ്കിലും വാർ പരിശോധനയിൽ റദ്ദാക്കിയിരുന്നു. എന്നാൽ രണ്ട് മിനിട്ടിനകം സെവിയ്യയ്ക്ക് അനുകൂലമായി പെനാൽറ്റി എത്തുകതന്നെ ചെയ്തു. കിക്കെടുത്ത അലക്സിസ് സാഞ്ചസ് ലക്ഷ്യം തെറ്റാതെ വലയിലെത്തിച്ചു. 37-ാം മിനിട്ടിൽ വർഗാസിന്റെ പാസിൽ നിന്ന് ഇസാക്ക് റൊമേറോ ബാഴ്സയുടെ നെഞ്ചത്ത് അടുത്ത പ്രഹരവുമേൽപ്പിച്ചു. എന്നാൽ ആദ്യ പകുതിയുടെ ഇൻജുറി ടൈമിൽ മാർക്കസ് റാഷ്ഫോർഡിലൂടെ സ്കോർ ചെയ്ത് ബാഴ്സ തിരിച്ചുവരവിന്റെ സൂചനനൽകിയാണ് ഇടവേളയ്ക്ക് പിരിഞ്ഞത്. രണ്ടാം പകുതിയിൽ മാറ്റങ്ങളുമായി ബാഴ്സ കളം പിടിക്കാൻ ശ്രമിച്ചെങ്കിലും 76-ാംമിനിട്ടിൽ ലഭിച്ച പെനാൽറ്റി സ്റ്റാർ സ്ട്രൈക്കർ റോബർട്ട് ലെവാൻഡോവ്സ്കി പാഴാക്കിയത് തിരിച്ചടിയായി. 90-ാം മിനിട്ടിൽ ജോസ് കാർമോണയിലൂടെയാണ് സെവിയ്യ തങ്ങളുടെ മൂന്നാം ഗോൾ നേടിയത്. കളി അവസാനിക്കാൻ നിമിഷങ്ങൾ ശേഷിക്കേ അകോർ ആദംസിലൂടെ സെവിയ്യ നാലാം ഗോളും നേടി തങ്ങളുടെ വിജയം അവിസ്മരണീയമാക്കി. 2015 ഒക്ടോബറിന് ശേഷം ആദ്യമായാണ് സെവിയ്യ ബാഴ്സലോണയെ തോൽപ്പിക്കുന്നത്. ബാഴ്സയ്ക്ക് എതിരായ കഴിഞ്ഞ 19 മത്സരങ്ങളിൽ ഒന്നിൽപോലും ജയിക്കാൻ ബാഴ്സയ്ക്ക് കഴിഞ്ഞിരുന്നില്ല.15 തവണ തോറ്റപ്പോൾ നാലുകളികൾ സമനിലയിലാക്കാനായി.

രണ്ടടി മുന്നിൽ റയൽ

സെവിയ്യയ്ക്ക് എതിരായ ബാഴ്സലോണയുടെ തോൽവിയോടെ ലാ ലിഗ പോയിന്റ് പട്ടികയിൽ രണ്ട്പോയിന്റ് ലീഡുമായി റയൽ മാഡ്രിഡ് ഒന്നാം സ്ഥാനം സ്ഥാനത്ത്. കഴിഞ്ഞ ദിവസം വിയ്യാറയലിനെ 3-1ന് തോൽപ്പിച്ച് റയൽ ഒന്നാമതെത്തിയിരുന്നെങ്കിലും സെവിയ്യയെ തോൽപ്പിച്ച് ബാഴ്സ വീണ്ടും മുന്നിലാകുമെന്നാണ് കരുതിയിരുന്നത്. ഈ സീസണിലെ എട്ടുമത്സരങ്ങളിൽ ഏഴുജയവും ഒരു തോൽവിയും ഉൾപ്പടെ റയലിന് 21 പോയിന്റാണുള്ളത്. ആറ് ജയവും ഓരോ സമനിലയും തോൽവിയുമായി ബാഴ്സയ്ക്ക് 19 പോയിന്റും.16 പോയിന്റുമായി വിയ്യാറയലാണ് രണ്ടാം സ്ഥാനത്ത്.

ചൈന ഓപ്പണിൽ അനിസിമോവ

സ്മിൻ പാവോലിനി സഖ്യം കിരീടം നേടി.

ബെയ്ജിംഗ് : ചൈന ഓപ്പൺ ടെന്നിസ് ടൂർണമെന്റിൽ മൂന്നാം സീഡായ അമേരിക്കൻ താരം അമാൻഡ അനിസിമോവ ജേതാവായി. ഫൈനലിൽ ലിൻഡ നോസ്കോവയെ 6-0.2-6,6-2 എന്ന സ്കോറിനാണ് അനിസിമോവ കീഴടക്കിയത്. സെമിയിൽ സ്വന്തം നാട്ടുകാരി കോക്കോ ഗൗഫിനെ മറികടന്നാണ് അനിസിമോവ ഫൈനലിലെത്തിയിരുന്നത്. ഈ വർഷത്തെ വിംബിൾഡണിലും യു.എസ് ഓപ്പണിലും റണ്ണർഅപ്പായിരുന്ന അനിസിമോവയുടെ സീസണിലെ രണ്ടാം ഡബ്ളിയു.ടി.എ കിരീടമാണിത്. വനിതാ ഡബിൾസിൽ ഇറ്റലിയുടെ സാറ ഇറാനി- ജാ

EDITORS CHOICE

യുദ്ധം അവസാനിക്കട്ടെ, കുഞ്ഞുങ്ങളുടെ നിലവിളിയും; ഗസ ജീവിക്കട്ടെ

2023 ഒക്ടോബർ

വിശപ്പ് കാർന്ന് തിന്ന കുഞ്ഞുങ്ങൾ, മൃതദേഹങ്ങളും കെട്ടിടാവശിഷ്ടങ്ങളും വേർതിരിച്ചറിയാനാവാതെ കുന്നുകൂടി കിടക്കുന്ന നഗരങ്ങൾ, ഇസ്രയേൽ ആക്രമണവും മരണവും കാത്ത് നാളെണ്ണി കഴിയുന്ന കുറേയെറെ മനുഷ്യർ. ലോകത്തിന്റെ ഉള്ളുപൊള്ളിക്കുന്ന ഗാസയുടെ ചിത്രമാണിത്. മാനവരാശി കണ്ട ഏറ്റവും വലിയ യുദ്ധങ്ങളിൽ ഒന്നായ ഗാസ യുദ്ധത്തിന് രണ്ടാണ്ട് തികയുകയാണ് ഒക്ടോബർ 7ന്.

2023 ഒക്ടോബർ 7ന് ഹമാസ് നടത്തിയ മിന്നലാക്രമണത്തോടെയാണ് ഗാസ യുദ്ധം ആരംഭിക്കുന്നത്. ഹമാസും മറ്റ് പലസ്തീൻ സായുധ ഗ്രൂപ്പുകളും ഇസ്രായേലിന്റെ തെക്കൻ മേഖലകളിലേക്ക് അതിക്രമിച്ച് കയറി ആക്രമണം നടത്തുകയും,1,200ഓളം പേരെ കൊല്ലുകയും 250ൽ അധികം പേരെ ബന്ദികളാക്കുകയും ചെയ്തു. ഇതിന് മറുപടിയായി ഇസ്രായേൽ പ്രഖ്യാപിച്ച സൈനിക നടപടികളാണ് കഴിഞ്ഞ രണ്ട് വർഷമായി തുടരുന്നത്. കനത്ത വ്യോമാക്രമണങ്ങൾക്ക് ശേഷം ഇസ്രയേൽ സൈന്യം കരമാർഗം ഗാസ മുനമ്പിലേക്ക് പ്രവേശിച്ചു. ഗാസയുടെ വടക്കൻ മേഖല പ്രത്യേകിച്ച് ഗാസ സിറ്റി ഇസ്രയേലിന്റെ നിയന്ത്രണത്തിലായി. വർഷങ്ങളായി തുടരുന്ന യുദ്ധത്തിന്റെ ഫലമായി രോഗങ്ങൾ, പട്ടിണി, കുടിവെള്ളത്തിന്റെയും വൈദ്യുതിയുടെയും അഭാവം എന്നിവ കാരണം ഗാസ ഭീകരമായ മാനുഷിക ദുരന്തത്തിനാണ് സാക്ഷ്യം വഹിക്കുന്നത്. പലസ്തീൻ ജനസംഖ്യയുടെ ഭൂരിഭാഗവും വടക്ക് നിന്ന് തെക്കൻ ഗാസയിലെ റഫയിലേക്ക് പലായനം ചെയ്തു. ലോകത്ത് ഏറ്റവും കൂടുതൽ കുട്ടികൾ അംഗഭംഗം സംഭവിച്ച പ്രദേശമായി ഗാസ മാറി. ഖത്തർ, ഈജിപ്ത്, യു.എസ്. എന്നിവയുടെ മധ്യസ്ഥതയിൽ നിരവധി വെടിനിർത്തൽ ചർച്ചകൾ നടന്നു. ബന്ദി കൈമാറ്റങ്ങൾ ഒഴികെ, ശാശ്വത സമാധാനം കൊണ്ടുവരാൻ ഈ ചർച്ചയ്ക്ക് കഴിഞ്ഞില്ല. യുദ്ധം നീണ്ടുപോയതോടെ ലോകമെമ്പാടുമുള്ള പ്രതിഷേധങ്ങൾ ശക്തമായി. ബന്ദികളെ മോചിപ്പിക്കുന്നതിന്റെ ഭാഗമായി ഹമാസുമായി ഒരു കരാറുണ്ടാകാത്തതിനെത്തുടർന്ന്, ഇസ്രായേൽ റഫായിലും കരയാക്രമണം ആരംഭിച്ചു. ഇവിടെ അഭയം തേടിയിരുന്ന ദശലക്ഷക്കണക്കിന് പലസ്തീനികൾ വീണ്ടും പലായനം ചെയ്യേണ്ടി വന്നു. ആദ്യ ദിവസങ്ങളിൽ ഇസ്രായേൽ ഗാസയ്ക്ക് നേരെ ലക്ഷ്യമിട്ടുള്ള കനത്ത വ്യോമാക്രമണം നടത്തി. ഇത് ഗാസയുടെ അടിസ്ഥാന സൗകര്യങ്ങളെ തകർക്കുകയും വൻതോതിൽ പലസ്തീനികളുടെ മരണത്തിന് കാരണമാവുകയും ചെയ്തു. ഒക്ടോബർ അവസാനത്തോടെ ഇസ്രായേൽ സൈന്യം ഗാസ മുനമ്പിന്റെ വടക്കൻ മേഖലയിലേക്ക് കരമാർഗം പ്രവേശിച്ചു. ഹമാസിന്റെ തുരങ്കശൃംഖലകൾ നശിപ്പിക്കുകയായിരുന്നു പ്രധാന ലക്ഷ്യം. ഖത്തർ, ഈജിപ്ത്, യു.എസ്. എന്നിവയുടെ മധ്യസ്ഥതയിൽ ഒരാഴ്ച നീണ്ട താത്കാലിക വെടിനിർത്തലുണ്ടായി. ഇതിൽ ഹമാസ് ചില ഇസ്രായേലി ബന്ദികളെ വിട്ടയക്കുകയും പകരം ഇസ്രായേൽ പലസ്തീൻ തടവുകാരെ മോചിപ്പിക്കുകയും ചെയ്തു. വെടിനിർത്തലിന് ശേഷം യുദ്ധം പുനരാരംഭിക്കുകയും ഇസ്രായേൽ സൈന്യം ഖാൻ യൂനിസ് പോലുള്ള പ്രധാന നഗരങ്ങളിലേക്ക് ശ്രദ്ധ കേന്ദ്രീകരിക്കുകയും ചെയ്തു. ഗാസയിലെ ജനസംഖ്യയുടെ ഭൂരിഭാഗവും അഭയം തേടി റഫയിലേക്ക് പലായനം ചെയ്തതോടെ അവിടെ ജനസാന്ദ്രത അനിയന്ത്രിതമായി വർദ്ധിച്ചു. ഭക്ഷണത്തിന്റെയും വെള്ളത്തിന്റെയും മരുന്നുകളുടെയും കടുത്ത ക്ഷാമം കാരണം ഗാസയിൽ പട്ടിണി മരണങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടു. മരണനിരക്ക് വർദ്ധിച്ചതോടെ ഇസ്രായേലിനുമേൽ അന്താരാഷ്ട്ര തലത്തിൽ ശക്തമായ സമ്മർദ്ദം ഉയർന്നു. ഐക്യരാഷ്ട്രസഭയിലും അന്താരാഷ്ട്ര നീതിന്യായ കോടതിയിലും ഇസ്രായേലിനെതിരെ കേസുകൾ വന്നു. അന്താരാഷ്ട്ര മുന്നറിയിപ്പുകൾ അവഗണിച്ച്, 2024 മെയ് മാസത്തിൽ ഇസ്രായേൽ സൈന്യം റഫാ ക്രോസിംഗിന്റെ നിയന്ത്രണം ഏറ്റെടുക്കുകയും റഫായിൽ ആക്രമണം തുടങ്ങുകയും ചെയ്തു. ഇത് മാനുഷിക സഹായം തടസ്സപ്പെടുത്തുകയും കൂടുതൽ കൂട്ടപ്പലായനത്തിന് കാരണമാവുകയും ചെയ്തു. രണ്ട് വർഷം പിന്നിടുമ്പോൾ, ഗാസ മുനമ്പിന്റെ 75 ശതമാനം പ്രദേശവും തകർന്നു. പതിനായിരക്കണക്കിന് പലസ്തീനികൾ കൊല്ലപ്പെടുകയും ഒന്നര ലക്ഷത്തിലധികം പേർക്ക് പരിക്കേൽക്കുകയും ചെയ്തു. ഹമാസിനെ പൂർണ്ണമായും നശിപ്പിക്കുക എന്ന ലക്ഷ്യത്തിൽ ഇസ്രയേൽ പരാജയപ്പെട്ടു. നിലവിലെ യുദ്ധം അവസാനിപ്പിക്കാനായി മുൻ യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് അടുത്തിടെ 20 ഇന സമാധാന പദ്ധതി മുന്നോട്ട് വെച്ചിരുന്നു. ഇസ്രായേൽ സൈന്യത്തിന്റെ പിൻമാറ്റത്തിലൂടെ യുദ്ധം അവസാനിപ്പിക്കുക. ഇസ്രായേൽ കരാർ അംഗീകരിച്ച് 72 മണിക്കൂറിനുള്ളിൽ എല്ലാ ബന്ദികളെയും മോചിപ്പിക്കണം. ഗാസയുടെ പുനർവികസനം നടത്തുക. സമാധാനപരമായ ഭാവിയ്ക്ക് ഹമാസ് അംഗങ്ങൾക്ക് പൊതുമാപ്പ് നൽകും, അവർക്ക് ഗാസ വിട്ടുപോകാൻ സൗകര്യമൊരുക്കും. സഹായവിതരണവും സുരക്ഷയും അന്താരാഷ്ട്ര സുരക്ഷാ സേനയുടെ (**ISF**) നിയന്ത്രണത്തിലായിരിക്കും. ഇവയാണ് ട്രംപ് മുന്നോട്ടുവച്ച കരാറിന്റെ സംക്ഷിപ്തം. ട്രംപിന്റെ 20 ഇന പദ്ധതി, ഗാസ യുദ്ധത്തിന് അടിയന്തിരമായി ഒരു താൽക്കാലിക വിരാമം നൽകാനും ബന്ദികളുടെ മോചനം ഉറപ്പാക്കാനും സാധ്യതയുണ്ട്. എന്നിരുന്നാലും, ഹമാസിനെ പൂർണ്ണമായി പുറത്താക്കുകയും, പലസ്തീൻ പ്രശ്നത്തിന്റെ രാഷ്ട്രീയപരമായ പരിഹാരം കണ്ടെത്തുകയും ചെയ്യാത്തപക്ഷം, ഈ പദ്ധതിക്ക് ഗാസയ്ക്ക് ശാശ്വതമായ സമാധാനം നൽകാൻ കഴിയില്ല. മേഖലയിലെ സമാധാനം ഇരുപക്ഷത്തിന്റെയും വിട്ടുവീഴ്ചാ മനോഭാവത്തെയും അന്താരാഷ്ട്ര സമൂഹത്തിന്റെ ശക്തമായ ഇടപെടലിനെയും ആശ്രയിച്ചിരിക്കും. ഗാസയുടെ യുദ്ധാനന്തര ഭരണം, പുനർനിർമ്മാണം, ശേഷിക്കുന്ന ബന്ദികളുടെ മോചനം തുടങ്ങിയ കാര്യങ്ങളിൽ ഇസ്രായേൽ സർക്കാരിനുള്ളിൽ പോലും അഭിപ്രായവ്യത്യാസങ്ങൾ നിലനിൽക്കുന്നു. നിലവിലെ സ്ഥിതി അനുസരിച്ച്, സംഘർഷം ഇപ്പോഴും തുടരുകയാണ്. പതിറ്റാണ്ടുകൾ പഴക്കമുള്ള ഇസ്രായേൽ-പലസ്തീൻ പ്രശ്നത്തിന് രാഷ്ട്രീയ പരിഹാരം കാണാതെ ഗാസയിൽ ശാശ്വത സമാധാനം ഉണ്ടാകാനുള്ള സാധ്യത കുറവാണ്. മൂന്ന് വർഷം പിന്നിടുമ്പോൾ, ഗാസ മുനമ്പിന്റെ ഭൂരിഭാഗം കെട്ടിടങ്ങളും തകർന്നു, അടിസ്ഥാന സൗകര്യങ്ങൾ പൂർണ്ണമായും നശിച്ചു. ആയിരക്കണക്കിന് പലസ്തീനികൾ കൊല്ലപ്പെട്ടു. ഹമാസ് ഇപ്പോഴും പൂർണ്ണമായി നശിപ്പിക്കപ്പെട്ടിട്ടില്ല. ബന്ദികളുടെ കൈമാറ്റവും ഗാസയുടെ യുദ്ധാനന്തര ഭാവിയും ഇപ്പോഴും വലിയ ചോദ്യചിഹ്നമായി തുടരുകയാണ്.

RNI No: KERMAL2018/76732. Printed, Published & Owned by K.K. Rajendran and printed at Oruma Printers & Publishers Ltd, Sree Sankara Industrial Estate, Chiyyaram P.O, Thrissur- 680026 Kerala, and published at Kayceekeyar Print and Visual Media Pvt. Ltd., Rohini Plaza, Masjid Road, Kokkalai, Thrissur - 680021,Kerala. Editor: K.K. Rajendran, Executive Editor: K. R. Krishna Kumar,News Editor : T . K Chithra (Responsible for selection of news under PRB Act 1867). Phone: 0484-4865460. E-mail: centraldesknews@gmail.com Online & Epaper: www.keralapranamam.com